ഏകീകൃത പൊതുസർവീസ് രൂപീകരണം – പ്രക്രിയാവിവരണരേഖ

വോള്യം 02

LOCAL GOVERNMENT COMMISSION
Swaraj Bhavan
Nanthancode
Thiruvananthapuram - 695003
Phone : 0471 2721627

Printed & Published by
KERALA INSTITUTE OF LOCAL ADMINISTRATION (KILA)
Mulakunnathukavu P O, Thrissur - 680581, Kerala, INDIA
Email: info@kila.ac.in
Website : https://www.kila.ac.in/

9 788195 497713

ഏകീകൃത പൊതുസർവീസ് രൂപീകരണം : പ്രക്രിയാ വിവരണരേഖ – വോള്യം 02

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
കേരളസർക്കാർ
2022

തദ്ദേശസ്വയംഭരണ വകുപ്പ്

ഏകീകൃത പൊതുസർവീസ് രൂപീകരണം

പ്രക്രിയാ വിവരണരേഖ

(PROCESS DOCUMENTATION REPORT)

വോള്യം 02

ഏകീകൃത പൊതുസർവീസ് രൂപീകരണം – പ്രക്രിയാവിവരണരേഖ
(Process Documentation Report)
Volume - 02
April 2022

Local Government Commission
Government of Kerala

ISBN 978-81-954977-1-3

Printed at
Gramalakshmi Mudralayam

Cover design
Zainul Abid

Prepress
Creative Crew Digital Solutions

KERALA INSTITUTE OF LOCAL ADMINISTRATION (KILA)
Mulamkunnathukavu, Thrissur - 680 581.
Kerala, INDIA
Ph: 0487-2207000 (Off.), 0487-2201312 (Director), 2201062 (Fax)
Email: info@kila.ac.in
Website : https://www.kila.ac.in/

തദ്ദേശസ്വയംഭരണ വകുപ്പ്

ഏകീകൃത പൊതുസർവീസ് രൂപീകരണം

പ്രക്രിയ വിവരണരേഖ
(Process Documentation Report)

തദ്ദേശ
സ്വയംഭരണ
പൊതു
സർവീസ്

വോള്യം 2

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
കേരളസർക്കാർ
2022

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ

ഡോ. സി പി വിനോദ്
(ചെയർമാൻ)

ശ്രീമതി. ശാരദാ മുരളീധരൻ ഐ എ എസ്
(മെമ്പർ സെക്രട്ടറി)

ഡോ. എൻ രമാകാന്തൻ
(മെമ്പർ - 26.10.2021 വരെ)

കൺസൾട്ടന്റ്സ് :

ശ്രീ. എം വിജയകുമാരൻ നായർ

ശ്രീ. കെ ദേവരാജൻ

ശ്രീ. കെ ടി ജോർജ്

ശ്രീ. എൻ കേശവൻ നമ്പൂതിരി (28.07.2019 വരെ)

ശ്രീ. ജോൺസിംഗ് ജയിംസ് (18.04.2018 വരെ)

ഉള്ളടക്കം

അനുബന്ധം (ഭാഗം 2)

അനുബന്ധം I

വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട ചോദ്യോത്തരങ്ങൾ

1.1	ആമുഖം	3
2.1	പതിവായി അന്വേഷിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും	3

അനുബന്ധം II

വകുപ്പിലെ നിലവിലുള്ള സ്പെഷൽ റൂളുകളുടെ പകർപ്പുകൾ

2.1	പഞ്ചായത്ത് സർവ്വീസ് സ്പെഷ്യൽ റൂൾസ് - 2006	31
2.2	കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്-1994.	35
2.3	കേരള മുനിസിപ്പൽ കോമൺ സർവ്വീസ് (എഞ്ചിനിയറിംഗ് ആന്റ് ടൗൺ പ്ലാനിംഗ്) സർവ്വീസ് സ്പെഷ്യൽ റൂൾ-2001	49
2.4	കേരള മുനിസിപ്പൽ കോമൺ സർവ്വീസ് (മിനിസ്റ്റീരിയൽ ആന്റ് റവന്യൂ ബ്രാഞ്ച്) ക്വാളിഫിക്കേഷൻസ് ആന്റ് മെത്തേഡ് ഓഫ് അപ്പോയ്ൻമെന്റ് റൂൾസ് -2001.	61
2.5	കേരള സ്റ്റേറ്റ് അർബൻ അഫയേഴ്സ് സ്പെഷ്യൽ റൂൾസ്-2010	66
2.6	കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് സർവ്വീസ് റൂൾസ്-2001	69
2.7	കേരള ടൗൺ ആന്റ് കൺട്രിപ്ലാനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് -2000	81
2.8	കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് - 2011.	86
2.9	കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസിന്റെ ഭാഗമായ റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിലെ തസ്തികകൾക്കുള്ള (ഭേദഗതി) സ്പെഷ്യൽ റൂൾസ് - 2008	92
2.10	കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ സ്റ്റേറ്റും സബോർഡിനേറ്റും സർവ്വീസുകൾക്കുള്ള സ്പെഷ്യൽ റൂൾ - 2010.	103
2.11	എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസ് റൂൾ	113

2.12 കേരള മുൻസിപ്പൽ കോമൺ സർവീസ് പൊതുജനാരോഗ്യവിഭാഗം സ്പെഷ്യൽ റൂൾസ് – 1972 124

അനുബന്ധം III
ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ

3.1 സ്റ്റേറ്റ് സർവീസ് വിശേഷാൽചട്ടം 131
3.2 സബോർഡിനേറ്റ് സർവീസ് വിശേഷാൽചട്ടം 179

അനുബന്ധം IV
കമ്മീഷനും പ്രിൻസിപ്പൽ ഡയറക്ടറും ചേർന്ന് പരിഷ്കരിച്ച കരട് വിശേഷാൽ ചട്ടങ്ങൾ*

4.1 സ്റ്റേറ്റ് സർവീസ് വിശേഷാൽചട്ടം 233
4.2 സബോർഡിനേറ്റ് സർവീസ് വിശേഷാൽചട്ടം 283

അനുബന്ധം V
ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിനുള്ള രൂപരേഖ

5.0 രൂപരേഖ 349

* സർവീസ് സംഘടനകളുമായി 2018 നവംബർ 8, 9 തീയതികളിൽ തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന ചർച്ചയ്ക്ക് നൽകിയത്.

അനുബന്ധം I

വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട ചോദ്യോത്തരങ്ങൾ

1.1 ആമുഖം

കഴിഞ്ഞ നാലുവർഷത്തോളമായി നടന്നുവന്നിരുന്ന അതിസങ്കീർണമായ പ്രക്രിയയുടെ ഒടുവിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിയമപരമായി നിലവിൽ വരുന്നു. ഇതിനായി സ്റ്റേറ്റ്, സബോർഡിനേറ്റ് വിശേഷാൽ ചട്ടങ്ങൾ അന്തിമപ്പെടുത്തിയിരിക്കുന്നു. അഞ്ചു വകുപ്പുകളിലുള്ള മുപ്പത്തിരണ്ടായിരത്തോളം വരുന്ന ജീവനക്കാരെ ഏകീകരിച്ചു തദ്ദേശ സ്വയംഭരണ സർവീസ് രൂപപ്പെടുത്തുന്ന ഈ പ്രവർത്തനം സമാനതകളില്ലാത്തതാണ്. നീണ്ടു നിന്ന ഏകീകരണ പ്രക്രിയയെയും ഇതിലുൾപ്പെട്ട ഓരോ വകുപ്പിനെയും ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ നിർദേശങ്ങളെയും പറ്റി ഒട്ടേറെ സംശയങ്ങളും ചോദ്യങ്ങളും ചർച്ചകളും പലപ്പോഴായി പല കോണുകളിൽനിന്നും ഉയർന്നുവന്നിരുന്നു. ഇത്തരം ചോദ്യങ്ങളും സംശയങ്ങളും ഉയർന്നു വന്നിരുന്ന അവസരങ്ങളിലെല്ലാം ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഇതു സംബന്ധിച്ച വ്യക്തത സ്വയമേവവരുത്താൻ ശ്രമിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പ് ഒരു യാഥാർത്ഥ്യമാകുന്ന ഈ അവസരത്തിൽ തുടർന്നും ഉയർന്നു വരാനിടയുള്ള ചോദ്യങ്ങൾക്കും സംശയങ്ങൾക്കും കമ്മീഷന്റെ പരിധിയിൽ നിന്നുകൊണ്ട് ആശയവ്യക്തതവരുത്തുന്നതിനുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ആവശ്യമായി വരുന്ന പക്ഷം തദ്ദേശസ്വയംഭരണ വകുപ്പിന് പ്രസിദ്ധീകരിക്കുന്നതിനായി ചോദ്യോത്തരങ്ങളുടെ ഈ സംക്ഷിപ്ത ലഘുലേഖ സർക്കാരിലേക്ക് സമർപ്പിക്കുന്നു.

1.2 പതിവായി അന്വേഷിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും

1. എന്തിനാണ് തദ്ദേശസ്വയംഭരണ സർവ്വീസ് ഏകീകരണം?

ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി മുപ്പതിനായിരത്തി ലധികം ജീവനക്കാർ നിലവിലുണ്ട്. പ്രാദേശിക വികസന കാര്യങ്ങളിലും ആസൂത്രണത്തിലും ദുരന്തനിവാരണം, മാലിന്യ സംസ്കരണം തുടങ്ങിയ കാര്യങ്ങളിലും യോജിച്ചു പ്രവർത്തിക്കേണ്ട ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിലവിൽ വ്യത്യസ്ത വകുപ്പുകളിലായി പരസ്പരബന്ധമില്ലാതെ ഇരിക്കുകയാണ്. ഏകീകരണം ഇതവസാനിപ്പിക്കുന്നതിനാണ്. ജീവനക്കാർ പൊതുസർവീസിന്റെ ഭാഗമാകുന്നതോടെ ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമിടയിൽ ഉണ്ടാവേണ്ട സഹകരണം സ്വാഭാവികമായും ഉണ്ടാകും.

2. ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഏകീകരണം?

ഏകീകൃത തദ്ദേശസ്വയംഭരണ കാഡറിനെക്കുറിച്ച് സംസ്ഥാനത്തെ ഒന്നാം ഭരണപരിഷ്ക്കാരകമ്മീഷനും സെൻ കമ്മിറ്റിയും മണിശങ്കർ അയ്യർ കമ്മീഷനും

കൂടാതെ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം 2014-ൽ നടത്തിയ പഠന റിപ്പോർട്ടും വ്യത്യസ്ത രൂപത്തിൽ പറയുന്നുണ്ട്. ഓരോ ജില്ലയ്ക്കോ സംസ്ഥാനത്തിന് മൊത്തമായോ പൊതു സർവ്വീസ് രൂപീകരിക്കാം എന്ന് കേരള പഞ്ചായത്ത് രാജ് നിയമവും അനുശാസിക്കുന്നുണ്ട്. അതിനാൽ വകുപ്പ് ഏകീകരിക്കുന്നതിനുള്ള സർക്കാരിന്റെ തീരുമാനത്തിന് പ്രത്യേക പഠനം ആവശ്യമില്ല. എന്നാൽ ഇപ്പോൾ അന്തിമപ്പെടുത്തിയ സ്റ്റേറ്റ്, സബോർഡിനേറ്റ് ചട്ടങ്ങൾ രൂപപ്പെടുത്തിയത് വളരെ നീണ്ട ചർച്ചകൾക്കും ആഴത്തിലുള്ള പഠന വിശകലനങ്ങൾക്കും ശേഷമാണ്.

3. ഏകീകരണവുമായി ബന്ധപ്പെട്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

സർക്കാർ ഉത്തരവ് അനുസരിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷന് അഞ്ചു വകുപ്പുകളുടെ ഏകീകരണത്തിനാവശ്യമായ കരടു സ്പെഷൽ റൂളുകൾ തയ്യാറാക്കാനുള്ള ചുമതലയാണ് ലഭിച്ചത്. പ്രസ്തുത ജോലി കമ്മീഷൻ പൂർത്തിയാക്കുകയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു. കരട് ചട്ടങ്ങൾ തുറന്ന ചർച്ചക്കായി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീരിക്കുകയും തുടർന്ന് ലഭ്യമായ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ കമ്മീഷനുമായി ചേർന്ന് പരിഷ്കരിച്ചശേഷം സംഘടനകളുമായുള്ള ചർച്ചയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കുകയും ചെയ്തു. ഉയർന്നു വന്ന വിവിധ നിർദ്ദേശങ്ങൾ പഠിക്കുന്നത്തിന് തദ്ദേശ വകുപ്പ് സെക്രട്ടറി അധ്യക്ഷയായി രൂപീകരിച്ച കമ്മിറ്റിയുടെ ഭാഗമായും കമ്മീഷൻ പ്രവർത്തിച്ചു. കൂടാതെ ചുമതലകളുടെ അടിസ്ഥാനത്തിൽ വകുപ്പ് പുനഃസംഘടന സാധ്യമാക്കുന്നതിനാവശ്യമായ മാന്വൽ തയ്യാറാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചു. കരട് ചട്ടങ്ങളുടെ രൂപീകരണത്തിനാസ്പദമായ ചർച്ചകളുടെയും പഠനങ്ങളുടെയും ഒരു പ്രക്രിയാ ചിത്രണ റിപ്പോർട്ടാണ് (Documentation report) കമ്മീഷൻ തയ്യാറാക്കിയിട്ടുള്ളത്.

4. ഏകീകരണം കൊണ്ട് ജനങ്ങൾക്ക് എന്താണ് പ്രയോജനം?

വകുപ്പുകളുടെ ഏകീകരണം വ്യക്തിഗത ആനുകൂല്യം നൽകുന്ന സ്കീമോ ഉടനടിയുള്ള ആവശ്യം നിറവേറ്റുന്ന പ്രോജക്റ്റോ അല്ല. ഭരണസംവിധാനത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് കാലോചിതമായ പരിഷ്കാരങ്ങൾ എപ്പോഴും ആവശ്യമാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള ഗുണഫലങ്ങൾ ഇത് സൃഷ്ടിക്കും. വ്യവസ്ഥാപിതമായ പരിഷ്കരണങ്ങൾ കാലോചിതമായി നടത്തുന്നതിനാണ് ഭരണ പരിഷ്ക്കാരകമ്മീഷനുകൾ ബ്രീട്ടിഷ് കാലം മുതലേ നിലവിലുണ്ടായിരുന്നത്. അധികാര വികേന്ദ്രീകരണം നടപ്പാക്കിയതോടെ സംസ്ഥാന സർക്കാർ കൈകാര്യം ചെയ്ത പല വിഷയങ്ങളും തദ്ദേശസ്ഥപനങ്ങൾക്ക് ആവശ്യമായ ധനം ലഭ്യമാക്കികൊണ്ട് വിട്ടുകൊടുത്തു. ത്രിതല പഞ്ചായത്തുകൾ അടങ്ങുന്ന പഞ്ചായത്തിരാജ് സംവിധാനവും മുനിസിപ്പൽ ഭരണ സംവിധാനവും ഇത്തരത്തിൽ കൂടുതൽ അധികാരങ്ങളോടെ നിലവിൽ വന്നു. നഗര-ഗ്രാമ തദ്ദേശ ഭരണ സംവിധാനങ്ങളെ പദ്ധതി രൂപീകരണ പ്രവർത്തങ്ങളുടെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർത്തു പ്രവർത്തിക്കുന്നതിന് ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതി നിലവിൽ വന്നു. എന്നാൽ ഇതിന് ശേഷവും

അധികാര വികേന്ദ്രീകരണത്തിന് മുൻപേയുള്ള പഴയ വകുപ്പുകൾ പഞ്ചായത്തിരാജ് സംവിധാനത്തിന്റെ ചുമതലാപരമായ ഏകീകൃത സ്വഭാവത്തിന് വിരുദ്ധമായി വെള്ളം കടക്കാത്ത അറകളായി പഴയത് പോലെ നിലനിന്നു വന്നു. ഏകീകരണത്തിനുള്ള ശ്രമങ്ങൾ 2008 മുതൽ നടത്തിവന്നെങ്കിലും സർക്കാർ മാറി വരുന്നതോടെ നടപ്പാകാതെ പോവുകയാണ് ഉണ്ടായത്. നിലവിലുള്ള സംവിധാനം അതേപോലെ തുടരണം എന്ന വാദം പലപ്പോഴും ഉയർത്തുന്നത് സങ്കുചിതമായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ അല്ലെങ്കിൽ മാറ്റത്തിനോടുള്ള ഭയം കൊണ്ടോ ആണ്. ഇത്തരം മാറ്റങ്ങളോട് മുഖംതിരിച്ചു നില്ക്കുന്നവർ സാധാരണ ഉയർത്താറുള്ള തടസ്സവാദം മാത്രമാണ് ജനങ്ങൾക്ക് എന്താണ് പ്രയോജനം എന്ന ചോദ്യം. ജനങ്ങളോടുള്ള താല്പര്യമല്ല ചോദ്യത്തിന്റെ കാരണമെന്ന് വ്യക്തം.

5. ഓരോ വകുപ്പിലും സമാധാനപരമായി കഴിയുന്ന ജീവനക്കാരെ ദ്രോഹിക്കുന്ന തിനല്ലേ ഏകീകരണം കാരണമാവുന്നത് ?

തീർത്തും തെറ്റായ ധാരണയാണിത്. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ആദ്യ കരടിൽ മുന്നോട്ട് വെച്ച റേഷ്യോ പ്രമോഷൻ ഏകീകരണം ദ്രുതഗതിയിൽ നടത്തുന്നതിന് സഹായകരമായ നിർദ്ദേശമായിരുന്നു. എന്നാൽ അനുപാതം സംബന്ധിച്ച് ചെറിയ സംശയങ്ങൾ ജീവനക്കാർക്കിടയിൽ നിയമപരമായി വലിയ തർക്കങ്ങൾ ഉണ്ടാക്കുമെ ന്ന് സംഘടനകൾ തുടർചർച്ചകളിൽ അഭിപ്രായപ്പെട്ടു. ഈ കാര്യം പരിഗണിച്ചാണ് നിലവിലുള്ള എല്ലാ ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ അതുപോലെ സംരക്ഷിച്ചുകൊണ്ട് ചട്ടങ്ങൾ അന്തിമപ്പെടുത്താൻ സർക്കാർ ഉത്തരവിറക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള എല്ലാ ജീവനക്കാരെയും പിരിയുന്നതുവരെ യുള്ള അവരുടെ മുഴുവൻ പ്രമോഷനുകളും നിയമപരമായി സംരക്ഷിച്ചുകൊണ്ടാണ് ഇപ്പോൾ ചട്ടങ്ങൾ അന്തിമപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഏതെങ്കിലും തരത്തിൽ വ്യക്തിപരമായ പ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ ഇതു പരിഹരിക്കുന്നതിന് സമയബന്ധിതമായ ഒരു പരാതി പരിഹാര സംവിധാനവും ചട്ടങ്ങളിൽ ഉൾപ്പെടുത്തി യിരിക്കുന്നു.

6. എന്തിനാണ് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നത്? എന്താണ് ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ?

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത വകുപ്പ് നിലവിൽ വരുന്നതോടെ ഇത് സാധ്യമാവുന്നു. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് അത്യന്താപേക്ഷിതമാണ്. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് അനിവാര്യമാണ്. ഇത്തരം ഏകോപനം തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ മാത്രമേ സാധ്യ മാകുകയുള്ളൂ. പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസന ഭരണത്തിലും സംസ്ഥാന

സർക്കാരിന്റെ പൊതുകാഴ്ചപ്പാട് അനുസരിച്ച് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് പൊതുസർവ്വീസ് രൂപീകരണത്തിലൂടെ നയപരമായ നേതൃത്വം നൽകാൻ സംസ്ഥാന സർക്കാരിന് കഴിയും. അതുവഴി ആസൂത്രണ പ്രക്രിയമാത്രമല്ല വിവിധ സേവന പ്രദാന പ്രവർത്തനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട നിയമപരവും അനിവാര്യവുമായ ഉത്തരവാദിത്വങ്ങളും ഏകീകൃത സ്വഭാവത്തോടെയും നിശ്ചിത നിലവാരത്തിലുള്ള പ്രവർത്തനമികവോടും കൂടി നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സംസ്ഥാന സർക്കാരിന് കഴിയും. മാത്രവുമല്ല, തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായും പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും ഇതുവഴി കഴിയും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തോടെ സംസ്ഥാനതലത്തിൽ പൊതുവായ ഒരു വകുപ്പ് അദ്ധ്യക്ഷനും ജില്ലാതലത്തിൽ ഒരു മേധാവിയും നിലവിൽ വരുന്നതാണ്. ഇതോടെ ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പരപൂരകത്വം ഉറപ്പാക്കുന്നതിനും കഴിയും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതോടെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനിയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കാൻ കഴിയും. ഇത്തരം സാങ്കേതിക വിഭാഗം ജീവനക്കാരുടെ ജനാധിപത്യപരമായ കടപ്പാടും ഉത്തരവാദിത്വവും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകൾക്ക് ഉറപ്പാക്കാൻ കഴിയുകയും ചെയ്യും. നിലവിൽ വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും ഭരണപരമായ മേൽനോട്ടം തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾക്കാണ്. ഉദാഹരണമായി ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ പഞ്ചായത്ത് വകുപ്പിന്റെയും ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ ഗ്രാമ വികസന വകുപ്പിന്റെയും കീഴിലാണ് പ്രവർത്തിക്കുന്നത്. ഇത്തരം സാഹചര്യങ്ങൾ പൊതുവായ ഭരണതല ഏകോപനവും മേൽനോട്ടവും അസാദ്ധ്യമാക്കുന്നുണ്ട്. അതുപോലെ തന്നെ വിവിധ തട്ടുകളിലെ എഞ്ചിനിയർമാരുടെ ഭരണപരമായ നിയന്ത്രണവും മേൽനോട്ടവും ചീഫ് എഞ്ചനീയർക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അത്യന്താപേക്ഷിതമായും ഉണ്ടാകേണ്ട ഏകോപനമില്ലായ്മയുടെ ഭാഗമായി അധികാരവികേന്ദ്രീകരണം പലപ്രദമായി മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലനില്ക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണം ഇത്തരം ഏകോപനമില്ലായ്മയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായകമാണ്.

7. വകുപ്പും സർവ്വീസും തമ്മിലുള്ള വ്യത്യാസം എന്ത് ?

ഒരു വകുപ്പുമേധാവിയുടെ കീഴിലുള്ള ഭരണ സംവിധാനത്തെ വകുപ്പ് എന്നുപറയുന്നു. ഓരോ വകുപ്പിലും ജോലി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിക്കൽ, യോഗ്യത, നിയമനരീതി, സേവന നിബന്ധനകൾ എന്നിവയെ

സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകളെ സർവ്വീസ് ചട്ടങ്ങൾ എന്നു വിളിക്കുന്നു. സർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള കേരള സർവ്വീസ് ചട്ടങ്ങൾ, കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ, കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ എന്നിവയാണ് സർവ്വീസ് കാര്യങ്ങളെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട ചട്ടങ്ങൾ. കൂടാതെ ഒരു വകുപ്പിലൂടെ പൊതുവായി ജന ങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങളെയും സർവ്വീസ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നു.

8. 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19), സ്പെഷ്യൽ റൂളുകൾ എന്നിവ എന്താണ്?

ഭാരതത്തിന്റെ ഭരണഘടനയുടെ 309-mw അനുച്ഛേദത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം, സംസ്ഥാനത്തിന്റെ കാര്യങ്ങൾ സംബന്ധിച്ചുള്ള പൊതുസേവനങ്ങളിലേക്കും തസ്തികളിലേക്കും ആളുകളുടെ നിയമനവും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തു വാനായി സംസ്ഥാന നിയമസഭ പാസ്സാക്കിയ 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968- ലെ 19-mw ആക്റ്റ്) 1968 സെപ്റ്റംബർ 12-mw തീയതിയിലെ 223-mw നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിലെ 2-mw വകുപ്പ് പ്രകാരം കേരള സംസ്ഥാനത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട പൊതുസേവനങ്ങ ളിലും തസ്തികകളിലും ആളുകളുടെ നിയമനവും സേവനവ്യവസ്ഥകളും ക്രമപ്പെടുത്തുന്ന തിനായി ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം സർക്കാരിനു നൽകുന്നു. നിലവിലുള്ള ചട്ടങ്ങളുടെ തുടർച്ച സംബന്ധിച്ച വ്യവസ്ഥ ഉൾക്കൊള്ളുന്ന അതിന്റെ 3-mw വകുപ്പിൽ, ഭരണഘടനയുടെ 309-mw അനുച്ഛേദത്തിന്റെ ക്ലിപ്തനിബന്ധനപ്രകാരം മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഉണ്ടാക്കിയിട്ടുള്ളതും ആക്റ്റ് പ്രാബല്യത്തിൽ വന്നതിന് തൊട്ടു മുൻപ് വരെ പ്രാബല്യത്തിലുണ്ടായിരുന്നതും ആയ എല്ലാ ചട്ടങ്ങളും അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കിയ തീയതിയിൽ, ആക്റ്റ് പ്രാബല്യത്തിലുണ്ടായിരുന്നെന്നപോ ലെ അതിൻപ്രകാരം ഉണ്ടാക്കിയതായും, ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾ പ്രകാരം അവ അതിലംഘിക്കപ്പെടുന്നതുവരെയും, അതിലംഘിക്കപ് പെട്ടിട്ടില്ലെങ്കിലും, പ്രാബല്യത്തിൽ തുടരേണ്ടതും ആണെന്നു വ്യവസ്ഥചെയ്യുന്നു. മേൽപ്പറഞ്ഞ നിയമവ്യവസ്ഥ പ്രകാരം, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു തൊട്ടുമുൻപ് വരെ ഭരണഘടനയുടെ 309-mw അനുച്ഛേദത്തിലെ ക്ലിപ്തനിബന്ധനപ്രകാരം കേരള ഗവർണ്ണർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളും പ്രസ്തുത ആക്റ്റ് പ്രകാരം പുറപ്പെടുവിച്ചതായി കണക്കാക്കപ്പെടുകയും, അതിനുശേഷം പ്രസ്തുത ആക്റ്റിൻ കീഴിൽ പബ്ലിക് സർവ്വീസുകളിലെ നിയമനവും സേവനവ്യവസ്ഥകളും നിയന്ത്രിക്കാൻ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ആണ് ചെയ്യുന്നത്, അതിനാൽത്തന്നെ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ പ്രസ്തുത ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച ഒരു ചട്ടമായി കണക്കാക്കപ്പെടുന്നു. പ്രസ്തുത ചട്ടങ്ങളിലെ പാർട്ട്-I നിർവചനങ്ങളും, പാർട്ട്-II, എല്ലാ സ്റ്റേറ്റ് സർവ്വീസുകൾക്കും സബോർഡിനേറ്റ് സർവ്വീസുകൾക്കും അങ്ങനെയുള്ള ഏതൊരു സർവ്വീസിലെയും സ്ഥിരമായതോ താൽക്കാലികമായതോ ആയ എല്ലാ തസ്തികകൾ വഹിക്കുന്നവർക്കും

ബാധകമായ പൊതുവായ ചട്ടങ്ങളും ആകുന്നു. അതിലെ പാർട്ട് III-ൽ ഉള്ള ഓരോ സർവ്വീസിനോ സർവ്വീസ് വിഭാഗത്തിനോ ബാധകമായ പ്രത്യേക ചട്ടങ്ങളെയാണ് സ്പെഷ്യൽ റൂൾസ് എന്ന പേരിൽ പൊതുവായി അറിയപ്പെടുന്നത്. സംസ്ഥാന സർക്കാരിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട പൊതു സേവനങ്ങൾക്കും തസ്തികകൾക്കും 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് മാത്രമേ സ്പെഷ്യൽ റൂൾസ് എന്ന പേരിടാൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ നിയന്ത്രണത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ കമ്പനികൾ, കോർപ്പറേഷനുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ക്ഷേമനിധി സബോർഡുകൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വേണ്ടി അവയുമായി ബന്ധപ്പെട്ട ആക്റ്റുകൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഉണ്ടാക്കുന്ന ജീവനക്കാരുടെ തരംതിരിവ്, നിയമന രീതി, യോഗ്യത, വേതനം, സേവനനിബന്ധനകൾ, അച്ചടക്കം തുടങ്ങിയവ സംബന്ധിച്ച ചട്ടങ്ങൾ അതിനാൽത്തന്നെ മേൽപ്രകാരമുള്ള സ്പെഷ്യൽ റൂളിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. അവയെ അവയുടെ സർവ്വീസ് റൂൾസ്/റിക്രൂട്ട്മെന്റ് റൂൾസ് എന്നാണറിയപ്പെടുന്നത്.

9. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ വിവിധ വകുപ്പുകൾ ഏകീകരിക്കുന്നത് ഭരണഘടനാ വ്യവസ്ഥയ്ക്ക് വിരുദ്ധമല്ലേ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ വകു പ്പുക ളിലെ ജീവനക്കാരുടെ സർവ്വീസ് ഏകീകരിക്കുന്നത് ഭരണഘടനാ വിരുദ്ധമല്ല. 1992-ലെ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളിലൂടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഉന്നമനവും സാമൂ ഹികനീതിയും സാധ്യമാകത്തക്കവിധം പദ്ധതികളും പരിപാടികളും രൂപീകരിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന നിയമങ്ങൾ പ്രകാരം അധികാരകൈമാറ്റവും അധികാര വികേന്ദ്രീകരണവും ഉറപ്പാക്കുന്നതിനായി, ഭരണഘടനയിൽ 11-ഉം 12-ഉം പട്ടികകൾ ചേർക്കുകയുണ്ടായി. ഇതിന് സംസ്ഥാന നിയമസഭകൾക്ക് അധികാരം നൽകാനായി ഭരണഘടനയിൽ അനുഛേദം 243 ജിയും അനുഛേദം 243 ഡബ്ല്യൂവും ഉൾപ്പെടുത്തി. തുടർന്ന് സംസ്ഥാന നിയമങ്ങൾ ഇതനുസരിച്ച് രൂപപ്പെടുത്തിയപ്പോൾ, സംസ്ഥാന സർക്കാർ കൈകാര്യംചെയ്തിരുന്ന പലവിഷയങ്ങളിലും പദ്ധതികളും പരിപാടികളും രൂപീകരിക്കാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും വ്യവസ്ഥകൾ ചേർക്കുകയും, പ്രസ്തുത പട്ടികകൾ അനുസരിച്ചുള്ള വിഷയങ്ങൾ വിപുലമാക്കുകയും ചെയ്തു. തുടർന്ന് പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്നതിന് ആവശ്യമായ മാനവശേഷി അതായത് ഉദ്യോഗസ്ഥരേയും ജീവനക്കാരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുവാൻ പഞ്ചായത്ത് രാജ് ആക്റ്റിലെ 179, 180, 181 വകുപ്പുകളിൽ വ്യവസ്ഥയും ഉൾപ്പെടുത്തി. അങ്ങനെയുള്ള സർക്കാർ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ബാധകമായിട്ടുള്ള സർവ്വീസ് ചട്ടങ്ങൾ 1968-ലെ കേരള പബ്ലിക് സർവ്വീസ് ആക്റ്റ് അനുസരിച്ച് സംസ്ഥാനം ഒട്ടാകെയോ ഓരോ ജില്ലയ്ക്കുവേണ്ടിയോ ഒരു പ്രത്യേക സർവ്വീസായും രൂപീകരിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുകയും ചെയ്തു. അപ്രകാരമുള്ള നിയമ വ്യവസ്ഥകൾ

അനുസരിച്ചാണ് ഏകീകൃത സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ടതും കൈവരിക്കേണ്ടതുമായ പരസ്പരപൂരകത്വം കൈവരിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും ഇതുവരെയും കഴിഞ്ഞിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഭരണപരമായ നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ വേർതിരിഞ്ഞ് നില്ക്കുന്നതുകൊണ്ടാണ് ഇത്തരത്തിൽ പരസ്പരപൂരകത്വം പ്രയോജനപ്പെടുത്താൻ കഴിയാതെപോയത്. ഫലപ്രദവും കാര്യക്ഷമവുമായ അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ഏകീകൃതവും നയപരമായതുമായ നേതൃത്വവും പിന്തുണയും ഉറപ്പാക്കേണ്ടതുണ്ട്. ഭാരതത്തിന്റെ ഭരണഘടനയുടെയും ഇതുമായി ബന്ധപ്പെട്ട സംസ്ഥാന നിയമങ്ങളുടെയും അന്തസത്തയ്ക്കനുസരിച്ച് കരുത്തുറ്റ പ്രാദേശിക ഭരണസ്ഥാപനങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുന്നതിന് സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം ആവശ്യമാണ്. ഈ ലക്ഷ്യത്തോടെയാണ് വകുപ്പുകളുടെ ഏകീകരണവും തദ്ദേശസ്വയംഭരണ വകുപ്പ് പൊതുസർവ്വീസ് രൂപീകരണവും നിർവഹിക്കുന്നത്. ആയതിനാൽ ഇത് തികച്ചും ഭരണഘടനാവിധേയവും നിയമവിധേയവും തന്നെയാണ്.

10. കേന്ദ്ര സർക്കാരിൽ നഗരവികസനം, പഞ്ചായത്ത് രാജ്, ഗ്രാമവികസനം എന്നിവ വിവിധ മന്ത്രാലയങ്ങളായാണല്ലോ പ്രവർത്തിക്കുന്നത്.അതുകൊണ്ട് തന്നെ കേരളത്തിൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ യുക്തി എന്താണ്?

കേന്ദ്രസർക്കാരിൽ വിവിധ മന്ത്രാലയങ്ങളും സംസ്ഥാനത്ത് വകുപ്പുകളുമാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാരിൽ ഗ്രാമകാര്യ ഭരണവുമായി ബന്ധപ്പെട്ട് രണ്ട് വ്യത്യസ്ത മന്ത്രാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാത്രവുമല്ല പഞ്ചായത്ത് രാജ് മന്ത്രാലയവും ഗ്രാമവികസന മന്ത്രാലയവും വ്യത്യസ്തങ്ങളായി നിലനില്ക്കുന്നതിന്റെ പ്രായോഗിക പ്രശ്നങ്ങൾ കേന്ദ്രതലത്തിൽ നേരിടുന്നുണ്ട്. അതുകൊണ്ട് തന്നെ ഒരു ഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് മന്ത്രാലയവും ഗ്രാമവികസന മന്ത്രാലയവും ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവരുന്നതിനും കേന്ദ്രസർക്കാർ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ പ്രാദേശിക ഗവൺമെന്റുകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഏറെക്കുറെ സമാനമാണ്. അനിവാര്യ ചുമതലകളുടേയും പൊതുചുമതലകളുടേയും കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും തമ്മിൽ കാര്യമായ വ്യത്യാസം നിലനില്ക്കുന്നില്ല. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ ചുമതലകളും ഉത്തര വാദിത്വങ്ങളും നടപടിക്രമങ്ങളും സമാനമാണ്. വ്യത്യസ്ത വികസന പ്രശ്നങ്ങളുടെ ലഘുഗുരുത്വത്തിൽ മാത്രമേ ഗ്രാമ-നഗര വ്യത്യാസം നിലനിൽകുന്നുള്ളൂ. കേരളത്തിന്റെ വികസനരംഗത്തെ സുപ്രധാനമായ സവിശേഷത അതിദ്രുതഗതിയിലുള്ള നഗരവൽക്കരണമാണ്. ഇതിന്റെ ഫലമായി നിരവധി ഗ്രാമപഞ്ചായത്തുകളെ നഗരസഭകളാക്കി ഉയർത്തേണ്ടിയും വരുന്നുണ്ട്. അതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുക എന്നത് അത്യാന്താപേക്ഷിതമാണ്.

11. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരുമ്പോൾ ഇപ്പോഴുള്ള തദ്ദേശസ്വയംഭരണ സംവിധാനം ശിഥിലീകരിക്കാനും ദുർബലപ്പെടാനും ഇടയാക്കില്ലേ?

നിലവിൽ വിവിധവകുപ്പുകളായി വേർതിരിഞ്ഞുകൊണ്ട് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും ഉയർന്ന പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതിന് കഴിയുന്ന വിധത്തിലുമുള്ള ഘടനയും സംവിധാനവുമാണ് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സൃഷ്ടിക്കുന്നത്. വ്യത്യസ്ത വകുപ്പുകളുമായി ബന്ധപ്പെട്ടു കൊണ്ട് ഏകോപനമില്ലാതെയും പരസ്പരബന്ധമില്ലാതെയും തീരുമാനങ്ങൾ എടുത്തു നടപ്പാക്കേണ്ട ഇപ്പോഴത്തെ സാഹചര്യത്തിൽ നിന്നും ഗുണപരമായി മാറ്റങ്ങൾ വരുത്തുന്നതിന് തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ കഴിയും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ മേധാവിയായി ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ സേവനം ലഭിക്കുന്നതോടെ അധികാര വികേന്ദ്രീകരണവുമായും പ്രാദേശികാസൂത്രണവുമായും വിഭവ സമാഹരണവുമായും ബന്ധപ്പെട്ട നയരൂപീകരണത്തിൽ സർക്കാരിനെ കൂടുതൽ ഫലപ്രദമായി സഹായിക്കുന്നതിന് ഏകീകൃത വകുപ്പിന് സാധിക്കുന്നതാണ്.

12. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം ഗ്രാമവികസനത്തിനും നഗര വികസനത്തിനുമുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് തടസ്സമാകില്ലേ ?

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം ലഭിക്കുന്നത് ഓരോ തലത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതും അവലോകനം ചെയ്യേണ്ടതും അവയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തേണ്ടതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വകുപ്പുതലത്തിൽ ചെയ്യേണ്ടത് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ (നഗര വികസനത്തിനും ഗ്രാമവികസനത്തിനും) ഫലപ്രദമായും കാര്യക്ഷമമായും അതോടൊപ്പം സംസ്ഥാനത്തിന് പ്രയോജനകരമാം വിധത്തിലും ആസൂത്രണം ചെയ്യുന്നതിനും, നടപ്പാക്കുന്നതിനും അവലോകനത്തിനുമാവശ്യമായ നേതൃത്വവും മേൽനോട്ടവുമാണ്. അതിനാവശ്യമായ ഏകോപിക സംവിധാനം തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന് കാര്യക്ഷമമായി രൂപകൽപന ചെയ്ത് പ്രാവർ ത്തികമാക്കാൻ കഴിയും. മാത്രവുമല്ല വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന പദ്ധതികളുമായും സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ചുകൊണ്ട് സമഗ്ര വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഏറെ സഹായമാകും.

13. നഗരഭരണവും പഞ്ചായത്ത് ഭരണവും വ്യത്യസ്തമല്ലേ? വകുപ്പിന്റെ ഏകോപനം നിലവിലുള്ള നഗര-ഗ്രാമഭരണ സംവിധാനത്തെ ദോഷകരമായി ബാധിക്കില്ലേ?

നഗരസഭകളുടേയും ത്രിതലപഞ്ചായത്തുകളുടേയും ഭരണ നിർവ്വഹണത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ സംവിധാനം പ്രാദേശികതലത്തിലും ജില്ലാ തലത്തിലും

സംസ്ഥാനതലത്തിലും പ്രത്യേകമായി ഉണ്ടാകുന്നതാണ്. എന്നാൽ പൊതു കേഡറിൽ വരുന്ന ഉദ്യോഗസ്ഥരെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ജില്ലാ സംസ്ഥാനതലത്തിലേക്കും അവരുടെ യോഗ്യത, പദവി, ചുമതലകളും ഉത്തരവാദിത്വങ്ങളും എന്നിവയെ അടിസ്ഥാനമാക്കി വിന്യസിക്കാൻ കഴിയും എന്നുമാത്രം. ഇപ്പോൾ തന്നെ എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരെ ഗ്രാമ-നഗര വ്യത്യാസമില്ലാതെ വിന്യസിക്കുന്നതുപോലെ എക്സീക്യൂട്ടീവ്, മിനിസ്റ്റീരിയൽ, അക്കൗണ്ടിംഗ്, ഹെൽത്ത് തുടങ്ങിയ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി വിവിധ തലങ്ങളിൽ വിന്യസിക്കുന്നു എന്നു മാത്രം. ഇത്തരം സാഹചര്യം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് ജീവനക്കാർക്ക് സഹായകമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്.

14. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിനു ശേഷവും ജീവനക്കാർക്ക് മാതൃവകുപ്പുമായി ബന്ധപ്പെട്ട സ്വത്വബോധം നിലനിൽക്കില്ലേ?

ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സേവന വേതന വ്യവസ്ഥകളും തൊഴിൽ സുരക്ഷിതത്വവും സംരക്ഷിക്കുക എന്നതാണ് പ്രധാനമായിട്ടുള്ളത്. ഇത്തരം സംരക്ഷണം ഉറപ്പാക്കികൊണ്ടും സാമാന്യനീതി ഉറപ്പാക്കികൊണ്ടും പ്രൊമോഷൻ ലഭിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും എല്ലാ വിഭാഗം ജീവനക്കാരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ചട്ടങ്ങളിൽ സംരക്ഷണ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാത്രവുമല്ല പുതിയ പ്രൊമോഷൻ സാദ്ധ്യതകൾ ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ നിർദ്ദേശങ്ങളും വ്യവസ്ഥകളും ഉൾപ്പെടുത്തിട്ടുണ്ട്. കൂടുതൽ മേഖലകളിലേക്ക് പ്രവർത്തന സാദ്ധ്യതകൾ ഉറപ്പാക്കുന്നതിനും ജീവനക്കാർക്ക് ക്രീയാ ത്മകമായി പൊതുഭരണ ചുമതലകൾ നിർവ്വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഒരു വലിയ മാറ്റത്തിലൂടെ കടന്നു പോകുമ്പോൾ സ്വാഭാവികമായി ഉണ്ടാവാനിടയുള്ള താല്ക്കാലികമായ വിഷമതകൾക്കപ്പുറത്ത് ബൃഹത്തായ ഒരു പുതിയ സർവ്വീസിന്റെ ഭാഗമായി മാറുന്നതിന് ജീവനക്കാർക്ക് അവസരം ലഭിക്കുന്നു എന്നതാണ് ശ്രദ്ധേയം.

15. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് കേന്ദ്രീകരണത്തിലേക്ക് നയിക്കാൻ ഇടയാക്കുന്നതല്ലേ?

73-ഉം, 74-ഉം ഭരണഘടനാ ഭേദഗതികളും നിലവിലുള്ള സംസ്ഥാന അനുബന്ധ നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് അധികാരം വികേന്ദ്രീകരിച്ച് ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയിരിക്കുന്നത്. വിട്ടുകൊടുത്ത ഈ അധികാരങ്ങൾ ഒന്നുപോലും ഇല്ലാതാകുന്നില്ല എന്നുമാത്രമല്ല പ്രസ്തുത നിയമങ്ങളുടെ ചട്ടക്കൂടിനകത്തു നിന്നുമാത്രമെ പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കാൻ കഴിയുകയുള്ളൂ. ഏകീകൃത സർവ്വീസിലെ 95 ശതമാനത്തോളം ജീവനക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ജോലി ചെയ്യുന്നത്. ഇവർ തെരഞ്ഞെടുക്കപ്പെട്ട

കൗൺസിലുകൾക്കും അദ്ധ്യക്ഷൻമാർക്കും വിധേയരാണ്. കൗൺസിലുകൾക്ക് വിധേയരായിരിക്കുന്ന ഈ ഉദ്യോഗസ്ഥരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗാർത്ഥം പ്രധാനമായും ചീഫ് ജോയിന്റ് ഡയറക്ടറുടെ കീഴിൽ ഫലപ്രദമായി ക്രമീകരിക്കുകയാണ്, ഏകീകരണത്തിലൂടെ ചെയ്യുന്നത്. നിലവിൽ സംസ്ഥാന തലത്തിൽ തീർപ്പാക്കേണ്ടിവരുന്ന പല വിഷയങ്ങൾ ഏകീകരണത്തോടെ ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ ചിട്ടപ്പെടുത്തിയ ശക്തമായ ഒരു വകുപ്പ് പിന്തുണാസംവിധാനത്തിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാധികാരങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്ന തിനും ഏകീകൃതമായ നിലവാരത്തിലേക്ക് സേവനപ്രദാനപ്രക്രിയ ഉയർത്തുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സഹായകമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് വികേന്ദ്രീകൃത ഭരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുള്ള ഭരണ സംസ്കാരം തദ്ദേശസ്വയംഭരണ വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും വളർത്തുന്നതിന് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് പ്രയോജനകരമാവും. തികച്ചും വികേന്ദ്രീകരണ സ്വഭാവത്തോടെയുള്ള രീതിയിലാണ് ഏകീകൃത വകുപ്പിന്റെ ഘടന രൂപകല്പന ചെയ്തിട്ടുള്ളത്. അല്ലാതെ അധികാരങ്ങൾ സംസ്ഥാനതലത്തിലുള്ള പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ കേന്ദ്രീകരിക്കുന്ന വിധത്തിലല്ല.

16. തദ്ദേശസ്വയംഭരണവകുപ്പുമായിബന്ധപ്പെട്ട്നിലവിലുള്ളഅഞ്ചുവകുപ്പുകളെ സംയോജിപ്പിച്ച് കൊണ്ട് പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് സ്വീകരിച്ച പൊതുവായതും അടിസ്ഥാനപരവുമായ തത്വങ്ങൾ ഏന്തെല്ലാമാണ്?

17-07-2020-ന് കാബിനറ്റ് തീരുമാന പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് നിലവിലുള്ള എല്ലാ ജീവനക്കാരെയും അവരവരുടെ സർവ്വീസ് കാലാവധിവരെയുള്ള എല്ലാ ആനുകൂല്യങ്ങളും സ്ഥാനക്കയറ്റവും സംരക്ഷിക്കുന്നതാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ചാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന അഞ്ച് വ്യത്യസ്ത വകുപ്പുകളിലേയും നിലവിലുള്ള ജീവനക്കാരുടെ സേവന-വേതന ആനുകൂല്യങ്ങൾ യാതൊന്നും നഷ്ടപ്പെടാതെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കി തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുക എന്നതാണ് അടിസ്ഥാന കാഴ്ചപ്പാടായി സ്വീകരിച്ചിട്ടുള്ളത്. മുഴുവൻ ജീവനക്കാരുടെയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും സാമാന്യനീതി പരിരക്ഷിച്ചുകൊണ്ടും അവസരസമത്വം ഉറപ്പാക്കി കൊണ്ടുമാണ് പൊതുസർവ്വീസ് രൂപീകരണത്തിന് സഹായകമായ ചട്ടങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളത്. അഞ്ച് വ്യത്യസ്ത വകുപ്പുകളെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ആക്കി മാറ്റിയപ്പോൾ വിവിധ വകുപ്പുകളിലെ ജീവനക്കാർ നിർവ്വഹിച്ചുവന്നിരുന്ന ഉത്തരവാദിത്വങ്ങളുടെയും ചുമതലകളുടെയും സമാനത, നിയമനത്തിനുള്ള യോഗ്യതയുടെ സമാനത, ശമ്പള സ്കെയിലിന്റെ സമാനത എന്നീ ഘടകങ്ങൾ പൂർണ്ണമായും പരിഗണിച്ചു കൊണ്ടും കണക്കിലെടുത്തുകൊണ്ടുമാണ് വിവിധ വകുപ്പുകളിലെ നിലവിലുള്ള കേഡറുകൾ ഏകീകരിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലെ വിവിധ കേഡറുകൾ സംബന്ധിച്ച് തീരുമാനം എടുത്ത് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്.

17. പഞ്ചായത്തുകളിലും നഗരസഭകളിലും വ്യത്യസ്ത കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് പ്രാബല്യത്തിലുള്ളത്. പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ പൊതുവായ കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് രൂപംനൽകുമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും നിലനിൽക്കുന്ന വ്യത്യാസങ്ങളും തമ്മിൽ പരസ്പരം ബന്ധപ്പെടുത്തേണ്ടതില്ല. പൊതുസർവ്വീസ് രൂപീകരണം എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകീകരണമല്ല. ഭരണഘടനാപരമായി നിലവിൽ വന്നതും അതിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയതുമായ സംസ്ഥാന നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വ്യത്യസ്ത തട്ടുകളിൽ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യും. ഇവയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും തമ്മിൽ സമാനതകളും വ്യത്യാസങ്ങളും ഉണ്ടാവുകയും ചെയ്യും. ഓരോ തട്ടിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ നിയമവ്യവസ്ഥകൾക്ക് വിധേയമായി സ്വയംഭരണാവകാശത്തോടെ തുടർന്നും പ്രവർത്തിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നത്.

18. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് കേരളത്തിലെ വർദ്ധിച്ചുവരുന്ന നഗരവത്ക്കരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഏങ്ങിനെ സഹായകമാകും?

കേരളത്തിലെ വർദ്ധിച്ചു വരുന്ന നഗരവൽക്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും പ്രവർത്തനങ്ങളിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന നഗരവൽക്കരണം നഗരസഭകളുടെ എണ്ണം വലിയതോതിൽ വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ നഗരസഭകളുടെ പൊതുഭരണ സംവിധാനത്തിലും സുപ്രധാനമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് നഗരവൽക്കരണം സഹായിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം നഗരസഭകളുടെ പൊതുഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നഗരവൽക്കരണം സൃഷ്ടിക്കുന്ന പുതുതലമുറ വികസന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തമായ പൊതുഭരണ സംവിധാനം സൃഷ്ടിക്കുന്നതിനും സഹായമാണ്. മാത്രവുമല്ല നഗരസഭകളുടെ ദീർഘകാല വികസനത്തിനും ശാസ്ത്രീയമായ സ്ഥലപര ആസൂത്രണത്തിനും ആവശ്യമായ പ്രൊഫഷണൽ സാങ്കേതിക വൈദഗ്ധ്യമുള്ള നഗര-ഗ്രാമാ സൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ വ്യവസ്ഥചെയ്യുന്നുണ്ട്.

19. നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സേവനം ഇപ്പോൾ ഓഫീസ് ജോലികൾക്കാണ് പ്രയോജനപ്പെടുത്തുന്നത്. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരുമ്പോൾ നഗരസഭകളിലെ പൊതുജനാരോഗ്യ വിഭാഗവുമായി സംയോജിപ്പിച്ച് പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ഇവരെ പ്രയോജനപ്പെടുത്താൻ കഴിയുമോ?

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സാങ്കേതിക വൈദഗ്ധ്യവും സേവനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുജനാരോഗ്യ-പരിസര ശുചീകരണപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. അതു കൊണ്ട് തന്നെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി പൊതു ജനാരോഗ്യ പരിപാലനം -പരിസര ശുചിത്വ വിഭാഗത്തിലെ ജീവനക്കാരോടൊപ്പം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ സേവനം പൂർണ്ണമായും പൊതു ജനാരോഗ്യ പരിസരശുചിത്വ പ്രവർത്തനങ്ങളിൽ നഗരസഭകൾ പ്രയോജന പ്പെടുത്തേണ്ടതാണ്.

20. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം ജില്ലാ ആസൂത്രണ സമിതി ശക്തിപ്പെടുത്താൻ എങ്ങനെ സഹായകമാവും?

സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലും പ്രാദേശിക പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും വിവിധ വകുപ്പുകളുടെ ഏകോപനവും പരസ്പരപൂരകത്വവും ഉറപ്പാക്കുന്നതിൽ പൊതുസർവ്വീസ് രൂപീകരണം സുപ്രധാനമായ സംഭാവനകൾ നല്കുന്നതിന് സഹായിക്കും. ജില്ലയിലെ വിവിധ തട്ടുകളിലുള്ള തദ്ദേശ സ്വയംഭരണ സംവിധാനത്തെ ഏകോപിപ്പിക്കുന്നതിനും അവയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതി രൂപീകരണം, നിർവ്വഹണം, അവലോകനം എന്നീ പ്രവർത്തനങ്ങൾക്ക് പൊതുവായ നേതൃത്വവും നയപരമായ വ്യക്തതയും നല്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായ ജില്ലാതല വകുപ്പ് മേധാവിക്ക് കഴിയുന്നു എന്നത് ഇക്കാര്യത്തിലുള്ള സുപ്രധാനമായ മാറ്റമാണ്.

21. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരുമ്പോൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മേലുള്ള കൗൺസിലിന്റെ ശിക്ഷണാധികാരത്തിൽ മാറ്റം ഉണ്ടാവുമോ?

പൊതുസർവ്വീസ് രൂപീകരണത്തിനുശേഷവും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിസംവിധാനമായ കൗൺ സിലിനോട് ഉത്തരവാദിത്വത്തോടെയും കടപ്പെട്ടും പ്രവർത്തിക്കുന്നതിന് ബാദ്ധ്യ സ്ഥരാണ്.

22. പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ സംസ്ഥാനതലത്തിലും ജില്ലാതല ത്തിലും ഏകീകൃത വിജിലൻസ് സംവിധാനം നിലവിൽ വരുമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ ഇതിന്റെ ഭാഗമായ മുഴുവൻ ജീവനക്കാരും സത്യസന്ധമായും നീതിപൂർവ്വമായും പ്രവർത്തിക്കുന്നു എന്ന് നീരിക്ഷിക്കുന്നതിന് ഏകീകൃത വിജിലൻസ് സംവിധാനം രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാന-ജില്ലാതലങ്ങളിലുള്ള ഏകീകൃത വിജിലൻസ് സംവിധാനത്തിന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച നയപരമായ തീരുമാനം സർക്കാർ എടുക്കേ ണ്ടതാണ്.

23. ഗ്രാമവികസന വകുപ്പിലെ നിലവിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ പ്രത്യേക പരിശീലനം ലഭിച്ചവരല്ലേ, സവിശേഷമായ വൈദഗ്ധ്യമുള്ള ഇവരെ എങ്ങിനെയാണ് തദ്ദേശസ്വയംഭരണ വകുപ്പിലെ മറ്റ് ജീവനക്കാരുമായി ഏകീകരിക്കുക?

ഗ്രാമവികസന വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ പരിശീലനത്തിലൂടെ ആർജ്ജിച്ച വൈദഗ്ധ്യം തുടർന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഭരണത്തിലും പൊതുഭരണ നിർവ്വഹണത്തിലും പ്രയോജനപ്പെടുത്താൻ കഴിയും വിധമാണ് തദ്ദേശസ്വയം ഭരണ പൊതുസർവ്വീസ് ചട്ടങ്ങൾക്ക് രൂപംനല്കിയിട്ടുള്ളത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നാളിതുവരെ വിവിധ ദാരിദ്യനിർമ്മാർജ്ജന പരിപാടികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മാത്രമാണ് സംഭാവന നൽകാൻ കഴിഞ്ഞിരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരുന്നതോടെ സവിശേഷമായ പരിശീലനത്തിലൂടെ ആർജ്ജിച്ച വൈദഗ്ധ്യം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനഭരണത്തിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ. കൂടാതെ പുതിയതായി സർവ്വീസിൽ ചേരുന്നവർക്ക് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് ലഭിക്കുന്നതടക്കമുള്ള സമഗ്രമായ പരിശീലനം കിട്ടുന്നതാണ്. സാങ്കേതിക ജീവനക്കാരൊഴികെയുള്ള എല്ലാ ഉദ്യോഗസ്ഥകർക്കും ഒരു തദ്ദേശ സ്ഥാപനത്തിൽ ചെയ്യേണ്ടുന്ന എല്ലാവിധ സേവന - വികസന - സന്നദ്ധ പ്രവർത്തനങ്ങളിലും പരിശീലനം ലഭ്യമാവും.

24. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കില്ലേ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ വിവിധ വകുപ്പുകളിലെ ജീവനക്കാരെ ഏകീകരിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് ഒരു പുനസംഘടനക്ക് വിധേയമാവുകയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സർക്കാർ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ലഭ്യമാക്കുന്നതിന് സഹായക മാവുകയും ചെയ്യും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവന പ്രദാന പ്രവർത്തനങ്ങൾക്കനുസൃതമായി ജീവനക്കാരെ പുനക്രമീകരിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യും. അതോടൊപ്പം തന്നെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജീവനക്കാരുടെ പ്രവൃത്തിഭാരം ലഘൂകരിക്കുന്നതിനും കൃത്യനിർവ്വഹണത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുസർവ്വീസ് രൂപീകരണത്തിലൂടെ അവസരം ഒരുക്കുന്നതാണ്. ചുരുക്കത്തിൽ, പൊതുസർവ്വീസ് രൂപീകരണം ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നതിനല്ല, മറിച്ച് നിലവിലുള്ള ജീവനക്കാരെ കൂടുതൽ ഫലപ്രദമായി വിന്യസിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആഭ്യന്തരമായി കണ്ടെത്തുന്നതിന് പൊതുസർവ്വീസ് രൂപീകരണത്തിലൂടെ കഴിയുന്നതാണ്.

25. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുന്നതിന് ഇടയാക്കില്ലേ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ അധിക സാമ്പത്തിക ബാധ്യത കഴിവതും വരാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നല്കിയിട്ടുണ്ട്. പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് ശ്രമം നടത്തുക എന്നതല്ല, നിലവിലുള്ള തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ ഏകീകൃത സർവ്വീസുമായി ബന്ധപ്പെട്ട ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് കഴിയും വിധം വിന്യസിക്കുക എന്ന സമീപനമാണ് പൊതുസർവ്വീസുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപകല്പന ചെയ്യുന്നതിൽ സ്വീകരിച്ചിട്ടുള്ള സമീപനം എന്നാൽ ഏകീകൃതസർവ്വീസിന് അധികാര വികേന്ദ്രീകരണം ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വികേന്ദ്രീകൃത വികസനഭരണ നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിനും സഹായകമായ വിധത്തിൽ ജീവനക്കാരെ പുനക്രമീകരിച്ച് പൊതുസർവ്വീസ് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തുകൾ മാറി പുതിയ നഗരസഭകൾ നിലവിൽ വരുമ്പോൾ ഉണ്ടാവുന്ന അധിക ബാധ്യത ഏകീകൃത വകുപ്പ് ആകുന്നതോടെ ഇല്ലാതാവുന്നു. മൊത്തത്തിൽ അധിക സാമ്പത്തികബാധ്യത കാര്യമായി വരാൻ ഇടയില്ല.

26. തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി വിവിധ വികസന വകുപ്പുകളിലെ വിട്ടുകിട്ടിയ ജീവനക്കാരെ ഉൾപ്പെടുത്താതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത കൈവരിക്കാൻ എങ്ങിനെ കഴിയും?

യഥാർത്ഥ പ്രാദേശിക ഗവൺമെന്റുകളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉയർന്നു പ്രവർത്തിക്കുന്നതിനും ഫലപ്രദമായി പ്രാദേശിക ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും എല്ലാ വികസന ചുമതലകളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ ഭാഗമായി മാറ്റേണ്ടതുണ്ട്. ഇത് സാദ്ധ്യമാകുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഭരണ സംവിധാനത്തിലും ഘടനയിലും അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന സർക്കാരാണ്, മാത്രവുമല്ല ഇത്തരത്തിലുള്ള വിവിധ വികസനവകുപ്പുകളിലെ ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറുമ്പോൾ അവരുടെ ശമ്പളം ഉൾപ്പെടെയുള്ള ബാധ്യതകൾ ഏറ്റെടുക്കുന്നതിനാവശ്യമായ സാമ്പത്തിക ശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ ഇല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ആയതിനാൽ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഭാഗമായി നിലവിലുള്ള വകുപ്പുകളെ ആദ്യം ഏകീകരിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുകയും തുടർന്ന് ബന്ധപ്പെട്ട എല്ലാ വികസനവകുപ്പുകളേയും സംയോജിപ്പിച്ച് ലോക്കൽ ഗവൺമെന്റ് സർവ്വീസ് വിപുലീകരിക്കുകയും ചെയ്യുകയാണ് സാദ്ധ്യമായത്.

27. പഞ്ചായത്തുകളുടെ മേൽനോട്ട ചുമതലയുള്ള ബ്ലോക്ക് സെക്രട്ടറിമാരെയും പഞ്ചായത്ത് സെക്രട്ടറിമാരെയും സമീകരിച്ച നടപടി എങ്ങനെ നീതി കരിക്കും?

ഭരണഘടനാ വ്യവസ്ഥയനുസരിച്ച് ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും കീഴ്മേൽ ഘടകങ്ങളല്ല. സ്വതന്ത്രമായ അധികാരമുള്ള തുല്യ ഭരണഘടനാ

സ്ഥാപനങ്ങളാണ്. അതുകൊണ്ട് തന്നെ ബ്ലോക്ക് കൗൺസിൽ സെക്രട്ടറിയെ പഞ്ചായത്തുകളുടെ മേലുദ്യോഗസ്ഥനായി കണക്കാക്കാൻ കഴിയില്ല. എന്നാൽ ബ്ലോക്കടിസ്ഥാനത്തിൽ ആവശ്യമായിവരുന്ന പഞ്ചായത്തു ബ്ലോക്ക് സെക്രട്ടറി തല ഏകോപനം എൽ.എസ്.ജി.ഡി ജില്ലാ മുഖ്യചുമതല ഉദ്യോഗസ്ഥന്റെ കീഴിൽ നടപ്പാക്കാവുന്നതാണ്.

28. വകുപ്പ് അദ്ധ്യക്ഷന്മാർ എന്ന നിലയിൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, ചീഫ് ടൗൺ പ്ലാനർ എന്നിവർ വകുപ്പ് മന്ത്രിയോടും വകുപ്പ് സെക്രട്ടറിയോടും നേരിട്ട് ഉത്തരവാദപ്പെട്ട് പ്രവർത്തിച്ചു വരുന്നവരാണല്ലോ. ഇത്തരം വകുപ്പ് മേധാവികളുടെ മുകളിൽ പ്രിൻസിപ്പൽ ഡയറക്ടർ ആയി തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേധാവിയായി ഒരാളെ വയ്ക്കുന്നത് ഉചിതമാണോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതിന് മുൻപ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി അഞ്ച് വകുപ്പുകളും ഇവയ്ക്ക് ഓരോന്നിനും പ്രത്യേക വകുപ്പ് മേധാവികളും ഉണ്ടായിരുന്നു. എന്നാൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതുതന്നെ നിലവിലുള്ള ഏകോപനമില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനും നയപരവും ഭരണപരവുമായ നേതൃത്വം ഉറപ്പാക്കുന്നതിനും വേണ്ടിയാണ്. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പ് സെക്രട്ടറിയുടെ പദവിയിലുള്ള സീനിയർ ഐ എ എസ് ഉദ്യോഗസ്ഥനാണ്. അതു കൊണ്ട് തന്നെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ മേധാവികൾ പ്രിൻസിപ്പൽ ഡയറക്ടറായ വകുപ്പ് മേധാവിയോട് ഉത്തരവാദപ്പെട്ട് പ്രവർത്തിക്കുന്നതിലും റിപ്പോർട്ട് ചെയ്യുന്നതിലും യാതൊരു അപാകതയുമില്ല.

29. തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി 'എംപവർമെന്റ് വിംഗ്' എന്ന ഒരു പ്രത്യേക വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. പ്രാദേശിക ഭരണത്തിൽ ഈ വിഭാഗത്തിന് നിർവ്വഹിക്കുവാനുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്?

സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലങ്ങളിൽ വനിതാക്ഷേമ-വികസന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വമാണ് ഈ വിഭാഗം ജീവനക്കാർ നിർവ്വഹിച്ചുവന്നിരുന്നത്. എന്നാൽ അധികാര വികേന്ദ്രീകരണത്തിന്റെ സുപ്രധാനമായ ലക്ഷ്യങ്ങളിലൊന്നായി സാമൂഹ്യ നീതിയും ദുർബലവിഭാഗം ജനങ്ങളുടെ അതിജീവന സുരക്ഷയും അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ വനിതാക്ഷേമത്തിനപ്പുറം സ്ത്രീകളുടെ ശാക്തീകരണവും പാർശ്വവത്കരിക്കപ്പെട്ട ദുർബല ജനവിഭാഗങ്ങളുടെ ശാക്തീകരണവും അതിജീവനസുരക്ഷയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. മാത്രവുമല്ല, തദ്ദേശസ്വയംഭരണ വകുപ്പിന് ഈ മേഖലകളുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന് സഹായകമായ വിവരവ്യൂഹം സൃഷ്ടിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ഇത്തരം ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഉത്തരവാദിത്വമാണ് 'എംവർമെന്റ് വിംഗ്' നിർവ്വഹിക്കേണ്ടത്.

30. നഗരസഭകളിലെ നിലവിലുള്ള ആരോഗ്യവിഭാഗം ജീവനക്കാരെ 'പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗം' എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ടല്ലോ? ഇത് നഗരസഭകളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന തിന് എങ്ങിനെ സഹായിക്കും?

നഗര പ്രദേശങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വികസന പ്രശ്നമാണ് ഖര-ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ളത്. ജീവിത യോഗ്യമായ നഗരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത്തരം പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നഗര പ്രദേശങ്ങളുടെ പൊതുജനാരോഗ്യപ്രശ്നങ്ങൾ മിക്കവയും ഖര-ദ്രവമാലിന്യ സംസ്കരണത്തിനാവശ്യമായ ശാസ്ത്രീയമായ സംവിധാന ങ്ങളുടെ അഭാവം മൂലവും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥ സംവിധാനത്തിന്റെ അഭാവം മൂലവും ഉണ്ടാവുന്നവ യാണ്. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ നഗരസഭകളിൽ ഇത്തരം ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് വൈദഗ്ധ്യവും കാര്യശേഷിയുമുള്ള ഉദ്യോഗസ്ഥ സംവിധാനം സൃഷ്ടിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി യിട്ടുണ്ട്. മാത്രവുമല്ല നിലവിലുള്ള ആരോഗ്യ വിഭാഗത്തെ പുനസംഘടിപ്പിച്ച് പൊതുജനാരോഗ്യരംഗത്തും പരിസ്ഥിതി സംരക്ഷണത്തിലും വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥ സംവിധാനമായി പുനർക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ നഗര പ്രദേശങ്ങളിലെ ഖര-ദ്രവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ വൈദഗ്ധ്യവും ഉയർന്ന ജനകീയ പങ്കാളിത്ത ത്തോടെ ജീവിതയോഗ്യമായ നഗര പ്രദേശങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമാവും.

31. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന വിവിധ മിഷനു കൾ എന്തുകൊണ്ടാണ് ഏകീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി ഉൾപ്പെടുത്താത്തത്?

വിവിധ മിഷനുകൾ രൂപീകരിച്ചിട്ടുള്ളത് പ്രത്യേക ലക്ഷ്യബോധത്തോടെയുള്ള ഓരോ വികസന ദൗത്യങ്ങൾ നിർവ്വഹിക്കുന്നത്. അതുകൊണ്ട് തന്നെ മിഷനുകളുടെ പ്രവർത്തനത്തിന് തനതായ സംഘടനാ സംവിധാനവും ഉദ്യോഗസ്ഥവിന്യാസവും അത്യന്താപേക്ഷിതമാണ്. മിഷനുകൾ സ്ഥിരം സംവിധാനവുമല്ല. ഒരു പ്രത്യേക വികസന പരിപാടിയുടെ ലക്ഷ്യം നിർവ്വഹിക്കുന്നതോടെ മിഷനുകൾ ഇല്ലാതാവുകയും ചെയ്യും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചുവന്നിരുന്ന വിവിധ വകുപ്പുകളുടെ ഏകോപിതമായതും സ്ഥിരമായതുമായ ഉദ്യോഗസ്ഥ സംവിധാനമാണ്. ഈ സാഹചര്യത്തിൽ വിവിധ മിഷനുകളെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുകയില്ല.

32. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി നിലവിൽ സേവനമനുഷ്ഠിച്ചു വരുന്ന ലൈബ്രറിയൻമാരെ ലൈബ്രറിയൻ ആന്റ് കൾച്ചറൽ കോ-ഓർഡി നേറ്ററായി ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ചട്ടങ്ങളിൽ പുനർ

നാമകരണം ചെയ്തിട്ടുണ്ട്, ഇത് അധിക ജോലിഭാരമായും ബാദ്ധ്യതയായും ഇത്തരം ജീവനക്കാരിൽ മാറില്ലേ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ ഓരോ പ്രദേശത്തേയും വികസന വിജ്ഞാനവ്യാപനത്തിന്റെ കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്. ഓരോ പ്രദേശത്തിന്റേയും സാംസ്കാരിക വളർച്ചയ്ക്കും സാമൂഹ്യ വികസനത്തിനും സഹായിക്കുന്നകേന്ദ്രങ്ങളായി ഗ്രാമീണ ലൈബ്രറികളെയും നഗരപ്രദേശങ്ങളിലെ പബ്ലിക് ലൈബ്രറികളേയും പ്രയോജനപ്പെടുത്തുക എന്നതാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കാഴ്ചപ്പാട് കേവലം പുസ്തക വിതരണ കേന്ദ്രങ്ങൾ എന്നതിനപ്പുറം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളെ വികസന വിജ്ഞാന വ്യാപനകേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉയർന്ന കാഴ്ചപ്പാടോടെയാണ് ലൈബ്രേറിയൻമാരെ ലൈബ്രറിയൻ ആന്റ് കൾച്ചറൽ കോ-ഓർഡിനേറ്റർമാരെന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത്.

33. ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ തസ്തിക പ്രൊമോഷൻ തസ്തികയാക്കി മാറ്റുമ്പോൾ പുറത്തെ വകുപ്പുകളിൽ നിന്നുള്ള പ്രഗത്ഭരായവരും വികസന ഭരണത്തിൽ താൽപര്യവുമുള്ളവരുമായവർക്ക് കടന്നു വരുന്നതിനുള്ള അവസരം തടസ്സപ്പെടുകയില്ലേ?

ജില്ലാപഞ്ചായത്ത് ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ഏറ്റവും സുപ്രധാനമായ ഭരണ സംവിധാനമാണ്. വിവിധ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് ജില്ലയിലെ വിവിധ ഗ്രാമപ്രദേശങ്ങളെ ആകെ കണക്കിലെടുത്തുകൊണ്ടുള്ള വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വമാണ് ജില്ലാ പഞ്ചായത്തുകൾക്ക് നിർവ്വഹിക്കാനുള്ളത്. അതുകൊണ്ട്തന്നെ പ്രാദേശിക ഭരണനിർവ്വഹണവുമായും പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട പ്രായോഗിക അനുഭവങ്ങൾ ആർജ്ജിച്ച തദ്ദേശസ്വയംഭരണ വകുപ്പിലെ തന്നെ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തസ്തികയായി ജില്ലാപഞ്ചായത്ത് സെക്രട്ടറി വരുന്നതാണ് ജില്ലാ പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ പ്രവർത്തനമികവ് കൈവരിക്കുന്നതിന് പ്രയോജനകരം. എന്നാൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല മേധാവിയായി ജോയിന്റ് ഡയറക്ടർ കേഡറിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

34. നേരിട്ടു വരുന്നവരും സ്ഥനകയറ്റത്തിലൂടെ വരുന്നവരും തമ്മിൽ വിവിധ അനുപാതത്തിലാണ് ബ്ലോക്ക് – ഗ്രാമ പഞ്ചായത്ത്, നഗരസഭാ സെക്രട്ടറിമാരിലേക്കുള്ള നിയമനം നടക്കുന്നത്. ഏകീകരണം നിലവിലുള്ളവരുടെ സാധ്യതകൾ ഇല്ലാതാക്കുമോ?

ഇല്ല. നിലവിലുള്ളവരുടെ പ്രമോഷൻ സാധ്യതകൾ പൂർണമായും സംരക്ഷിക്കുന്നതിനുള്ള നിയമ പരിരക്ഷ വ്യക്തമായ റൂളുകളിലൂടെ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് വിധേയമായി കൊണ്ട് മാത്രമേ ഭാവിയിലുള്ള ഭരണപരമായ നടപടികൾ കൈകൊള്ളാൻ കഴിയുകയുള്ളൂ.

35. ഭവന നിർമ്മാണ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനം ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമാണ്. എന്നാൽ നഗരസഭകളിൽ ഭവനനിർവ്വഹണ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി പ്രത്യേകം ചുമതലപ്പെട്ട ഉദ്യോഗസ്ഥരില്ലാത്തത് ഭവന നിർമ്മാണ പ്രൊജക്ടുകളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അംഗീകൃത തദ്ദേശസ്വയംഭരണ വകുപ്പ് ചട്ടത്തിൽ ഇതിന് പരിഹാരം ഉണ്ടാവുമോ?

നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായിട്ടുള്ള മനുഷ്യ വിഭവ ശേഷിയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളുടേയും ഉത്തര വാദിത്വങ്ങളുടേയും ഫലപ്രദമായ നിർവ്വഹണത്തിനായി പ്രയോജനപ്പെടുത്താൻ കഴിയും വിധമാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രത്യേക ചട്ടങ്ങളിൽ ജീവനക്കാരെ വിന്യസിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ പഞ്ചായത്തുകളിൽ പഞ്ചായത്ത് എക്സ്റ്റെൻഷൻ ഓഫീസർമാരായും മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ എക്സ്റ്റെൻഷൻ ഓഫീസർമാരായും പൊതുവായി പുനർനാമകരണം ചെയ്തിട്ടുണ്ട്. തീർച്ചയായും ഈ ഉദ്യോഗസ്ഥരെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാർപ്പിട നിർവ്വഹണം ഉൾപ്പെടെയുള്ള ദാരിദ്ര്യ നിർമ്മാജ്ജന ഉത്തര വാദിത്വങ്ങളിലേക്ക് ചുമതലപ്പെടുത്തുന്നതിന് കഴിയും.

36. നഗര-ഗ്രാമാസൂത്രണ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീ കരിക്കുന്നതോടെ ഉയർന്നതോതിൽ ലഭിക്കുമോ?

നഗര-ഗ്രാമാസൂത്രണ വിഭാഗത്തിലെ പ്രൊഫഷണൽ സാങ്കേതിക വൈദഗ്ധ്യം ഉള്ള ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉയർന്ന തോതിൽ ലഭ്യമാക്കുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലൂടെ കഴിയും. സ്ഥലപരമായമാനങ്ങൾ അവലംബിച്ചുകൊണ്ട് ദീർഘകാല വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള സമഗ്രവികസന പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താൻ ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പിന് കഴിയും. നഗര ഗ്രാമാസൂത്രണ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ സേവനം ജില്ലാ ആസൂത്രണ സമിതിക്ക് സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും ഒരു ടൗൺ പ്ലാനറുടെ സേവനം മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പൂർണ്ണമായും നഗരസഭകളിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക പിന്തുണയും വർദ്ധിച്ചതോതിൽ ഉറപ്പാക്കുന്നതിനും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ കഴിയും. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ സ്ഥലപരമായ ആസൂത്രണ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്ന തിന് നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സേവനം ഉറപ്പാക്കാൻ ജില്ലാ ചീഫ് കോ-ഓഡിനേറ്റിംഗ് ഓഫീസർക്ക് അവസരം ലഭിക്കുകയും കൂടുതൽ ഉത്തര വാദിത്വത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് കടപ്പെട്ടും പ്രവർത്തിക്കുന്ന

തിനുള്ള സാഹചര്യം നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഉണ്ടാകുന്നു എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണ പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉയർത്താൻ സഹായകമാണ്.

37. പഞ്ചായത്ത് വകുപ്പിലും നഗരകാര്യവകുപ്പിലും പ്രോവിഡന്റ് ഫണ്ട് (പി.എഫ്) വിഭാഗം പ്രത്യേകമായി ഇപ്പോൾ നിലവിലുണ്ട്. ഇവ തമ്മിൽ ഏകീകരിക്കുന്നുണ്ടോ?

പഞ്ചായത്ത് വകുപ്പിലെയും നഗരകാര്യ വകുപ്പിലേയും പി.എഫ്. വിഭാഗങ്ങൾ അതത് വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തിയാണ് രൂപീകരിച്ചിട്ടുള്ളത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുമ്പോൾ പഞ്ചായത്തിലേയും നഗരസഭകളിലേയും ജീവനക്കാരുടെ പി എഫ് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം തുടരേണ്ടതുണ്ട്. പഞ്ചായത്തുകളിലേയും നഗരസഭകളിലേയും ജീവനക്കാരെ പരസ്പരം മാറ്റി നിയമിക്കാൻ കഴിയുന്ന സാഹചര്യം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലൂടെ നിലവിൽ വരുമ്പോൾ പഞ്ചായത്ത് ജീവനക്കാർക്കും നഗരസഭാ ജീവനക്കാർക്കും പൊതുവായുള്ള പ്രോവിഡന്റ് ഫണ്ട് സംവിധാനം രൂപീകരിക്കുന്നതാണ് അഭികാമ്യം. ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

38. നിലവിലുള്ള ജീവനക്കാർക്ക് ഇനി പ്രൊമോഷൻ ലഭിക്കണമെങ്കിൽ പുതിയ ഡിപ്പാർമെന്റ് ടെസ്റ്റ് പാസ്സാകണമോ?

വേണ്ട. എന്നാൽ എൽഎസ്ജിഡി സെക്രട്ടറി കാറ്റഗറിയിൽ നേരിട്ട് നിയമനം ലഭിക്കുന്നവരോ ബൈട്രാൻസ്ഫർ (തസ്തികമാറ്റം) വഴി നിയമനം ലഭിക്കുന്നവരോ ആയിട്ടുള്ളവർ പ്രോബേഷൻ കാലാവധിക്കുമുമ്പ് താഴെപ്പറയുന്ന ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സായിരിക്കേണ്ടതാണ്. എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റ്. മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയേഴ്സ്. പഞ്ചായത്ത് ടെസ്റ്റ് മുനിസിപ്പൽ ഡിപ്പാർട്ട്മെന്റ് (ടെസ്റ്റ്) ഇത്തരം ഡിപ്പാർട്ടുമെന്റ് ടെസ്റ്റുകൾ നേരത്തെ പാസ്സായവരാണെങ്കിൽ അത്തരം ഉദ്യോഗസ്ഥർ പ്രസ്തുത ടെസ്റ്റുകൾ വീണ്ടും എഴുതേണ്ടതില്ല. അതുപോലെ തന്നെ അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) ഇതിന് മുൻപ് പാസ്സായിട്ടുണ്ടെങ്കിൽ എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റ് വീണ്ടും എഴുതേണ്ടതില്ല. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ ലഭിക്കേണ്ട ജീവനക്കാർ നിർബന്ധമായും അക്കൗണ്ട് ടെസ്റ്റ് (ഹയർ) പാസ്സായിരിക്കേണ്ടതാണ്. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വിഭാഗത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ/ ഡെപ്യൂട്ടി അർബൻ പ്ലാനർ/സബ് റീജിയണൽ പ്ലാനർ എന്നിവരും അസിസ്റ്റന്റ് ടൗൺ പ്ലാനർ എന്നീ തസ്തികളിലേക്ക് നേരിട്ട് നിയമനം ലഭിക്കുന്നവരും ബൈട്രാൻസ്ഫറിലൂടെ നിയമനം ലഭിക്കുന്നവരും പ്രൊബേഷൻ മുൻപായി ഇതിനകം അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റ് എന്നിവയിൽ ഏതെങ്കിലും ഒരു ടെസ്റ്റ് പാസ്സായിട്ടില്ലെങ്കിൽ, അതു പാസ്സാകേണ്ടതുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാരായി നേരിട്ട് നിയമനം ലഭിക്കുന്നവരും ട്രാൻസ്ഫറിലൂടെ നിയമനം ലഭിക്കുന്നവരും പ്രൊബേഷൻ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പായി താഴെപ്പറയുന്ന ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സായിരിക്കേണ്ടതാണ്. അക്കൗണ്ട് ടെസ്റ്റ് (ലോവർ/

ഹയർ) അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ അക്കൗണ്ട് ടെസ്റ്റ്. കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് മാനുവൽ ടെസ്റ്റ് മേൽ സൂചിപ്പിച്ച ടെസ്റ്റുകൾ ഇതിനകം പാസ്സായിട്ടുള്ളവർ അവ വീണ്ടും എഴുതേണ്ടതില്ല.

39. തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം എന്നീ സാങ്കേതിക വിഭാഗങ്ങളുടെ വേർതിരിവ് ആവശ്യമുണ്ടോ?

എഞ്ചിനീയറിംഗും, നഗര-ഗ്രാമാസൂത്രണവും തികച്ചും വ്യത്യസ്തങ്ങളായ പ്രത്യേക സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ രണ്ട് രീതിയിലുള്ള തൊഴിലുകളാണ്. എഞ്ചിനിയറിംഗ്/ആർക്കിടെക്ച്ചർ എന്നീ സാങ്കേതിക ബിരുദപഠനവും അതുപോലെ ജിയോഗ്രാഫി, ഇക്കണോമിക്സ്, സോഷ്യോളജി, സോഷ്യൽവർക്ക്, ഡമോഗ്രഫി, നിയമം എന്നീ വിഷയങ്ങളിൽ ഉപരിബിരുദവുമുള്ളവർക്കാണ് നഗര -ഗ്രാമാസൂത്രണ ത്തിന്റെ പോസ്റ്റ് ഗ്രാജുവേഷന് പ്രവേശന യോഗ്യത കിട്ടുന്നത്. ഈ രീതിയിലുള്ള ഉപരിബിരുദപഠനത്തിനു ശേഷമുള്ള ഒരു സ്പെഷ്യലൈസേഷൻ പ്രൊഫഷനാണ് നഗര-ഗ്രാമാസൂത്രണം. ഈ രണ്ട് രീതിയിലുള്ള സാങ്കേതിക വിഭാഗം തൊഴിലുകളും നാടിന്റേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ശക്തമായ പ്രവർത്തിന ത്തിന്റെ ഭാഗമായി ഏകീകരിക്കുന്ന തദ്ദേശസ്വയംഭരണ സർവ്വീസിൽ രണ്ട് പ്രത്യേക വിഭാഗങ്ങളായി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്.

40. നിലവിലുള്ള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് സർവ്വീസ് സ്പെഷ്യൽ റൂൾ പുതുക്കേണ്ട നടപടിയുടെ ആവശ്യമുണ്ടോ ?

സംസ്ഥാനത്തിന്റേയും വിവിധ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടേയും സമഗ്രവും സന്തുലിതവുമായ വികസനത്തിന് സുശക്തമായ ശാസ്ത്രീയ ആസൂത്രണം വഴിയേ സാദ്ധ്യമാകുകയുള്ളൂ. ഈ ലക്ഷ്യത്തിന് യോജിക്കുന്ന രീതിയിൽ സംയോജിത സർവ്വീസ് രൂപീകരിക്കുന്ന അവസരത്തിൽ ഈ പ്രധാന വിഭാഗത്തിനെ ഉൾപ്പെടുത്തുമ്പോൾ നിലവിലുള്ള നഗര-ഗ്രാമാസൂത്രണ സർവ്വീസ് റൂളിലും അനിവാര്യമായ മാറ്റങ്ങൾ ആവശ്യമാണ്.

41. ഈ രണ്ട് വിഭാഗത്തിന്റേയും സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവ്വീ സിലും അടിസ്ഥാന തലത്തിലുള്ള റിക്രൂട്ട്മെന്റ് ഒരേ രീതിയിൽ ആയിരു ന്നാൽ മതിയാകില്ലെ?

രണ്ട് വ്യത്യസ്ത തൊഴിൽ രീതിയിലുള്ള ഈ രണ്ട് വിഭാഗങ്ങളുടെ പ്രവർത്തനം തികച്ചും രണ്ട് രീതിയിലായതിനാൽ ആ സർവ്വീസിൽ പ്രവേശിക്കുന്ന ജീവക്കാരുടെ യോഗ്യതയും പ്രവർത്തനമേഖലയും തീർത്തും വെവ്വേറെയാണ്. ആയതിനാൽ സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവ്വീസിലും നിയമനം നടത്തുന്നത് വ്യത്യസ്ത രീതിയിലായിരിക്കുന്നതാണ് അഭികാമ്യം.

42. നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് നഗര-ഗാമാസൂത്രണ വകുപ്പിൽ സിവിൽ എഞ്ചിനീയറിംഗിലും, ആർക്കിടെക്ക്ച്ചറിലും ബിരുദമുള്ള അടി സ്ഥാനയോഗ്യതയുള്ളവർ അല്ലാത്ത മറ്റ് സാമൂഹികശാസ്ത്രങ്ങളിൽ അടി

സ്ഥാന യോഗ്യതയായ പോസ്റ്റ് ഗ്രാജുവേഷനും ആസൂത്രണത്തിൽ പോസ്റ്റ് ഗ്രാജുവേഷനും ഉള്ളവർ വരേണ്ടതുണ്ടോ?

തുടർന്ന്, 2016-ൽ അധികാരത്തിൽ വന്നസർക്കാർ, ആദ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിന്റെ 42-mw ഖണ്ഡികയിൽ, 2011-ലെ സർക്കാർ ഉത്തരവിനെ പരാമർശിച്ചു കൊണ്ട്, തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് ഒരു പൊതുസർവ്വീസ് രൂപീകരിക്കുമെന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണർ പ്രഖ്യാപിച്ചിരുന്നു. 2011-ലെ മന്ത്രിസഭാ തീരുമാനത്തിന്റേയും അതു പരാമർശിച്ചുകൊണ്ടുള്ള 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിന്റേയും തുടർച്ചയായി, പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്ക് നിയമാനുസൃതമായ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് 27/12/2016-ലെ സ.ഉ(കൈ.)നം.198/2016/തസ്വഭവ ഉത്തരവ് പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. വിശദമായ പഠനത്തിനും ബന്ധപ്പെട്ടവരുമായും വിവിധ വകുപ്പിലെ മേധാവികളും ജീവനക്കാരുടെ സംഘടനകളുമായും വിശദമായ ചർച്ചകൾക്കും വിശകലനത്തിനും ശേഷം ഏകീകൃത പൊതു സർവ്വീസിന്റെ സ്റ്റേറ്റിന്റേയും സബോർഡിനേറ്റിന്റെയും സ്പെഷ്യൽ റൂളുകളുടെ കരട് രൂപം 27.03.2018-ൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സർക്കാരിൽ തുടർനടപടികൾക്കായി സമർപ്പിച്ചിരുന്നു.

ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമനടപടികൾക്കായി സമർപ്പിക്കുന്നതിനും ചട്ടങ്ങളോടൊപ്പം ഉൾപ്പെടുത്തേണ്ട ജീവനക്കാരുടെ

സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക, ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും മേൽപറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ടും 27.01.2018-ലെ സ.ഉ(കൈ)നം.10/2018/ തസ്വഭവ എന്ന നമ്പർ പ്രകാരം ഉത്തരവായിരുന്നു.

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച കരട് ചട്ടങ്ങൾ പൊതു ചർച്ചയ്ക്ക് വിധേയമാക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. നിരവധി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിക്കുകയും അവയിൽ സ്വീകരിക്കുവാൻ കഴിയുന്ന കാര്യങ്ങൾ കണക്കിലെടുത്തു കരട് ചട്ടങ്ങൾ പുതുക്കിയിരുന്നു. ഔദ്യോഗിക പ്രക്രിയയുടെ ഭാഗമായി പ്രസ്തുത പുതുക്കിയ ചട്ടങ്ങളുടെ കരട് എല്ലാ അംഗീകൃത സംഘടനകൾക്കും സർക്കാർ അയച്ചുകൊടുക്കുകയും തുടർന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് 2018 നവംബർ 8, 9, തീയതികളിൽ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 48, 222, 224 എന്നീവകുപ്പുകളിൽ ഭേദഗതി വരുത്തി 6/03/2019-ലെ ഓർഡിനൻസ് വഴിയും തുടർന്ന് കേരള നിയമസഭയുടെ അംഗീകാരം വഴിയും 2.12.2019-ലെ വിജ്ഞാപനം വഴിയും കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും സർക്കാർ ജീവനക്കാരാക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൊതുസർവ്വീസിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

കരട് ചട്ടങ്ങളിൽ തുടർ നടപടിയെടുക്കുന്നതിനായി നിലവിലുണ്ടായിരുന്ന അഞ്ചു വകുപ്പുകളുടെ മേധാവികളുടെ അഭിപ്രായം ശേഖരിക്കുന്നതിനും സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ അനുസരിച്ച് നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ പരിശോധിക്കുന്നതിനും 20.09.2019-ലെ സ.ഉ (സാധാ) നം.2036/2019/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ചെയർപേഴ്സൺ ആയും ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ മെമ്പറായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ കൺവീനറായും ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ എല്ലാ വകുപ്പ മേധാവികളുമായി ചർച്ചചെയ്യുകയും തുടർന്ന് വിഷയം സമഗ്രമായി അവലോകനം ചെയ്തു റിപ്പോർട്ടു തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും സർക്കർ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 17.07.2020-ൽ സ.ഉ.(കൈ)നം.106/20/ തസ്വഭവ നമ്പർ പ്രകാരം അഞ്ചു വകുപ്പുകളെ ഏകീകരിച്ചുകൊണ്ടും തുടർന്ന് എടുക്കേണ്ട നടപടികൾ വ്യക്തമാക്കികൊണ്ടും ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. സർവ്വീസ് സംഘടനകളിലെ ചിലർ ഈ ഉത്തരവിനെതിരെ, അവരുടെ അഭിപ്രായം കേട്ടില്ലായെന്നും അംഗീകൃത സ്പെഷ്യൽ റൂൾ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടില്ലായെന്നും ചൂണ്ടിക്കാട്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്തിരുന്നു. ഔദ്യോഗിക പ്രക്രിയയുടെ ഭരണപരമായ നടപടി ക്രമങ്ങൾ അനുസരിച്ച് പുതുക്കിയ അംഗീകൃത കരട് സ്പെഷ്യൽ റൂളുകൾ ഒന്നുകൂടി ജീവനക്കാരുടെയും ബന്ധപ്പെട്ടവരുടേയും അഭിപ്രായങ്ങൾ അറിയുന്നതി നായി വീണ്ടും 23.12.2020-ൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എല്ലാ സർവീസ് സംഘടനകളുമായി വീണ്ടും ചർച്ച നടത്തിയതിനെ തുടർന്ന് പൊതുസർവ്വീസിന്റെ സ്പെഷ്യൽ റൂളുകൾ എല്ലാ ഭരണപരമായ നടപടിക്രമങ്ങൾ അനുസരിച്ച് അന്തിമരൂപത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 17/07/2020-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടികൾ അനുസരിച്ച് ഏകീകൃത വകുപ്പിന്റെ സംസ്ഥാനതല സംവിധാനത്തിന്റേയും ജില്ലാതല സംവിധാനത്തിന്റേയും പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പ്രകീയ പ്രാവർത്തികമാക്കുന്നതിന് വകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കണമെന്നും മാന്വൽ തയ്യാറാക്കുന്നതിനുവേണ്ടി അടിയന്തിരമായി ഒരു രൂപരേഖ തയ്യാറാക്കണമെന്നും കമ്മീഷനോട് സർക്കാർ നിർദ്ദേശിച്ചിരുന്നു.

അദ്ധ്യായം. II

2.0. തദ്ദേശസ്വയംഭരണ വകുപ്പ് പൊതുസർവ്വീസും ഫംഗ്ഷണൽ മാന്വലും

2.1. തദ്ദേശസ്വയംഭരണ വകുപ്പിലെ ഏകീകൃത പൊതുസർവ്വീസിന്റെ ആവശ്യവും പ്രത്യേകതകളും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും കാര്യക്ഷമവും ആത്മാർത്ഥവുമായ സേവനം അനിവാര്യമാണ്. സംസ്ഥാന സർക്കാരിന്റെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സാമൂഹ്യ, സാമ്പത്തിക, ഭൗതിക വികസന നയങ്ങളും വിവിധ വികസന പദ്ധതികളും സമഗ്രമായി നടപ്പിലാക്കുന്നതും അവ ആസൂത്രണവും അവലോകനവും നടത്തുന്നതും ഇതേ ഉദ്യോഗസ്ഥരുടെ സേവനം വഴിയാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ തദ്ദേശസ്ഥാപനങ്ങളിലെ വിവിധ ഫ്ളാഗ് ഷിപ്പ് പദ്ധതികളുടെ നടത്തിപ്പിനും ഇവരുടെ സേവനം അനിവാര്യ മായിട്ടുണ്ട്. സുപ്രധാന ഭരണഘടനാ ഭേദഗതി വഴി രൂപം കൊണ്ട ജില്ലാ ആസൂത്രണ സമിതിയുടെ ശക്തമായ പ്രവർത്തനത്തിനും ജില്ലയുടെ സമഗ്രമായ ആസൂത്രണത്തിനും ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും ദീർഘവീക്ഷണത്തോടെയും സുസ്ഥിരവുമായ വികസന പദ്ധതികൾ കൂട്ടായി തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്രകൃതി സംരക്ഷണത്തിനും ഈ ജീവനക്കാരുടെ സംയോജിത സേവനം ആവശ്യമാണ്.

മുകളിൽ വിവരിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ നിലവിലുണ്ടായിരുന്ന അഞ്ചു വിവിധ വകുപ്പുകളിലായി നിലകൊണ്ടിരുന്ന ഉദ്യോഗസ്ഥരുടേയും ജീവനക്കാരിലൂടെയുമായിരുന്നു കൈകാര്യം ചെയ്തിരുന്നത്. വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഭരണപരമായ മേൽനോട്ടം ബന്ധപ്പെട്ട വ്യത്യസ്തങ്ങളായ വിവിധ വകുപ്പുകൾക്കാണ്. ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ, പഞ്ചായത്ത് വകുപ്പിനും ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർ ഗ്രാമവികസന വകുപ്പിനും, ജില്ലാ പഞ്ചായത്തിലെ ജീവനക്കാർ മറ്റു ഭരണപരമായ സംവിധാനത്തിന്റെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. ഈ വിവിധ വകുപ്പുകളുടേയും അടിസ്ഥാന പ്രവർത്തന മേഖല ഒരേ സ്ഥലമായ ഗ്രാമപ്രദേശമാണ്. അതുപോലെ തന്നെ നഗരസഭയിലെ ജീവനക്കാർ നഗരകാര്യ വകുപ്പിനു കീഴിലും വിവിധ തലങ്ങളിലുള്ള തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് സർവ്വീസിലെ ജീവനക്കാരുടെ മേൽനോട്ടം ചീഫ് എഞ്ചിനീയർക്കും വിവിധ തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടി ആസൂത്രണം നടത്തുന്നവരുടെ മേൽനോട്ടം നഗര-ഗ്രാമാസൂത്രണ വകുപ്പിനുമാണ്. ഈ വ്യത്യസ്തങ്ങളായ വകുപ്പുകളുടെ പ്രവർത്തനത്തിൽ നിലവിൽ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്ഥാപനങ്ങളിലോ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ ഏകോപനം ഇല്ല. ഈ ഗുരുതരമായ ഏകോപനമില്ലായ്മയുടെ ഭാഗമായി അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്ത ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് തടസ്സമായി നിന്ന നിരവധി സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്നു.

പരസ്പരപൂരകമല്ലാത്ത ഈ ഏകോപനമില്ലായ്മമൂലം തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാമൂഹ്യ, സാമ്പത്തിക, ഭൗതിക കാര്യങ്ങളിലെ സമഗ്രമായ ആസൂത്രണത്തിനും, സുസ്ഥിരവും സമഗ്രവുമായ പദ്ധതികൾ ദീർഘവീക്ഷണത്തോടെ തയ്യാറാക്കുന്നതിനും, അതിന്റെ നടത്തിപ്പിനും, ജില്ലാതലത്തിലുള്ള അംഗീകാരത്തിനും(DPC), ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള അവലോകങ്ങൾക്കുമുള്ള കാര്യക്ഷമതയില്ലായ്മ വിവിധ സന്ദർഭങ്ങളിൽ മനസ്സിലായിട്ടുണ്ട്. വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, മഹാമാരി എന്നിവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോഴുള്ള അടിയന്തര സാഹചര്യങ്ങളിൽ പോലും സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ ഏകോപനമില്ലായ്മ പ്രകടമായിരുന്നു. കൂടാതെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആവിഷ്കാരത്തിലും നടത്തിപ്പിലും അവലോകനത്തിലും ഏകോപനമില്ലായ്മ മൂലം പലപ്പോഴും ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വന്നിരുന്നു.

കേരളത്തിന്റെ പ്രാദേശിക ഭരണ സ്ഥാപനങ്ങളിലെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഏറെകുറെ സമാനമാണ്. ഗ്രാമപഞ്ചായത്തുകളിലേയും നഗര സഭകളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും അനിവാര്യ ചുമതലകളുടേയും പൊതുചുമതലകളുടേയും കാര്യത്തിൽ അവ തമ്മിൽ കാര്യമായ വ്യത്യാസം നിലനില്ക്കുന്നില്ല. കൂടാതെ ഈ വിവിധ സ്ഥാപനങ്ങളിലെ ആസൂത്രണ ചുമതലകളും ഉത്തരവാദിത്വങ്ങളും നടപടിക്രമങ്ങളും സമാനമാണ്. വ്യത്യസ്ത വികസന പ്രശ്നങ്ങളുടെ ലഘുഗുരുത്വത്തിൽ മാത്രമേ ഗ്രാമ-നഗരപ്രദേശത്തിന്റെ വ്യത്യാസം നിലനില്ക്കുന്നുള്ളൂ. ഈ രീതിയിലുള്ള സമാനമായ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും നിർവ്വഹണ ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിവിധ തദ്ദേശസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും ഏകീകൃത പൊതു സർവ്വീസിൽ ഉൾപ്പെടുത്തി ആവശ്യാനുസരണം വിന്യസിക്കുകയാണെങ്കിൽ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം വഴി ഭരണഘടനാ ഭേദഗതി നിയമത്തിന്റെ അന്തസത്തയ്ക്കനുസരിച്ച് കരുത്തുറ്റ പ്രാദേശിക ഭരണ സ്ഥാപനങ്ങളായി മാറുന്നതാണ്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംസ്ഥാന സർക്കാരിന്റെ ഭരണപരമായ ഏകീകൃത മേൽനോട്ടവും അവലോകനവും തികച്ചും വേണ്ടതാണ്. ഇതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ ഏകീകൃത പൊതുസർവ്വീസ് രൂപീകരണത്തിന്റെ ആവശ്യം തികച്ചും അനിവാര്യമാണ്.

കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ വേർതിരിവ് ഇല്ലാതെ ഇടതൂർന്ന സാമൂഹ്യ ജനജീവിതരീതിയുള്ള സ്ഥലമായതിനാലും ഉയർന്ന തോതിലുള്ളതും അതിദ്രുതഗതിയിലുള്ളതുമായ നഗര വൽക്കരണത്തിന്റെ ഫലമായി നിരവധി ഗ്രാമപഞ്ചായത്തുകളെ അടിക്കടി നഗര സഭകളാക്കി ഉയർത്തേണ്ടി വരുന്നുണ്ട്. ഇതുമൂലം വ്യത്യസ്തങ്ങളായ വകുപ്പുകളും സർവ്വീസുകളിലുമുള്ള ജീവനക്കാരുടെ തസ്തികകളിലെ ഏറ്റകുറവുകളും മാറ്റങ്ങളും വഴി സംസ്ഥാന സർക്കാരിന് പലപ്പോഴും ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാകാറുണ്ട്. ഏകീകൃത സർവ്വീസായിരുന്നെങ്കിൽ ഈ വിഷയം സർക്കാരിന് ലഘുവായരീതിയിൽ കൈകാര്യം ചെയ്യാമായിരുന്നു. അതുകൊണ്ട് തന്നെ തദ്ദേശഭരണ കാര്യങ്ങളിൽ ഏകീകൃത സർവ്വീസിന്റെ അനിവാര്യത ഏറെ വലുതാണ്.

മുകളിൽ വിവരിച്ച കാലാകാലങ്ങളായിട്ടുള്ള വിവിധ വിഷയങ്ങൾ സമഗ്രമായി വിശകലനം ചെയ്ത അവസരത്തിൽ ശക്തവും കാര്യക്ഷമവുമായ തദ്ദേശസ്വയംഭരണ വകുപ്പിനു ഏകോപിത പൊതുസർവ്വീസിന്റെ ആവശ്യകത സർക്കാർ മനസ്സിലാക്കിയിരുന്നു. നിലവിലുള്ള വിവിധ വകുപ്പുകളിലായി നിലകൊള്ളുന്ന ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും സേവന സംബന്ധമായ സ്പെഷ്യൽ റൂളുകൾ വ്യത്യസ്തമാണ്. അപ്രകാരമുള്ളവരെ ഏകോപിപ്പിച്ച് ഒരൊറ്റ വകുപ്പിനും ഒറ്റ സ്പെഷ്യൽ റൂളിനു കീഴിലും കൊണ്ടുവരിക എന്ന കാര്യവും സർക്കാരിന്റെ ദീർഘകാലമായുള്ള പരിഗണനാ വിഷയമാണ്. അതനുസരിച്ചാണ് 27/12/2018-ലെ സർക്കാർ ഉത്തരവ് വഴി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകോപിത പൊതുസർവ്വീസിന്റെ കരട് സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നത്.

2.2. വിവിധ വകുപ്പുകളുടെ സംയോജന സമീപനവും ഏകീകരണ പ്രക്രിയയും.

നിലവിലുള്ളഅഞ്ചു വകുപ്പുകൾ നിയമപരമായ മാനങ്ങൾ മാത്രം പരിഗണിച്ചുകൊണ്ട് യാന്ത്രികമായി ഏകോപിപ്പിച്ച് കരട് ചട്ടങ്ങൾ എഴുതി തയ്യാറാക്കുന്നതിനുപകരം ഏകീകൃത സർവ്വീസിനെ സംബന്ധിച്ച വിവിധവശങ്ങൾ പരിശോധിച്ചുകൊണ്ട് ഒരു ബഹുമുഖ(Multidisciplinary) പഠനരീതി അവലംബിച്ചുള്ള ചട്ടനിർമ്മാണ പ്രക്രിയയാണ് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഒരു വർഷം കൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കുന്ന വിധത്തിലാണ് സമഗ്രമായ വിശകലനങ്ങളുടെയും പഠനങ്ങളുടേയും അടിസ്ഥാനത്തിൽ സംയോജന പ്രക്രീയ പൂർത്തിയാക്കാനാവശ്യമായ സമയക്രമം തീരുമാനിച്ചത്. കാലോചിതവും പൊതുജനഹിതമനുസരിച്ചുള്ളതും വികേന്ദ്രീകരണ പ്രക്രിയയെ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്നതുമായ ഒരു പുതിയ ഭരണ നിർവ്വഹണ വ്യവസ്ഥ നിലവിൽ വരുന്നതിന് സഹായിക്കുന്ന തരത്തിലാവണം പ്രത്യേക ചട്ടങ്ങൾ രൂപകല്പനചെയ്യേണ്ടതെന്നുള്ള ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കരട് ചട്ടങ്ങൾക്ക് രൂപം നല്കിയിട്ടുള്ളത്. ബന്ധപ്പെട്ട ജീവനക്കാരുടെ സംഘടനകളും വ്യക്തികളുമായുള്ള തുറന്ന ചർച്ചകളും അന്വേഷണങ്ങളും വകുപ്പുകളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും നിലവിലുള്ള അവസ്ഥാവിശകലനവും ചട്ടരൂപീകരണ പ്രക്രിയയെ സഹായിക്കുന്ന അടിസ്ഥാന സമീപനങ്ങളായി കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. നിയമപരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണ തലത്തിൽ നിർവ്വഹിക്കേണ്ട ധർമ്മങ്ങൾ (Functions) സംബന്ധിച്ച് പ്രത്യേക ശ്രദ്ധകൊടുത്തിട്ടുമുണ്ട്.

മുപ്പതോളം സർവ്വീസ് സംഘടനകളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യ വേദിയായ അസോസിയേഷനുകളുടെയും ഒന്നര മാസത്തോളം നീണ്ടു നിന്ന തുറന്ന ചർച്ചയിലൂടെ മനസ്സിലാക്കിയ പൊതുവായതും സവിശേഷമായതുമായ പ്രശ്നങ്ങൾ, സംഘടനകൾ മുന്നോട്ട് വച്ച വ്യത്യസ്തങ്ങളായ നിർദ്ദേശങ്ങൾ എന്നിവ സമഗ്ര വിശകലനത്തിന്റെ ഒരു പ്രധാനഭാഗമാണ്. ഇതു കൂടാതെ താഴെപ്പറയുന്ന ആറ് പ്രധാന തലങ്ങളിലാണ് സൂക്ഷ്മ വിശകലനങ്ങൾ നടത്തിയിട്ടുള്ളത്.

1) അഞ്ചു വകുപ്പുകൾക്കും ബാധകമായ നിലവിലുള്ള സ്പെഷ്യൽ റൂളുകൾ, സർവ്വീസുമായി ബന്ധപ്പെട്ട് സർക്കാർ പലപ്പോഴായി ഇറക്കിയ ഉത്തരവുകൾ, നിയമ തർക്കങ്ങൾ.

2) ബന്ധപ്പെട്ടവകുപ്പുകൾ ലോക്കൽ ഗവണമെന്റ് കമ്മീഷൻ ആവശ്യപ്പെട്ടത നുസരിച്ച് നൽകിയിരിക്കുന്ന ജീവനക്കാരെ സംബന്ധിച്ച സ്ഥിതിവിവരകണക്കുകളും ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ടുകളടക്കമുള്ള മറ്റ് ഔദ്യോഗിക റിപ്പോർട്ടുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ.

3) നിലവിലുള്ള അഞ്ചു വകുപ്പുകളുടെ വ്യത്യസ്ത തലങ്ങളിലുള്ള ഓഫീസുകളിൽ നിലവിൽ നിർവ്വഹിക്കുന്ന ചുമതലകൾ സംബന്ധിച്ച വിശകലനം.

4) 73ഉം 74ഉം ഭേദഗതികൾ പ്രകാരം ഭരണഘടനയിൽ ഉൾപ്പെടുത്തപ്പെട്ട 11-ഉം 12-ഉം ഷെഡ്യൂൾഡുകളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ഷെഡ്യൂളുകളും അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളുടേയും ഉത്തരവാദിത്വങ്ങളുടേയും വിശകലനം.

5) സംസ്ഥാന ബജറ്റ് രേഖകളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അനുവദിച്ചിരിക്കുന്ന ഹെഡ് ഓഫ് അക്കൌണ്ടുകളുമായി ചേർത്തിരിക്കുന്ന വ്യത്യസ്ത സ്കീമുകളും പ്രോഗ്രാമുകളും മിഷനുകളും സംബന്ധിച്ച വിവരങ്ങൾ.

6) വികേന്ദ്രീകരണ പ്രക്രിയയും തദ്ദേശസ്വയംഭരണ സർവ്വീസ് സംയോജനവുമായി ബന്ധപ്പെട്ട് പുറത്തു വന്ന ഔദ്യോഗിക പഠന റിപ്പോർട്ടുകൾ.

ഇത്തരത്തിൽ നടത്തിയ സമഗ്രമായ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് ഏകീകൃത വകുപ്പിന്റെ പുതിയ ഘടനയെ സംബന്ധിച്ച കാഴ്ചപ്പാട് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഏകീകരണം പൂർണ്ണ അർത്ഥത്തിൽ സാധ്യമാക്കുന്നതിന് കാറ്റഗറികളുടെ എണ്ണം കഴിയാവുന്നത്ര കുറച്ചുകൊണ്ട് പരസ്പരം സ്ഥലം മാറ്റാവുന്ന തസ്തികകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. സാമ്പ്രദായിക വകുപ്പുകളുടെ സ്വാഭാവിക ധർമ്മത്തിൽ നിന്നും വ്യത്യസ്തമായി വികസനവും ജനങ്ങൾക്ക് സേവനങ്ങളും എത്തിക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായക സംവിധാനമെന്ന നിലയിൽ ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പിൽ മിനിസ്റ്റീരിയൽ, എക്സിക്യൂട്ടീവ് വിഭജനവും നിലനിർത്തിയിട്ടില്ല.പഞ്ചായത്ത്-മുനിസിപ്പൽ നിയമങ്ങൾക്കനുസൃതമായി പദ്ധതി രൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങളും സേവന നിർവ്വഹണത്തിനും എല്ലാ ജീവനക്കാരും പ്രാപ്തരാകുന്ന സർവ്വീസായി ഇതു മാറും. വ്യത്യസ്ത വകുപ്പുകളിലെ കാറ്റഗറികളിൽ ഉൾപ്പെട്ട ശമ്പള സ്കെയിലിന്റെയും യോഗ്യതയുടെയും സമാനതകളുടെയും അടിസ്ഥാനത്തിൽ സമാനമായവയെ ഏകീകരിച്ചുകൊണ്ട് വകുപ്പിനകത്തെ സ്ഥാനകയറ്റവും പരസ്പരമാറ്റവും എളുപ്പമാകാവുന്ന രീതിയിൽ കാറ്റഗറികളെ പുനർനിശ്ചയിച്ചുകൊണ്ടു സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുന്ന പ്രവർത്തനമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

2.3. കേരള തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസിന്റേയും സബോർഡിനേറ്റ് സർവ്വീസിന്റെയും ചട്ടങ്ങൾ.

നിലവിലുണ്ടായിരുന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശസ്വയം ഭരണ എഞ്ചിനിയറിംഗ് സർവ്വീസ്, നഗരഗ്രാമാസൂത്രണം എന്നീ അഞ്ചുവകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് (എൽ.എസ്.ജി.ഡി) നിലവിൽ വരുന്നത്. ഈ അഞ്ചു വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന സർവ്വീസുകളുടെ സ്പെഷ്യൽ റൂളുകൾ ഏകീകരിച്ചുകൊണ്ട് നിയമാനുസൃതമായ എല്ലാ ഭരണപരമായ നടപടിക്രമങ്ങളും പാലിച്ചാണ് കേരള തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ, സബോർഡിനേറ്റ് സർവ്വീസ് റൂൾ, എന്നീ ഏകീകൃത ചട്ടങ്ങളുടെ അന്തിമ കരട് രൂപം സർക്കാർ പ്രസിദ്ധികരിച്ചിട്ടുള്ളത്. 1968-ലെ കേരളാപബ്ലിക് സർവ്വീസ് ആക്റ്റിന്റെ 2-mwവകുപ്പിലെ നിബന്ധനകൾ അനുസൃതമായി ട്ടാണ് ഈ റൂളുകൾ രൂപപ്പെടുത്തിയത്.

2006-ലെ കേരള പഞ്ചായത്ത് സർവ്വീസിന്റെ സ്പെഷ്യൽ റൂളും 2010-ലെ കേരളാ സ്റ്റേറ്റ് അർബൻ അഫയേഴ്സ് സർവ്വീസ് സ്പെഷ്യൽ റൂളും 20/03/1993-ലെ സ.ഉ(പി) നം.22/93/P & ARDഎന്ന ഉത്തരവ് പ്രകാരമുള്ള മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ വകുപ്പിലെ ഹെൽത്ത് വിഭാഗം ജോയിന്റ് ഡയറക്ടർ തസ്തികയുടെ സ്പെഷ്യൽ റൂളും, 2001-ലെ കേരള നഗര ഗ്രാമാസൂത്രണ സർവ്വീസ് സ്പെഷ്യൽ റൂളും, 2001-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് (മിനിസ്റ്റീരിയൽ ആന്റ് റവന്യൂ ബ്രാഞ്ച്) റൂളും, മുനിസിപ്പൽ കോമൺ സർവ്വീസി (ഹെൽത്ത് വിഭാഗം)ന്റെ സ്പെഷ്യൽ റൂളും, 2001-ലെ കേരള തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് സർവ്വീസ് സ്പെഷ്യൽ റൂളും, 2011-ലെ കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്പ്മെന്റ് സർവ്വീസ് സ്പെഷ്യൽ റൂളും, 2010-ലെ ഗ്രാമവികസന വകുപ്പിന്റെ കീഴിലെ എക്സ്റ്റെൻഷൻ ട്രയിനിംഗ് വിഭാഗത്തിന്റെ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂളും ഈ റൂളുകളോടനുബന്ധിച്ച് കാലാകാലങ്ങളായിട്ടുവന്നിട്ടുള്ള ഭേദഗതികളും സംയോജിപ്പിച്ചാണ് കേരള തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (2021) തയ്യാറാക്കിയിരിക്കുന്നത്.

അതുപോലെ, 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് റൂളും, 2001-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് (എഞ്ചിനിയറിംഗ് ആന്റ് ടൗൺപ്ലാനിംഗ് സർവ്വീസ്) സ്പെഷ്യൽ റൂളും, കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് (മിനിസ്റ്റീരിയൽ ആന്റ് റവന്യൂ ബ്രാഞ്ച്) സ്പെഷ്യൽ റൂളും, കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് (ഹെൽത്ത് ബ്രാഞ്ച്) സ്പെഷ്യൽ റൂളും, 2008-ലെ ഗ്രാമവികസന വകുപ്പിന്റെ കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളും, 2010-ലെ ഗ്രാമവികസന വകുപ്പിലെ എക്സ്റ്റെൻഷൻ ട്രയിനിംഗ് സെന്ററുകളുടെ സ്പെഷ്യൽ റൂളും 2007-ലെ കേരള തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളും, 2000-ലെ

കേരളാ ടൌൺ ആന്റ് കൺട്രി പ്ലാനിംഗ് സബോർഡിനേറ്റ്സർവ്വീസ് സ്പെഷ്യൽ റൂളും, അനുബന്ധമായി തുടർന്ന് ഉണ്ടാക്കിയിട്ടുള്ള ഭേദഗതികളും ഏകീകരിച്ചാണ് കേരള തദ്ദേശസ്വയംഭരണ വകുപ്പ് സബോർഡിനേറ്റ്സർവ്വീസ് സ്പെഷ്യൽ റൂൾ (2021) രൂപീകരിച്ചിട്ടുള്ളത്.

ഈ കരട്ചട്ടങ്ങൾ,അന്തിമമാക്കിയതിനുശേഷം,ആധികാരികമായി സർക്കാർ വിജ്ഞാപനം വഴി പ്രസിദ്ധീകരിക്കുന്ന നാൾതൊട്ട് നിലവിൽ വരുന്നതാണ്. ഈ ചട്ടങ്ങളിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർവ്വീസിലെ ജീവനക്കാരുടെ തരംതിരിവ്, നിയമനരീതി, യോഗ്യത, സേവന വ്യവസ്ഥകൾ, നിയമന അധികാരി, നിയമനത്തിനുള്ള സംവരണ വ്യവസ്ഥ, പ്രായത്തെ സംബന്ധിച്ച കാര്യം, പ്രൊബേഷൻ, സർവ്വീസിൽ ഉൾപ്പെടുന്ന പരീക്ഷയും അതിൻമേലുള്ള യോഗ്യതയും പരിശീലനം, എന്നിവയെ സംബന്ധിച്ചും വിശദീകരിക്കുന്നു. കൂടാതെ ഈ ചട്ടങ്ങൾ നിലവിൽ വരുന്നതുവരെ വിവിധ സർവ്വീസിലുള്ള ജീവനക്കാരുടെ സീനിയോറിറ്റിയും അവരുടെ പ്രമോഷനും നേരത്തെ അവരുടെ സർവ്വീസിൽ ഉണ്ടായിരുന്നതുപോലെ സംരക്ഷിക്കുന്നതായിരിക്കുമെന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി പുതിയതായി വരുന്ന നിയമനങ്ങളും വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങളും പുതിയ ഏകീകരണ ചട്ടങ്ങൾ അനുസരിച്ചായിരിക്കുന്നതുമാണ്. പുതിയ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ പരാതി പരിഹരിക്കുന്നതിന് സംവിധാനം ഉണ്ടായിരിക്കുന്നതാണെന്നും വിശദമാക്കിയിട്ടുണ്ട്.

2.3.1. ഏകീകൃതപൊതുസർവ്വീസ് ചട്ടങ്ങൾക്കാധാരമായി എടുത്ത പ്രധാന സർക്കാർ തീരുമാനങ്ങൾ

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടും മറ്റുഭരണപരമായ എല്ലാ നടപടിക്രമങ്ങളും സർക്കാർ വിശദമായി പരിശോധിച്ച്, അതിന്റെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുന്ന നിബന്ധനകൾ പ്രകാരം അഞ്ചു വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് 17/07/2020-ലെ സ.ഉ(കൈ) നം.106/2020/ത.സ്വ.ഭ.വ എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1) ഏകീകൃത വകുപ്പിന്റെ പേര് തദ്ദേശസ്വയംഭരണ വകുപ്പ് (എൽ.എസ്.ജി.ഡി) എന്നും വകുപ്പുതലവന്റെ പേര് പ്രിൻസിപ്പൽ ഡയറക്ടർ എന്നും ആയിരിക്കുന്നതാണ്.

2) എ) നിലവിലുള്ള ഗ്രാമവികസന കമ്മീഷണറേറ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നീ മൂന്നു വകുപ്പുകൾ സംയോജിപ്പിച്ച് റൂറൽ, അർബൻ എന്നീ രണ്ടു വിംഗുകൾ രൂപീകരിക്കുകയും ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് പകരം ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ), ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)എന്നീ തസ്തികകൾ നിലവിൽ വരുന്നതുമാണ്.

ബി) നിലവിലുള്ള എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ചുമതലയിൽ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ് എന്ന് മാറുന്നതാണ്.

സി) നിലവിലുള്ള നഗരഗ്രാമാസൂത്രണ വകുപ്പ് ചീഫ് suൺ പ്ലാനറുടെ ചുമതലയിൽ പ്ലാനിംഗ് വിംഗ് ആയി മാറുന്നതാണ്. (LSGD Planning)

ഡി) നഗരകാര്യവകുപ്പിലെയും പഞ്ചായത്തുകളിലെയും ആരോഗ്യം ശുചിത്വ വിഭാഗത്തിലെ എല്ലാ ജീവനക്കാരും പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിംഗിൽ ഉൾപ്പെടുന്നതാണ്. ഈ വിംഗിലെ എല്ലാ ജീവനക്കാരുടെയും നിയമനം, പ്രമോഷൻ, സ്ഥലംമാറ്റം എന്നിവ പ്രിൻസിപ്പൽ ഡയറക്ടറിലും, ജില്ലയുടെ ചുമതലയുള്ള ജോയിന്റ് ഡയറക്ടറിലുമായി നിക്ഷിപ്തമായിരിക്കുന്നതാണ്.

3) ഏകീകൃത വകുപ്പിന്റെ ഭരണം, വകുപ്പിലെ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനം രണ്ടോ അതിൽ കൂടുതൽ വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയുടെ ചുമതല പ്രിസിപ്പൽ ഡയറക്ടർക്ക് ആയിരിക്കുന്നതാണ്.

4) മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സെക്രട്ടറി പദവികൾ അതേപേരിൽ തന്നെ നിലനിർത്തുന്നതാണ്.

5) ജീവനക്കാരുടെ പ്രമോഷന്റെയും സ്ഥലം മാറ്റത്തിന്റെയും കാര്യത്തിൽ താഴെപ്പറയുന്ന രീതി സ്വീകരിക്കേണ്ടതാണ്.

എ) ഏകീകരണ ഉത്തരവ് തീയതിയ്ക്ക് മുമ്പ് സ്റ്റേറ്റ് സർവ്വീസിൽ പ്രവേശിച്ച ഓരോ ജീവനക്കാരനും സർവ്വീസിൽ നിന്നും പിരിയുന്നവരെ പഴയ വകുപ്പുകളിലുള്ള Seniority യും lien ഉം നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രമോഷനുകൾക്കും അർഹതയുണ്ടായിരിക്കും. ഏകീകൃത വകുപ്പിന്റെ ഘടനയനുസരിച്ച് നിലവിലുള്ള വകുപ്പിൽ നിന്നും സമാനതസ്തികയിലുള്ളവരെ ഏകോപിപ്പിക്കുന്നതിന് അവരുടെ ഇപ്പോഴുള്ള തസ്തികകളുടെ പേരുകളും പുതിയ വകുപ്പിൽ അവർ അറിയപ്പെടുന്ന തത്തുല്യമായ പേരുകളും എന്താണെന്ന് ചട്ടങ്ങളിൽ വ്യക്തമാക്കേണ്ടതാണ്. സാങ്കേതിക വിഭാഗങ്ങളിലെ സാങ്കേതിക ജീവനക്കാരൊഴികെ എല്ലാ വകുപ്പുകളിലെയും സമാന തസ്തികയിലുള്ളവരെ പുതുതായി രൂപീകരിക്കുന്ന ഏകീകൃത സർവ്വീസിൽ മാറ്റി നിയമിക്കുന്നതാണ്. Specialised Category യിലുള്ള ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും ബന്ധപ്പെട്ട വിംഗ് മേധാവി/സർക്കാർ നടത്തുന്നതാണ്.

ബി) വിവിധ വകുപ്പുകളിലെ സബോർഡിനേറ്റ് സർവ്വീസിലുള്ള ജീവനക്കാരുടെ കാര്യത്തിലും മേൽപ്പറഞ്ഞ സമീപനം സ്വീകരിക്കുന്നതാണ്. എന്നാൽ ഏകീകൃത സർവ്വീസ് നിലവിൽ വന്ന തീയതിയ്ക്ക് ശേഷം സ്റ്റേറ്റ് സർവ്വീസിലേക്ക് പ്രവേശിക്കുന്ന ഘട്ടത്തിൽ വിവിധ നിയമന മാർഗ്ഗങ്ങളിലൂടെ നിയമനം ലഭിക്കുന്നവരുടെ inter seniority list വിശദമായ പരിശോധനയ്ക്ക് ശേഷം പ്രത്യേകം തയ്യാറാക്കുന്നതാണ്.

6) സെക്രട്ടറിമാരിലേക്കുള്ള പ്രമോഷനും നിയമനവും ഏകീകരിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളുകളിൽ ഭേദഗതി വരുത്തി sub-clause ആയി പുതിയ ചട്ടങ്ങളിൽ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്.

എ) ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് /അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിന്നും സെക്രട്ടറി തസ്തികയിലേക്ക് പ്രമോഷന് നൽകുന്ന നിലവിലെ രീതിയും പ്രൊമോഷൻ മുഖേനയും നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേനയുമുള്ള നിയമത്തിന് നിലവിലുള്ള 60:40 റേഷ്യോ അതേപോലെ തുടരേണ്ടതാണ്.

ബി) മുനിസിപ്പൽ ഗ്രേഡ് III യിലേക്കുള്ള പ്രമോഷൻ അനുപാതം 50 ശതമാനമാക്കി നിശ്ചയിക്കുന്നതും പ്രമോഷൻ രീതി പഞ്ചായത്തിനു സമാനമായിരിക്കുന്നതുമാണ്.

സി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരിലേക്കുള്ള പ്രമോഷൻ 42 ശതമാനമാക്കി നിലവിലുള്ള അനുപാതം അനുസരിച്ച് നിശ്ചയിക്കുന്നതും പ്രമോഷൻ രീതി പഞ്ചായത്തിന് സമാനമായിരിക്കുന്നതുമാണ്.

ഡി) നിലവിലുള്ള മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ ജിലനക്കാർക്ക് സംരക്ഷണം നൽകി മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നീ തസ്തികകൾ ഏകീകരിക്കുന്നതാണ്.

7) സെക്രട്ടറിമാരായി പ്രമേഷൻ ലഭിക്കുന്നവർക്ക് സമഗ്രമായ ട്രെയിനിംഗ് നൽകുന്നതാണ്.

8) ഏകീകൃത വകുപ്പിന്റെ ജില്ലാ മോധാവിയായി ജോയിന്റ് ഡയറക്ടർ/ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ എന്നിവർക്ക് സമാനമായ ഒരാളെ നിയമിക്കേണ്ടതാണ്. ഈ തസ്തികയുടെ പേര് "ജോയിന്റ് ഡയറക്ടർ (ജില്ലയുടെ പേര്) എൽ.എസ്.ജി.ഡി" എന്നായിരിക്കും.

9) ജില്ലാ മേധാവിയുടെ തസ്തികകളിലേക്ക് നിലവിലുള്ള ജോയിന്റ് ഡറക്ടർ, ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ എന്നിവരെ മാറ്റി നിയമിക്കുന്നതാണ്.

10) എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികകളും ഏകീകൃത വകുപ്പിനകത്തെ ജീവനക്കാരുടെ തസ്തികയായി നിശ്ചയിക്കുന്നതാണ്. നിയമന രീതിക്ക് പ്രത്യേക വ്യവസ്ഥകൾ രൂപീകരിക്കുന്നതാണ്.

11) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സഹായകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, എംപവർമെന്റ്, ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് എന്നീ ഉപവിഭാഗങ്ങൾ രൂപീകരിക്കേണ്ടതാണ്.

12) നഗരകാര്യ വകുപ്പിലെ നിലവിലെ മൂന്ന് മേഖലാ ഓഫീസുകൾ നിർത്തലാക്കേണ്ടതും അവ നിർവ്വഹിച്ചു വന്ന പ്രവർത്തികളും ഉത്തരവാദിത്തങ്ങളും ജില്ലാ ജോയിന്റ് ഡയറക്ടറിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്.

13) നിലവിലുള്ള വി.ഇ.ഒ. ഗ്രേഡ് IIറാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷം വി.ഇ.ഒ തസ്തിക vanishing category ആക്കികൊണ്ട് ഇതിൽ ഒഴിവു വരുന്ന തസ്തികകൾ ക്ലാർക്ക് തസ്തികകളാക്കി മാറ്റേണ്ടതാണ്.

14) നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണ്. കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടുകൊടുക്കേണ്ടതാണ്.

15) പ്രിൻസിപ്പൽ ഡയറക്ടേറ്റ്, ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിലും; ജില്ലാ ജോയിന്റ് ഡയറക്ടരുടെ ഓഫീസ്, 45 ദിവസത്തിനുള്ളിലും പ്രവർത്തനമാരംഭിക്കേണ്ടതാണ്.

16) മൂന്ന് മാസത്തിനകം ഏകീകരണം സംബന്ധിച്ച് വിശേഷാൽ ചട്ടങ്ങൾ പരിശോധിച്ച് അന്തിമാക്കാനും ഖണ്ഡിക 6 &12 പറയുന്ന കാര്യങ്ങൾക്കാവശ്യമായ വ്യവസ്ഥകൾ തയ്യാറാക്കുന്നതിനും LSGD Special Secretary-യെ ചുമതലപ്പെടുത്തുന്നു.

17) പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ ഒരു പരാതി പരിഹാര സെല്ലും തദ്ദേശസ്വയംഭരണ വകുപ്പിൽ SPAO-യുടെ അദ്ധ്യക്ഷതയിൽ അഞ്ച് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അപ്പലേറ്റ് അതോറിറ്റി സംവിധാനവും രൂപീകരിക്കേണ്ടതാണ്. പരാതി പരിഹരിക്കാൻ 60 ദിവസമായിരിക്കും സമയപരിധി.

18) വകുപ്പുകൾ തമ്മിൽ സംയോജനം ഉണ്ടാകുമ്പോൾ നിലവിലുള്ള ജിവനക്കാർ, ഫയലുകൾ, റെക്കോർഡുകൾ, ഓഫീസ് കെട്ടിടങ്ങൾ, മറ്റ് അസറ്റുകൾ തുടങ്ങിയവയുടെ വിഭജനം സംബന്ധിച്ച് നിർദ്ദേശിക്കാനും ഓർഗനൈസേഷൻ ചാർട്ട് തയ്യാറാക്കാനും ഒരു ഉദ്യോഗസ്ഥതല സമിതി പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കേണ്ടതാണ്.

19) ഏകീകൃത സർവ്വീസ് ചട്ടം രൂപീകരിക്കുമ്പോൾ റേഷ്യോ അടിസ്ഥാനത്തിലുള്ള നിയമങ്ങളിൽ ഏകീകരണം ഉണ്ടാക്കാനാകുമോ എന്നത് കൂടി പരിശോധിക്കുന്നതാണ്.

20) സംസ്ഥാനതലത്തിലും, മേഖലാതലത്തിലും, ജില്ലാതലത്തിലുമുള്ള ഓഫീസുകളുടെയും അതിലെ ഉദ്യോഗസ്ഥരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കിക്കൊണ്ട് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

21) ഏകീകൃത വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന്റെ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുന്നു.

2.4. ഏകീകൃത പൊതുസർവ്വീസ് ഫംഗ്ഷണൽ മാന്വലിന്റെ ആവശ്യവും മാന്വൽ തയ്യാറാക്കുന്നതിനുള്ള രൂപരേഖയുടെ ഉദ്ദേശവും.

തദ്ദേശസ്വയംഭരണ വകുപ്പിലെ സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂളും സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂളും സർക്കാർ ഔദ്യോഗിക വിജ്ഞാപനം വഴി പ്രസിദ്ധീകരിക്കുമ്പോഴാണ് നിയമപരമായി നിലവിലുണ്ടായിരുന്ന അഞ്ചു വകുപ്പുകളിലെ വിവിധ സർവ്വീസുകൾ ഏകീകരിച്ച് ഒരു വകുപ്പായും പ്രധാനപ്പെട്ട സർവ്വീസുകൾ ആയും മാറുന്നത്. ഈ അഞ്ചുവകുപ്പുകളും വ്യത്യസ്തങ്ങളായ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കാര്യാലയങ്ങളുള്ളവയും പ്രത്യേകം വകുപ്പുതലവന്മാരുള്ളവയും ആണ്. നഗരകാര്യവകുപ്പിനും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സർവ്വീസിനും മാത്രമാണ് ജില്ലാതലത്തിൽ കാര്യാലയങ്ങൾ ഇപ്പോൾ ഇല്ലാതിരിക്കുന്നത്. പകരം ഈ വകുപ്പുകൾക്ക് മേഖലാ തലത്തിലാണ് അവരുടെ ഭരണ നിർവ്വഹണ കാര്യാലയങ്ങളുള്ളത്. വിവിധ തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഭരണപരമായ നേതൃത്വങ്ങൾ ഇപ്പോൾ വിവിധ വകുപ്പുകളിലാണ് നിലനിൽക്കുന്നത്. ഇവരുടെയെല്ലാം സർവ്വീസുകളും വ്യത്യസ്തങ്ങളാണ്. ഈ വ്യത്യസ്തങ്ങളായ സർവ്വീസുകളെ ഏകോപിക്കുന്നതിനുള്ള ഭരണപരമായ നടപടികൾ, ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

വിവിധ വകുപ്പുതലവന്മാരുടേയും ജില്ലാതല മേലധികാരികളുടേയും ചുമതലകളും ഉത്തരവാദിത്വങ്ങളും ഇപ്പോൾ വ്യത്യസ്തങ്ങളാണ്. പക്ഷെ പഞ്ചായത്ത് വകുപ്പിന്റേയും ഗ്രാമവികസന വകുപ്പിന്റെയും അടിസ്ഥാന പ്രവർത്തന മേഖല ഒരേസ്ഥലമായ ഗ്രാമ പ്രദേശമാണ്. പഞ്ചായത്തു വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടേയും നഗരകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിന് കീഴിലുള്ള നഗരസഭകളിലെ ജീവനക്കാരുടേയും അനിവാര്യ ചുമതലകളിലും പൊതു ചുമതലകളിലും സമാനതകളേറെയുണ്ട്. സാങ്കേതിക വകുപ്പുകളായ തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് സർവ്വീസും നഗരഗ്രാമാസൂത്രണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക പിന്തുണനല്കുന്ന വ്യത്യസ്തങ്ങളായ സർവ്വീസുകളാണ്. അഞ്ചു വകുപ്പുകൾ വ്യത്യസ്തങ്ങളായി പ്രവർത്തിക്കുന്നതാണെങ്കിലും സംസ്ഥാന സർക്കാരിന്റെ തദ്ദേശസ്വയംഭരണ സംബന്ധമായ നയങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിനും ആവിഷ്കരിക്കുന്നതിലും ഒരുപോലെ പ്രവർത്തിക്കുകയും സർക്കാരിന്റെ അവലോകന പ്രവർത്തനങ്ങളിൽ പൂർണ്ണ പിന്തുണ നല്കുന്നവയുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതിയ്ക്കും കാര്യക്ഷമമായ പിന്തുണയും സംസ്ഥാന സർക്കാരിന് ശക്തമായ സേവനവും ഒരുപോലെ വരുന്ന രീതിയിലുള്ള ഒരു പുതിയ പ്രവർത്തന നിർവ്വഹണഘടന (ഫംഗ്ഷണൽ സ്ട്രക്ചർ) പുതിയ ഏകോപിത വകുപ്പിനും സർവ്വീസിനും അനിവാര്യമാണ്. ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഏകീകൃത വകുപ്പിന് ഓരോ തലത്തിലും പ്രവർത്തന നിർവ്വഹണ ധർമ്മങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ളതും ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കി കൊണ്ടുള്ളതുമായ ഒരു ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിനും അതിനുവേണ്ടിയുള്ള ഒരു രൂപരേഖയുണ്ടാക്കാനും സർക്കാർ തീരുമാനമെടുത്തിരുന്നു.

സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന് സർക്കാരിന്റേയും വകുപ്പിന്റെ പുതിയമേധാവിയുടെയും വിവിധ വിഭാഗങ്ങളുടേയുംനേതൃത്വത്തിൽ കൂട്ടായ അവലോകനവും വിശകലനങ്ങളും ചർച്ചകളും ആവശ്യമാണ്. കൂടാതെ ബന്ധപ്പെട്ട വിവിധ തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ കർത്താക്കളുടെ അസോസിയേഷനുകളുമായും വിവിധ മിഷനുകളുമായും ഏജൻസികളുമായും വകുപ്പുകളുമായും സമഗ്രമായ ചർച്ചകളും കൂടിയാലോചനകളും നടത്തേണ്ടതായിട്ടുണ്ട്.

പുതിയ ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന് ഉപകാരപ്രദമാകുന്ന രീതിയിലാണ് ൽ ഈ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.

അദ്ധ്യായം III

3.0 ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന്റെ രീതിശാസ്ത്രവും നിർദ്ദിഷ്ട ഉള്ളടക്കവും.

മൂന്നു ഭാഗങ്ങളായാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഫങ്ഷണൽ മാന്വൽ വിഭാവനം ചെയ്തിരിക്കുന്നത്.ആദ്യഭാഗം, സംസ്ഥാന-ജില്ലാ-സ്ഥാപന തല കാര്യാലയങ്ങളും ഉദ്യോഗസ്ഥരും എങ്ങനെ പ്രവർത്തിക്കണമെന്ന് വിശദീകരിക്കുന്നതാണ്.രണ്ടാംഭാഗം, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനെക്കുറിച്ചും,മൂന്നാംഭാഗം വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുമാണ്.

3.1. മാന്വൽ തയ്യാറാക്കുന്നതിന്റെ രീതിശാസ്ത്രം.

ഒരു ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നടന്നുവരികയാണ്. ഈ ഏകീകൃത സർവ്വീസിന്റെ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങൾ (ഫംഗ്ഷൺസ്) ഒരു മാന്വലിന്റെ രൂപത്തിൽ തയ്യാറാക്കുന്നതിന്റെ രൂപരേഖയുടെ രീതിശാസ്ത്രം ആണ് താഴെ വിശദീകരിക്കുന്നത്. ഫങ്ഷണൽ മാന്വൽ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുന്നതിനൊപ്പം ഈ രീതിശാസ്ത്രം കൂടുതൽ ചർച്ചകൾക്ക് വിധേയമായി അന്തിമപ്പെടുത്താവുന്നതാണ്. ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന്റെ രീതിശാസ്ത്രത്തിന്റെ ഒരു രേഖാചിത്രം അടുത്ത പേജിൽ ചേർത്തിട്ടുണ്ട്. മാന്വൽ രൂപീകരണ പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെയുള്ള ഖണ്ഡികളിൽ വിശദീകരിച്ചിട്ടുണ്ട്.

3.1.1. പശ്ചാത്തല വിവരങ്ങളുടെ അവലോകനം.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന്റെ അടിസ്ഥാന പ്രവർത്തനമായിട്ടുള്ളത് ഈ വിഷയത്തെ സംബന്ധിച്ചുള്ള ഇതുവരെയുള്ള വിവിധ പശ്ചാത്തല വിവരങ്ങളുടെ വിശദമായ അവലോകനമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം, വികേന്ദ്രീകരണം വഴി ശക്തിപ്പെടുത്തുന്നതിലധിഷ്ഠിതമായ ഭരണഘടനാ ഭേദഗതികളും ചുമതല നിർവ്വചിക്കുന്ന ഷെഡ്യൂളുകളും തുടർന്നുള്ള സംസ്ഥാനത്തിന്റെ പഞ്ചായത്ത് നഗരപാലികനിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അടിസ്ഥാനപശ്ചാത്തല പഠനങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ അധികാര വികേന്ദ്രീകരണ പ്രക്രിയയുമായി ബന്ധപ്പെട്ട് സംസ്ഥാന/ദേശീയ/അന്തർദേശീയതലത്തിൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകളുടെ അവലോകനവും വകുപ്പിന്റെ പൊതു സർവ്വീസ് ഏകീകരണവുമായി ബന്ധപ്പെട്ട ബഹു:ഗവർണ്ണറുടെ നിയമസഭയിലെ നയപ്രഖ്യാപനവും സർക്കാർ ഉത്തരവുകളും ഏകീകൃത സർവ്വീസ് രൂപീകരണത്തിനായുള്ള പുതിയ ചട്ടം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ലോക്കൽ ഗവൺമെന്റ് കമ്മീഷൻ നടത്തിയ വിവിധ പഠനങ്ങളും സംസ്ഥാന സെക്രട്ടേറിയറ്റിൽ 2007-ൽ തദ്ദേശഭരണ വകുപ്പും ഗ്രാമവികസന വകുപ്പും ഏകീകരിക്കുന്നതിന് നടത്തിയ പഠനങ്ങളും ഏകീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും അടിസ്ഥാന പശ്ചാത്തല പഠനമെന്ന രീതിയിൽ അവലോകനം നടത്തേണ്ടതാണ്.

3.1.2. ഏകീകൃത പ്രവർത്തന ധർമ്മങ്ങൾ രൂപീകരിക്കുന്നതിനുള്ള സ്ഥിതിവിവരശേഖരണം

രണ്ടാമതായി ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന് വേണ്ടത് വിവിധതരത്തിലും തലത്തിലുമുള്ള സ്ഥിതി വിവരങ്ങളുടെ ശേഖരണമാണ്. നിലവിലുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ സ്ഥിതിവിവര കണക്കുകളും വകുപ്പുകളിലെ പ്രവർത്തനഘടനയും വിവിധ തലത്തിലുള്ള ഉത്തരവാദിത്വങ്ങളും വകുപ്പിന്റെ ഭരണ റിപ്പോർട്ടുകളും തസ്തികകളേയും വിവിധ ആഫീസുകളിലെ നിലവിലുള്ള ഭരണ നിർവ്വഹണ ഉത്തരവുകൾ, വിവിധ ആഡിറ്റ് റിപ്പോർട്ട് എന്നിവയുടെ ശേഖരണവുമാണ് രണ്ടാം ഘട്ടത്തിലെ ആദ്യപടിയായിട്ടുള്ളത്. കൂടാതെ വകുപ്പുകളുമായി ബന്ധപ്പെട്ട ശമ്പളകമ്മീഷൻ റിപ്പോർട്ടുകൾ, ബഡ്ജറ്റ് അലോക്കേഷൻ റിപ്പോർട്ടുകൾ, എക്കോണോമിക് റിവ്യു റിപ്പോർട്ടുകൾ എന്നിവയും ശേഖരിക്കാം. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഭരണഘടനാഭേദഗതികൾ, ഷെഡ്യൂളുകൾ, പഞ്ചായത്ത് രാജ്, നഗരപാലിക ആക്റ്റുകൾ, നഗര ഗ്രാമാസൂത്രണ ആക്റ്റ്, തുടങ്ങിയ ആക്റ്റുകളും ചട്ടങ്ങളും ബൈലാകളും തുടർന്ന് ശേഖരിക്കേണ്ടതാണ്. ഭരണഘടനാപരമായി നിർവ്വചിക്കപ്പെട്ട ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തന ധർമ്മങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും നിലവിലെ പ്രവർത്തന രീതിയും ഏകോപന പ്രവർത്തനങ്ങളും ആസൂത്രണ രീതിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ/പൊതുചുമതലകൾ, ഉത്തരവാദിത്വങ്ങൾ, സേവനങ്ങൾ എന്നിവയും ശേഖരിക്കണം. സംസ്ഥാന സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സാമൂഹ്യ, സാമ്പത്തിക, ഭൗതിക നയങ്ങളും പദ്ധതികളും കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളും വ്യക്തമായ പ്രവർത്തനരീതികളും വിശദവിവരങ്ങളും ശേഖരിക്കേണ്ടതാണ്. നിലവിലുള്ളവിവിധ സർവ്വീസ് ചട്ടങ്ങളും ഏകീകൃത സർവ്വീസ് ചട്ടങ്ങളും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും ആവശ്യമായ മറ്റു വിവരങ്ങളും തുടർന്നുള്ള സമഗ്രവിശകലനത്തിനായി ശേഖരിക്കേണ്ടതാണ്.

3.1.3. നിലവിലുള്ള ഘടനയുടെയും പ്രവർത്തന ധർമ്മങ്ങളുടേയും ഉത്തരവാദിത്വങ്ങളുടേയും സമഗ്രപഠനം.

വിശദമായ സ്ഥിതിവിവരശേഖരണത്തിനു ശേഷം ഏകീകരിക്കേണ്ട നിലവിലുള്ള വകുപ്പുകളുടെ ഘടനയുടേയും പ്രവർത്തന ധർമ്മങ്ങളുടേയും ഉത്തരവാദിത്വങ്ങളുടേയും സമഗ്രപഠനവും വ്യക്തമായ ചിത്രവുമാണ് വേണ്ടത്. വകുപ്പുകളുടെ നിലവിലെ പ്രവർത്തന ഘടനയുടെ രേഖാചിത്രങ്ങൾ തയ്യാറാക്കുന്നതുവഴി തുടർന്നുള്ള സമഗ്ര വിശകലനത്തിന് വ്യക്തതകിട്ടുന്നതാണ്. വിവിധ വകുപ്പുകളുടെ സംസ്ഥാനതലം തൊട്ട് തദ്ദേശഭരണതലം വരെയുള്ള വിവിധതലങ്ങളിലെ പ്രവർത്തന ധർമ്മങ്ങളുടേയും ഉത്തരവാദിത്വങ്ങളുടേയും നിലവിലെ സ്ഥിതിയുടെ പഠനം നടത്തി നിലവിലെ സ്ഥിതിവിവരപട്ടികയും റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്. ഇതിനായി നിലവിലുള്ള അഞ്ചു വകുപ്പുകളുടേയും കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

3.1.4. സമഗ്രവിശകലനം

ഏകീകൃത സർവ്വീസ് ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിലെ ഒരു പ്രധാന ഘട്ടമാണ് സമഗ്രവിശകലനം. ഇത് ഒരു ബഹുമുഖ പഠനരീതി അവലംബിച്ച ഒരു പ്രക്രിയയാണ്. മുകളിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾ വിവിധ വകുപ്പുകളുടെ വ്യത്യസ്തങ്ങളായ സ്ഥിതിവിവരങ്ങളാണ്. എന്നാൽ ഇവിടെ ആദ്യമായിട്ടു വിവിധ വിവരങ്ങൾ സംയോജിപ്പിച്ച് ബഹുമുഖ വിവരങ്ങളുടെ പട്ടികകളും റിപ്പോർട്ടുകളും രേഖാചിത്രങ്ങളുമാക്കി സമഗ്രവിശകലനത്തിന് അനുയോജ്യമായ അടിത്തറയുണ്ടാക്കുകയാണ് ചെയ്യുന്നത്. തുടർന്ന് പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമുഖ അവലോകന കാഴ്ചപ്പാടിൽ വിശകലനം ചെയ്തു സമഗ്രമായി വിവിധ കാര്യങ്ങൾ കണ്ടെത്തുകയാണ്. ഈ കാര്യങ്ങളുടെ നിജസ്ഥിതി അറിയുവാനായി വിഷയത്തിലെ വിദഗ്ദ്ധരുമായും വിവിധ തലത്തിലെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, വകുപ്പുകൾ, വികസന അതോറിറ്റികൾ, കില, ആസൂത്രണ ബോർഡ്, ജില്ലാ ആസൂത്രണ കമ്മറ്റികൾ, ബന്ധപ്പെട്ട മിഷനുകൾ, ഏജൻസികൾ, എന്നിവരുമായുമുള്ള ചർച്ചയും സർക്കാർ തലത്തിലുള്ള അവലോകനവും ആവശ്യമാണ്.

രീതിശാസ്ത്രത്തിന്റെ രേഖാചിത്രം



3.1.5. നിലവിലെ സംവിധാനത്തിന്റെ പോരായ്മകളുടേയും ദൗർബല്യങ്ങളുടെയും ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ഏകോപനത്തിലുമുള്ള ശക്തിയുടേയും സാദ്ധ്യതകളുടേയും വിശദമായ കണ്ടെത്തലുകൾ.

സമഗ്രവിശകലനം വഴി ഉയർന്നുവരുന്ന വിവിധ കാര്യങ്ങളും അവയുമായി ബന്ധപ്പെട്ട വിവിധതലത്തിലും രൂപത്തിലുമുള്ള ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന വിഷയങ്ങളിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിലവിലെ സംവിധാനത്തിലെ പോരായ്മകളേയും ദൗർബല്യങ്ങളേയും ഒരു ബഹുമുഖകാഴ്ചപ്പാടോടു കൂടി കണ്ടെത്തുകയാണ് ഈ പ്രവർത്തനഘട്ടത്തിലെ ആദ്യ പ്രവർത്തനം. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനത്തിലും പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും കൂടാതെ ജില്ലാ ആസൂത്രണ സമിതികളുടെ ജില്ലാ വികസന രൂപരേഖയുടെ ആസൂത്രണത്തിലും രൂപീകരണത്തിലും ആയി ബന്ധപ്പെട്ട ഏകോപന വിഷയങ്ങളിൽ സമഗ്ര കാഴ്ചപ്പാടോടുകൂടി നിലവിലുള്ള പോരായ്മകളേയും ദൗർബല്യങ്ങളേയും കണ്ടെത്തലുകയാണ് തുടർന്നുള്ളത്. വിവിധ വിഭാഗങ്ങളിലെ നിർവ്വഹണ പ്രവർത്തനങ്ങളിൽ നിലവിലുള്ള ആവർത്തനങ്ങളും പോരായ്മകളും മനസ്സിലാക്കേണ്ടതാണ്. കൂടാതെ വിവിധ വകുപ്പിലെ നിലവിലുള്ള പ്രവർത്തനത്തിന്റെയും സംവിധാനത്തിന്റേയും ശക്തിയും സാദ്ധ്യതകളും കണ്ടെത്തേണ്ടതാണ്. പുതിയകാലഘട്ടത്തിനു അനുയോജ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സംവിധാനത്തിന് പൂർണ്ണപിന്തുണനല്കുന്നതിനും ശക്തമായ ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിനും സംസ്ഥാന സർക്കാരിന് കാര്യക്ഷമവും സുതാര്യവും ആധുനികരീതിയിലുള്ളതുമായ സദ്ഭരണം കാഴ്ചവെയ്ക്കുന്നതിന് അനുയോജ്യമായ ഫങ്ഷണൽ മാന്വൽ രൂപീകരിക്കുന്നതിന് നിലവിലെ സംവിധാനത്തിലെ പരിമിതികളെയും അതിനെ മറികടക്കുന്നതിനുവേണ്ടി വരുന്ന പുതിയ ആവശ്യങ്ങളേയും കണ്ടെത്തുകയാണ് തുടർന്നുവേണ്ടത്.

3.1.6. ഏകീകൃത വകുപ്പിലെ ഭരണ സംവിധാനത്തിന്റെ പുതിയ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ കാഴ്ചപ്പാടിന്റെ രൂപീകരണം.

മുകളിൽ വിവരിച്ചിട്ടുള്ള വിവിധ വിഷയങ്ങളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ വിഷയത്തിലെ വിദഗ്ദരുമായിട്ടും വിവിധ വിഭാഗങ്ങൾ തമ്മിലും വിവിധ വകുപ്പുകളുമായിട്ടും സമഗ്രമായ ചർച്ചകളും തുടർന്നുള്ള വിശകലനങ്ങളും വഴി ഏകീകൃത വകുപ്പിന്റെ പുതിയ സംവിധാനത്തിന്റെ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ കാഴ്ചപ്പാട് രൂപീകരിക്കേണ്ടതാണ്. വിവിധ രീതിയിലുള്ള കാഴ്ചപ്പാടുകളിൽ നിന്നും ഏറ്റവും ശരിയായ രീതിയിലുള്ള കാഴ്ചപ്പാടാണ് തുടർ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കേണ്ടത്. ഇതിന് സർക്കാരിന്റെ അഭിപ്രായവും തേടാവുന്നതാണ്.

3.1.7. ഏകീകൃത വകുപ്പിന്റെ പുതിയ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ ആശയ രൂപീകരണം.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആധുനിക കാലഘട്ടത്തിന് അനുയോജ്യവും കാര്യക്ഷമവുമായ പൊതുസർവ്വീസിന്റെ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ പുതിയ കാഴ്ചപ്പാട് രൂപീകരിച്ചതനുസരിച്ച് വകുപ്പിന്റെ വിശദമായ വിവരങ്ങൾ തയ്യാറാക്കുന്നതിനും വകുപ്പിന്റെ പുതിയ പ്രവർത്തനഘടന തയ്യാറാക്കുന്നതിനുമായി ഏറ്റവും അനുയോജ്യമായ ആശയ രൂപീകരണം നടത്തേണ്ടതാണ്. ഇതിന് ഏകീകൃത സർവ്വീസിന്റെ സ്പെഷ്യൽ റൂളുകളുടെ വിവരങ്ങളും ഏകീകരണവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളും തീരുമാനങ്ങളും വിവിധ വിദഗ്ദരുടെ അഭിപ്രായങ്ങളും പരിഗണിക്കാവുന്നതാണ്.

3.1.8. വകുപ്പിന്റെ പുതിയ പ്രവർത്തനഘടനയുടെ രൂപീകരണം

ഏകീകൃത വകുപ്പിന്റെ മുകളിൽ വിവരിച്ചിട്ടുള്ള പുതിയ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ

വ്യക്തമായ ആശയങ്ങളനുസരിച്ച് പുതിയ പ്രവർത്തനഘടന (ഡ്രാഫ്റ്റ്) രൂപീകരിക്കേണ്ടതാണ്. പുതിയ സർവ്വീസ് വിശേഷാൽ ചട്ടങ്ങളുടേയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടേയും തീരുമാനങ്ങളുടേയും കാര്യങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്തു പുതിയ ഘടനയുടെ രൂപം അന്തിമമാക്കാവുന്നതാണ്.

3.1.9. പുതിയ പ്രവർത്തന ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ തലത്തിലുള്ള ചുമതലകളുടേയും ഉത്തരവാദിത്വങ്ങളുടേയും രൂപീകരണവും മാന്വലിന്റെ ആദ്യഭാഗത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനവും

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പുതിയ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളുടെ പുതിയ കാഴ്ചപ്പാടിന്റേയും ആശയങ്ങളുടേയും വകുപ്പിന്റെ പുതിയ ഘടനയുടേയും അടിസ്ഥാനത്തിൽ വിവിധതലത്തിൽ ചുമതലകളും ഉത്തര വാദിത്വങ്ങളും രൂപീകരിക്കേണ്ടതാണ്. വകുപ്പിന്റെ പുതിയ സംസ്ഥാനതല സംവിധാനത്തിന്റേയും ജില്ലാതലത്തിന്റേയും അതനുസരിച്ചുള്ള വിവിധ വിഭാഗങ്ങളുടേയും ഉത്തരവാദിത്വങ്ങളും ചുമതലകളും വ്യക്തമായി നിർവ്വചിക്കേണ്ട താണ്. അതുപോലെ തദ്ദേശസ്വയം ഭരണ തലത്തിലുള്ള ചുമതലകളും ഉത്തര വാദിത്വങ്ങളും പുതിയ കാഴ്ചപ്പാടിന്റേയും ആശയങ്ങളുടേയും വെളിച്ചത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. പുതിയ സംവിധാനത്തിൽ വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പുതുക്കി മാറ്റം വരുത്തേണ്ടതാണ്. വകുപ്പിന്റെ ഏകോപന പ്രവർത്തനങ്ങൾ വിവിധ തലത്തിൽ വ്യക്തമായി നിർവ്വചിക്കേണ്ടതാണ്. അതുപോലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തന ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമായി വിശദീകരിക്കാവുന്നതാണ്. ഈ രൂപത്തിൽ ഉള്ള മാന്വവൽ പുതിയ വകുപ്പിന്റെ സമഗ്രതയെ ഉൾക്കൊള്ളുന്നതാണ്.

മുകളിൽ വിവരിച്ചിട്ടുള്ള വിശദവിവരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഫംഗ്ഷണൽ മാന്വലിന്റെ ആദ്യഭാഗത്തിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

3.1.10. സർക്കാർ തലത്തിലും വിദഗ്ദരുമായുള്ള ചർച്ചയും റിപ്പോർട്ടിൽ ആവശ്യമായ മാറ്റവും.

പുതിയ കാഴ്ചപ്പാടിന്റേയും ആശയങ്ങളുടേയും അടിസ്ഥാനത്തിൽ ഏകീകൃത വകുപ്പിന്റെ ഘടനയും വിശദമായ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളും വിവിധ തലത്തിലുള്ള ചുമതലകളുടേയും ഉത്തര വാദിത്വങ്ങളുടേയും വിവരങ്ങൾ അന്തിമ രൂപത്തിലാക്കുന്നതിനായി സർക്കാർ തലത്തിലും വിദഗ്ദന്മാരുമായും വിശദമായി ചർച്ച ചെയ്യുകയും ആവശ്യമായ മാറ്റങ്ങൾ റിപ്പോർട്ടിന്റെ കരട് രൂപത്തിൽ വരുത്തുകയും ചെയ്യേണ്ടതാണ്. തുടർന്ന് വകുപ്പിന്റെ ഫംഗ്ഷണൽ മാന്വലിന്റെ ആദ്യഭാഗം അന്തിമരൂപത്തിലാക്കി സർക്കാരിൽ തുടർനടപടികൾക്കായി സമർപ്പിക്കാവുന്നതാണ്.

3.1.11. മാന്വലിന്റെ രണ്ടാം ഭാഗത്തിന്റെ രൂപീകരണം.

ഒന്നാം ഭാഗത്തിന്റെ തുടർച്ചയായി മാന്വലിന്റെ രണ്ടാംഭാഗത്ത് തദ്ദേശസ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ, മിഷനുകൾ മറ്റു സർക്കാർ വകുപ്പുകൾ എന്നിവരുമായുള്ള സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉള്ള വിവിധ കാര്യങ്ങളിലുള്ള പ്രവർത്തന ഏകോപനത്തെ സംബന്ധിച്ച ഉത്തരവാദിത്വങ്ങളും ചുമതലകളും വ്യക്തമാക്കുന്നതാണ്. അതുപോലെ ജില്ലാ ആസൂത്രണസമിതിയുടെ ശക്തമായ പ്രവർത്തനത്തിനാവശ്യമായ വകുപ്പിലെ വിവിധ വിഭാഗങ്ങളുടേയും വിവിധ വകുപ്പുകളുമായുള്ള ഏകോപന പ്രവർത്തനത്തിന്റെ ഉത്തരവാദിത്വങ്ങളും രീതികളും വ്യക്തമാക്കുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏകീകൃതവകുപ്പും ജില്ലാ ആസൂത്രണ സമിതികളുമായുള്ള ഏകോപന പ്രവർത്തനങ്ങളും ഈ ഭാഗത്തു ഉൾപ്പെടുത്താവുന്നതാണ്.

3.1.12.മാന്വലിന്റെ മൂന്നാം ഭാഗത്തിന്റെ രൂപീകരണം.

ഫംഗ്ഷണൽ മാന്വലിന്റെ മൂന്നാം ഭാഗത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ വിഷയങ്ങളുടെ പ്രവർത്തനങ്ങൾ വ്യക്തതവരുത്തുന്നതിനുള്ള മാന്വലുകളെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ്, പരിശീലനം, അക്കൗണ്ടിംഗ് ഇന്റേണൽ ആഡിറ്റിംഗ്, വ്യവഹാര നടപടികളുടെ പ്രവർത്തനം, തുടങ്ങിയ വിഷയങ്ങളുടെ മാന്വൽ ഈ ഭാഗത്ത് ഉൾപ്പെടുത്തി തയ്യാറാക്കേണ്ട താണ്. കൂടാതെ സാങ്കേതിക വിഷയങ്ങളുടെ പ്രവർത്തനത്തിന് സഹായമായ വകുപ്പിന്റെ എഞ്ചിനീയറിംഗ് മാന്വൽ, നഗര-ഗ്രാമാസൂത്രണ മാന്വൽ, പൊതുജനാരോഗ്യ പ്രവർത്തനമാന്വൽ പദ്ധതി രൂപീകരണത്തിന്റേയും നിർവ്വഹണ ത്തിന്റേയും സ്ഥിതി വിവരശേഖരണ പ്രവർത്തിനുമുള്ള മാന്വലുകളും ഈ ഭാഗത്തു ചേർത്തു തയ്യാറാക്കേണ്ടതാണ്. ഈ ഭാഗത്തെ വിഷയ സംബന്ധമായ വിവിധ മാന്വലുകൾ തയ്യാറാക്കുന്നതിന് പ്രസ്തുത വിഷയങ്ങളിൽ വൈദഗ്ധ്യമുള്ള വരുടെ സേവനവും വിവിധ വിഭാഗങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനവും ആവശ്യമാണ്.

3.1.13.കരട് റിപ്പോർട്ട് സർക്കാരുമായും വിദഗ്ദരുമായിട്ടുള്ള ചർച്ചയും റിപ്പോർട്ട് പുതുക്കുന്ന പ്രവർത്തനവും.

ഫംഗ്ഷണൽ മാന്വലിന്റെ രണ്ടും മൂന്നും ഭാഗങ്ങളിലെ കരട് റിപ്പോർട്ടിന്റെ വിവരങ്ങൾ കൂടുതൽ വ്യക്തത വരുത്തുന്നതിനായി വിഷയങ്ങളിൽ വിദഗ്ദരായിട്ടുള്ള വരുമായും സർക്കാരുമായും വിശദമായ കൂടികാഴ്ചകളും ചർച്ചകളും നടത്തി റിപ്പോർട്ടിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

3.1.14. റിപ്പോർട്ട് സർക്കാരിൽ അന്തിമ അംഗീകാരത്തിനായുള്ള സമർപ്പണം.

സർക്കാരുമായും വിദഗ്ദരുമായുമുള്ള വിശദമായ ചർച്ചകൾക്ക് ശേഷം പുതുക്കി അന്തിമമാക്കിയ ഫംഗ്ഷണൽ മാന്വലിന്റെ രണ്ടും മൂന്നും ഭാഗത്തിന്റെ റിപ്പോർട്ടുകൾ അംഗീകാരത്തിനും തുടർനടപടികൾക്കുമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

3.2.0. മാന്വൽ തയ്യാറാക്കുന്നതിന്റെ പ്രവർത്തന കലണ്ടർ.

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ നിലവിലുണ്ടായിരുന്ന അഞ്ചുവകുപ്പുകളെ ഏകീകരിച്ച ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാവുന്ന ഈ അവസരത്തിൽ കാര്യക്ഷമമായി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുതിയ രീതിയിലുള്ള പ്രവർത്തന നിർവ്വഹണ ധർമ്മങ്ങൾ നിർവ്വചിച്ചു കൊണ്ടുള്ള ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. ഇതിന് മുകളിൽ വിവരിച്ചിട്ടുള്ള രീതിശാസ്ത്രമനുസരിച്ച് ഫംഗ്ഷണൽ മാന്വൽ റിപ്പോർട്ടിന്റെ പ്രധാനപ്പെട്ട ആദ്യത്തെ ഭാഗം തയ്യാറാക്കുന്നതിന് ഏകദേശം രണ്ടുമാസവും വിവിധ വിഭാഗങ്ങളുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട മാന്വലിനെ മറ്റു രണ്ട് ഭാഗങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വീണ്ടും ഒന്നരമാസവുമാണ് വേണ്ടത്. ഏകീകൃത വകുപ്പിന്റെ പുതിയ പ്രവർത്തനത്തിന് അടിയന്തിരമായി ആദ്യത്തെ ഭാഗത്തിന്റെ രൂപീകരണത്തിന് ശ്രദ്ധകേന്ദ്രീകരിക്കേണ്ടതാണ്. മാന്വൽ തയ്യാറാക്കുന്നതിന്റെ പ്രവർത്തന കലണ്ടറിന്റെ വിവരങ്ങൾ ഒരു പട്ടിക രൂപത്തിൽ അടുത്ത പേജിൽ വിശദീകരിച്ചിട്ടുണ്ട്.

ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന്റെ പ്രവർത്തന കലണ്ടർ															
	പ്രവർത്തനങ്ങൾ	മാസം 1				മാസം 2				മാസം 3				4	
		1	2	3	4	1	2	3	4	1	2	3	4	1	2
1	പശ്ചാത്തലവിവരങ്ങളുടെ അവലോകനം	X X													
2	സ്ഥിതിവിവരങ്ങളുടെ ശേഖരണം	X X													
3	നിലവിലുള്ള ഘടനയുടേയും പ്രവർത്തന ധർമ്മങ്ങളുടേയും ഉത്തരവാദിത്വങ്ങളുടേയും പഠനം.		X X												
4	സമഗ്ര വിശകലനം		X X	X X											
5	നിലവിലെ സംവിധാനത്തിന്റെ പോരായ്മകളുടേയും ദൌർബല്യങ്ങളുടേയും ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ഏകോപനത്തിലുള്ള പ്രശ്നങ്ങളുടേയും വകുപ്പുകളുടെ ശക്തിയുടേയും സാദ്ധ്യതകളുടേയും വിശദമായ കണ്ടെത്തലുകൾ.			X X	XX										
6	പുതിയ നിർവ്വഹണ പ്രവർത്തന ധർമ്മങ്ങളുടെ കാഴ്ചപ്പാടിന്റെ രൂപീകരണം					X X									
7	ഏകീകൃത വകുപ്പിന്റെ പുതിയ പ്രവർത്തന ധർമ്മങ്ങളുടെ ആശയരൂപീകരണം					X X									
8	വകുപ്പിന്റെ പുതിയ പ്രവർത്തനഘടനയുടെ രൂപീകരണം						X X								
9	പുതിയ ചുമതലകളുടേയും ഉത്തരവാദിത്വങ്ങളുടേയും രൂപീകരണം-മാന്വലിന്റെ ആദ്യഭാഗത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം.						X X	XX	X						
10	വിദഗ്ദരുമായും സർക്കാരുമായുള്ള ചർച്ച-റിപ്പോർട്ട്പുതുക്കുന്ന പ്രവർത്തനം - അംഗീകാരത്തിനായുള്ള റിപ്പോർട്ട് സമർപ്പണം.								XX						
11	മാന്വലിന്റെ രണ്ടാം ഭാഗത്തിന്റെ രൂപീകരണം.									X X	X X	X X	X X		
12	മാന്വലിന്റെ മൂന്നാം ഭാഗത്തിന്റെ രൂപീകരണം.										X X	X X	X X	X	
13	സർക്കാരുമായും വിദഗ്ദരുമായുള്ളചർച്ച - റിപ്പോർട്ട് പുതുക്കുന്നതിനുള്ള പ്രവർത്തനം													X X	X
14	ഫംഗ്ഷണൽ മാന്വൽ റിപ്പോർട്ട് സർക്കാരിന്റെ അംഗീകാരത്തിനായുള്ള സമർപ്പണം.														X

3.3.0. ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം.

ഏകീകൃത വകുപ്പിന്റെ പുതിയ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന് ഒരു കൂട്ടായ പ്രവർത്തനം ആവശ്യമാണ്. വകുപ്പിന്റെ തലവനായ പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ വിഭാഗങ്ങളുടെ തലവന്മാരായ റൂറൽ ഗവേണൻസ് ഡയറക്ടറും അർബൻ ഗവേണൻസ് ഡയറക്ടറും ചീഫ് എഞ്ചിനീയറും ചീഫ് ടൗൺപ്ലാനറും അടങ്ങുന്ന ഒരു കമ്മറ്റിയെ ആധികാരികമായി മാന്വൽ തയ്യാറാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്താവുന്നതാണ്. കമ്മിറ്റിയിലേക്ക് വിവിധ വിഷയങ്ങളുടെ പ്രവർത്തന ആവശ്യങ്ങൾക്ക് സംയോജിത സർവ്വീസിലെ ജീവനക്കാരെ ആവശ്യാനുസരണം ചേർത്തു വിപുലീകരിക്കാവുന്നതാണ്. പ്രവർത്തനത്തിന്റെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സർക്കാർ തലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ഒരു പ്രവർത്തന റിവ്യൂ കമ്മറ്റിയും രൂപീകരിക്കാവുന്നതാണ്. റിവ്യൂ കമ്മറ്റി രണ്ടാഴ്ചയിൽ ഒരിക്കൽ പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്താവുന്നതാണ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കാര്യക്ഷമമായ തുടർ പ്രവർത്തനത്തിന് ഫംഗ്ഷണൽ മാന്വലിന്റെ ആദ്യഭാഗം ഏറെ സഹായകരമായതിനാൽ അത് തയ്യാറാക്കുന്നതിന് ഏറെ മുൻഗണന കൊടുക്കാവുന്നതാണ്. മാന്വലിന്റെ രണ്ടും മൂന്നും ഭാഗങ്ങൾ തുടർന്നു രൂപപ്പെടുത്താവുന്നതാണ്.

3.4.0. നിർദ്ദിഷ്ട മാന്വലിലെ ഉള്ളടക്കം.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുവേണ്ടി പുതിയ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കിയ അവസരത്തിൽ വളരെ സമഗ്രമായ ഒരു ബഹുമുഖ പഠന രീതിയാണ് ഉൾക്കൊണ്ടിരുന്നത്. മുകളിൽ വിവരിച്ചിട്ടുള്ള രീതിശാസ്ത്രത്തിനു സമാനമായ ഒരു പ്രവർത്തനമായതിനാൽ ആ അവസരങ്ങളിൽ ഉയർന്നുവന്ന ആശയങ്ങൾ വഴി രൂപപ്പെടുത്തിയ വിഷയങ്ങൾ ഫംഗ്ഷണൽ മാന്വലിന്റെ ഉള്ളടക്കമായി നിർദ്ദേശിക്കുകയാണ്. ഇത് ശരിയായ രീതിയിലുള്ള മാന്വൽ തയ്യാറാക്കുന്നതിന് സഹായകരമാകുന്ന ഒരു മാർഗ്ഗദർശിയായി മാത്രം കാണാവുന്നതാണ്.

മാന്വലിന്റെ ആദ്യഭാഗത്ത് നാല് അദ്ധ്യായങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മാന്വൽ രൂപീകരിച്ചിട്ടുള്ളതിന്റെ പശ്ചാത്തലവും ആവശ്യവും ജീവനക്കാരുടെ പൊതുവിലെ ഉത്തരവാദിത്വങ്ങളും പശ്ചാത്തലം എന്ന അദ്ധ്യായത്തിലുള്ളത്. രണ്ടാം അദ്ധ്യായത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ പുതിയ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ഘടനയും വിശദാംശങ്ങളുമാണ്. മൂന്നാം അദ്ധ്യായത്തിൽ വകുപ്പിന്റെ വിവിധ തലത്തിലുള്ള പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളാണ്. നാലാം അദ്ധ്യായമായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സംസ്ഥാനതലം തൊട്ട് തദ്ദേശഭരണതലം വരെയുള്ളവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഉൾപ്പെടുന്നതാണ്

മാന്വലിന്റെ രണ്ടാം ഭാഗത്ത് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ, മിഷനുകൾ, വിവിധ വകുപ്പുകൾ എന്നിവയുമായുള്ള വിവിധ തലത്തിലുള്ള ഏകോപന പ്രവർത്തനങ്ങളും, അധികാരം വിട്ടുനല്കിയ വകുപ്പുകളുമായിട്ടുള്ള ഏകോപന പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. കൂടാതെ ജില്ലാ ആസൂത്രണ സമിതിയും തദ്ദേശസ്വയംഭരണ വകുപ്പും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപന പ്രവർത്തനങ്ങളും ഉൾപ്പെടുന്ന വിഷയങ്ങളാണ്.

മൂന്നാം ഭാഗത്ത് വകുപ്പിനകത്തുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തന മാന്വലുകളാണ്. ഈ മൂന്നു ഭാഗങ്ങളും ഉൾപ്പെടുന്ന ഒരു ഉള്ളടക്കത്തിന്റെ പട്ടികയായിട്ടുള്ള രൂപം ഒരു നിർദ്ദേശമായിട്ട് അടുത്ത പേജിൽ ചേർത്തിട്ടുണ്ട്.

ഫംഗ്ഷണൽ മാന്വലിന്റെ ഉള്ളടക്കത്തിന്റെ കരട് രൂപം

ഭാഗം – I

1.0. പശ്ചാത്തലം.

1.1. വിവിധ വകുപ്പുകളുടെ ഏകീകരണവും ഫംഗ്ഷണൽ മാന്വലും

1.2. ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വചിക്കുന്നതിന്റെ ആവശ്യകത.

1.3. പൊതുസേവനം - ആശയവും പ്രാധാന്യവും.
1.4. ഏകോപിത സർവ്വീസും വികസന പ്രവർത്തനങ്ങളും
1.5. ജീവനക്കാരുടെ പൊതുചുമതലകളും ഉത്തരവാദിത്വങ്ങളും.
1.6. നിർവ്വചനങ്ങൾ.

2.0. തദ്ദേശസ്വയംഭരണ വകുപ്പിലെ ഏകീകൃത സർവ്വീസിന്റെ ഘടനയും വിശദാംശവും.

2.1. സംസ്ഥാനതല നേതൃത്വം.
2.2. ജില്ലാതല നേതൃത്വം.
2.3. തദ്ദേശസ്വയംഭരണ സ്ഥാപനതല നേതൃത്വം.

3.0. പ്രവർത്തന നിർവ്വഹണ ധർമ്മങ്ങൾ (ഫംഗ്ഷൻസ്)

3.1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൊതു ചുമതലകൾ
3.2. സംസ്ഥാനതല ചുമതലകൾ
3.3. ജില്ലാ ആസൂത്രണ സമിതിയുമായി ബന്ധപ്പെട്ട ചുമതലകൾ
3.4. ജില്ലാ കാര്യാലയ ചുമതലകൾ
3.5. ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ.
3.6. മുനിസിപ്പൽ കോർപ്പറേഷന്റെ ചുമതലകൾ.
3.7. നഗരസഭയുടെ ചുമതലകൾ.
3.8. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ.
3.9. ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ.
3.10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്കൈമാറികിട്ടിയ സ്ഥാപനങ്ങളുടെചുമതലകൾ.

4.0. തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.

4.1. പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം.
4.1.1. പ്രിൻസിപ്പൽ ഡയറക്ടറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.1.2. ഭരണ വിഭാഗം അഡീഷണൽ ഡയറക്ടറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും
4.2. അർബർ ഗവേണൻസ് വിഭാഗം ഡയറക്ടറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.3. റൂറൽ ഗവേണൻസ് വിഭാഗം ഡയറക്ടറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.4. ചീഫ് ടൗൺ പ്ലാനർ (ജനറൽ)-ന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.5. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.6. ചീഫ്എഞ്ചിനീയറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും
4.7. ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം.
4.7.1. ജില്ലാ ജോയിന്റ് ഡയറക്ടറുടെ ചുമതലകളുംഉത്തരവാദിത്വങ്ങളും.
4.8. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയം.
4.8.1. ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.9. മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ കാര്യാലയം.
4.9.1. മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ ചുമതലകളുംഉത്തരവാദിത്വങ്ങള
4.10. നഗരസഭാ സെക്രട്ടറിയുടെ കാര്യാലയം.
4.10.1. നഗരസഭാ സെക്രട്ടറിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.11. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയം.
4.11.1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.
4.12. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയം.
4.12.1. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും.

ഭാഗം - II

5.0. വകുപ്പിന്റെ ഏകോപന പ്രവർത്തന മാന്വൽ

5.1. സംസ്ഥാനതല ഏകോപനം

5.1.1. തദ്ദേശസ്വയംഭരണ വകുപ്പും മിഷനുകളും ഏജൻസികളും

5.1.2. വകുപ്പും പ്രാദേശിക ഭരണത്തിന് അധികാരം വിട്ടു നല്കിയ വകുപ്പുകളുടെ സംസ്ഥാനതല പ്രവർത്തന ഏകോപനം.

5.1.3. സംസ്ഥാനതല വിവിധ വിഭാഗങ്ങളുടെ പ്രവർത്തന ഏകോപനം.

5.1.4. ഭരണപരമായ പ്രവർത്തന ഏകോപനം.

5.1.5. ആസൂത്രണ, വികസന പ്രവർത്തനങ്ങളുടേയും അവലോകനം, ആഡിറ്റിംഗ് തുടങ്ങിയ കാര്യങ്ങളുടേയും സംസ്ഥാനതല ഏകോപനം.

5.2. ജില്ലാതല ഏകോപനം.

5.2.1. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിനാവശ്യമായ വകുപ്പിലെ വിവിധ വിഭാഗങ്ങളുടേയും വിവിധ വകുപ്പുകളുമായുള്ള ഏകോപനം.

5.2.2. ജില്ലാ കാര്യാലയവും മിഷനുകളും ഏജൻസികളുമായുള്ള ഏകോപന പ്രവർത്തനവും സംസ്ഥാനവുമായുള്ള ഏകോപനം.

5.2.3. തദ്ദേശസ്വയംഭരണ വകുപ്പിലെ ജില്ലാതല വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം ഏകോപനം.

5.2.4. ജില്ലാതല ഭരണ, ആസൂത്രണ, വികസന പ്രവർത്തനങ്ങളുടേയും അവലോകനം, ആഡിറ്റിംഗ്, തുടങ്ങിയ കാര്യങ്ങളുടേയും ഏകോപനം.

5.3. ജില്ലാ കാര്യാലയവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ ഏകോപനവും.

5.4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അധികാര വികേന്ദ്രീകരണം വഴി വിട്ടുകിട്ടിയസ്ഥാപനങ്ങളുടെയും പ്രവർത്തന ഏകോപനം.

5.5. സംസ്ഥാന, ജില്ലാ, കാര്യാലയങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം.

5.6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം.

ഭാഗം. IIIവകുപ്പിലെ വിവിധ ഭാഗങ്ങളുടെ പ്രവർത്തന മാന്വലുകൾ

6.0. തദ്ദേശസ്വയംഭരണ വകുപ്പ് ബഡ്ജറ്റ് മാന്വൽ.

7.0. ഏകീകൃത വകുപ്പിന്റെ പരിശീലന മാന്വൽ.

8.0. നഗര-ഗ്രാമാസൂത്രണ പ്രവർത്തന മാന്വൽ.

9.0. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് മാന്വൽ.

10.0. തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതുജനാരോഗ്യ പ്രവർത്ത മാന്വൽ.

11.0. മാലിന്യ നിർമ്മാർജ്ജന പ്രവർത്തന മാന്വൽ.

12.0. വാർഷിക പദ്ധതി രൂപീകരണ പ്രവർത്തന മാന്വൽ.

13.0. പദ്ധതി നിർവഹണ മാന്വൽ.

14.0. തദ്ദേശസ്വയംഭരണ അക്കൗണ്ടിംഗ് മാന്വൽ.

15.0. തദ്ദേശസ്വയംഭരണ ഇന്റേണൽ ആഡിറ്റിംഗ് മാന്വൽ.

16.0. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സമഗ്രവിവരശേഖരണ പ്രവർത്തന മാന്വൽ.

17.0. വകുപ്പിന്റെ പ്രവർത്തന അവലോകന മാന്വൽ.

18.0. വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാര നടപടികളുടെ പ്രവർത്തന മാന്വൽ

19.0. ഉപസംഹാരം.

അദ്ധ്യായം -IV

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല ഓഫീസും ചുമതലകളും

4.1.0. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഘടനയുടേയും നിർവ്വഹണ ധർമ്മങ്ങളുടേയും പ്രവർത്തന ആശയരൂപം.

ഏകീകൃത വകുപ്പിന്റെ സംയോജിത പൊതു സർവ്വീസ് അനുസരിച്ച് സംസ്ഥാനത്തിന് മൊത്തത്തിൽ ഒരു പുതിയ സർവ്വീസ് ഘടനയും സംസ്ഥാനതല ഓഫീസിന് ഒരു ഏകീകൃത രൂപവും പുതിയ രീതിയിലുള്ള നിർവ്വഹണ ധർമ്മങ്ങളനുസരിച്ചുള്ള ഉത്തരവാദിത്വങ്ങളും തുടർ നടപടികൾക്കായി രൂപപ്പെടുത്തേണ്ടതാണ്. ഏകീകൃത പൊതുസർവ്വീസിന്റെ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സമഗ്രപഠനങ്ങളിൽ നിന്നും ഉയർന്നു വന്ന ആശയങ്ങൾ അനുസരിച്ച് വകുപ്പിന്റെ ഘടനയുടേയും പ്രവർത്തന നിർവ്വഹണധർമ്മങ്ങളുടേയും ഒരു പൊതു ആശയരൂപം താഴെ വിവരിക്കുന്നു. ഇത് വിശദമായ ചർച്ചകൾക്കും തുടർപഠനങ്ങൾക്കും ഉപകരിക്കുന്നതും ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന് സാഹായകര മായിരിക്കുന്നതാണ്.

നിലവിലുള്ള അഞ്ചു വകുപ്പുകളെ യോജിപ്പിച്ച് ഒരു വകുപ്പായി മാറുകയും ഒരു മേലധികാരിയുടെ നിയന്ത്രണത്തിലുള്ള ഭരണ നിർവ്വഹണ സംവിധാനമായി മാറുകയുമാണ് പ്രാഥമിക പ്രവർത്തനം. വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതുപോലെ അഞ്ചു വകുപ്പുകൾക്കു പകരം റൂറൽ ഗവേണൻസ്, അർബൻ ഗവേണൻസ്, ഇൻഫ്രാ സ്ട്രക്ച്ചർ ഡലവപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ്, പ്ലാനിംഗ് വിംഗ് എന്നീ നാല് പ്രധാന വിംഗുകൾ (വിഭാഗങ്ങൾ) സംസ്ഥാനതല ഓഫീസിന്റെ ഭാഗമാകുന്നതാണ്. ഇതിൽ നിലവിലുള്ള ഗ്രാമവികസന കമ്മീഷണറേറ്റ്, പഞ്ചായത്ത് ഡയറക്ടേറ്റ്, നഗരകാര്യ ഡയറക്ടേറ്റ് എന്നീ മൂന്നു വകുപ്പുകൾ സംയോജിപ്പിച്ച് റൂറൽ, അർബൻ, എന്നീ വിംഗുകളും നിലവിലുള്ള എഞ്ചിനിയറിംഗ് വിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആന്റ് എഞ്ചിനിയറിംഗ് വിംഗ് ആയിട്ടും നഗര ഗ്രാമാസൂത്രണ വകുപ്പ് പ്ലാനിംഗ് വിംഗ് ആയി മാറ്റിക്കൊണ്ടും സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. റൂറൽ ഗവേണൻസ് വിംഗിന്റെ മേധാവി, റൂറൽ ഡയറക്ടറും അർബൻ ഗവേണന്സ് വിംഗിന്റെ മേധാവി, അർബൻ ഡയറക്ടറും എഞ്ചിനീയറിംഗ് വിംഗിന്റെ മേധാവി ചീഫ് എഞ്ചിനിയറും പ്ലാനിംഗ് വിംഗിന്റെ മേധാവി ചീഫ് ടൗൺ പ്ലാനറും ആയിരിക്കും. ഈ നാലു പ്രാധാന വിഭാഗങ്ങളും കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പബ്ലിക് ഹെൽത്ത് ആന്റ് എൻവിയോൺമെന്റ് മാനേജ്മെന്റ് വിംഗും ഭരണം, കമ്മ്യൂണിക്കേഷൻ ആന്റ് ഇൻഫർമേഷൻ പബ്ലിസിറ്റി, കേന്ദ്ര/സംസ്ഥാന ആവിഷ്കൃത പദ്ധതികൾ, റിവ്യൂ/മോണിറ്ററിംഗ്, ജനകീയ ആസൂത്രണം, അധികാര വികേന്ദ്രീകരണ നടപടികൾ, ശാക്തീകരണം, മനുഷ്യവിഭവ വികസനം/പരിശീലനം, അക്കൗണ്ടിംഗ്, ആഡിറ്റിംഗ്, നിയമകാര്യം, വിവരാവകാശം, സേവനാവകാശം, നിയമസഭാ/ ലോകസഭാ ചോദ്യഉത്തരം, വിജിലൻസ്, വിവരശേഖരണം, ഡോക്കുമെന്റേഷൻ, സെമിനാർ/ശില്പ ശാലകൾ, ട്രേഡ് ഫെയർ/മേളകൾ/

അവാർഡുകൾ, വകുപ്പിന്റെ ആധുനികവൽക്കരണം, ലൈബ്രററി/സാംസ്കാരിക നിലയങ്ങൾ, പരാതി പരിഹാരം, ഹഡസ് കീപ്പിംഗ് തുടങ്ങിയ വിഭാഗങ്ങളും നിലവിലുള്ളവയെ പുനസംഘടിപ്പിച്ചുകൊണ്ട് രൂപപ്പെടുത്തേണ്ടതാണ്. പുനസംഘടിപ്പിക്കുമ്പോൾ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പ്രവർത്തന ഏകോപനങ്ങൾക്ക് വ്യക്തമായ ധാരണയും നിർവ്വചനങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. അതുപോലെ വിവിധ പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കേണ്ടതാണ്. വകുപ്പിന്റെ സംസ്ഥാനതല സംവിധാനത്തെപോലെ ഏകീകൃത രൂപത്തിലുള്ള ജില്ലാതല സംവിധാനവും രൂപപ്പെടുത്തേണ്ടതാണ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഘടനയുടേയും നിർവ്വഹണ ധർമ്മങ്ങളുടേയും പ്രവർത്തന ആശയം വിവരിച്ചുകൊണ്ടുള്ള ഒരു രേഖാചിത്രം അടുത്ത പേജിൽ കൊടുത്തിട്ടുണ്ട്.

മുകളിൽ വിവരിച്ചിട്ടുള്ള ആശയങ്ങളുടെ വെളിച്ചത്തിലും ഏകീകൃത പൊതുസർവ്വീസിന്റെ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സമഗ്ര പഠനങ്ങളിൽ നിന്നും ഉയർന്നുവന്ന വിവരങ്ങൾ അനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പൊതുചുമതലകളുടെ ഒരു കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. അത് അടുത്ത ഖണ്ഡികയിൽ വിശദികരിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുമ്പോൾ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾക്കുള്ളിലും മറ്റു ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ചകൾക്ക് സഹായകരമായിരിക്കും. ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കിയതിനുശേഷം പ്രിൻസിപ്പൽ ഡയറക്ടറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും, വ്യക്തമായി വിശദീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. തുടർന്ന് വിവിധ വിഭാഗം മേധാവികളുടേയും ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കികൊണ്ട് ഉത്തരവ് ഇറക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഘടന

(ആശയ രൂപം)

ചിത്രം.(3)



4.2.0. പ്രിൻസിപ്പൽ ഡയറക്ടറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

4.2.1. സംസ്ഥാനതലനേതൃത്വം

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണ, ആസൂത്രണ, വികസന കാര്യങ്ങളുടെ നയരൂപീകരണത്തിന് സർക്കാരിനെ യഥാസമയം സഹായിക്കുകയും വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്കു പ്രിൻസിപ്പൽ സെക്രട്ടറിയുടെ അടുത്ത് റിപ്പോർട്ടു ചെയ്യുകയും ചെയ്യുക.

2. ഏകോപിത വകുപ്പിന്റെ റൂറൽ ഗവേർണൻസ്, അർബൻ ഗവേർണൻസ്, ആസൂത്രണം, എഞ്ചിനീയറിംഗ് എന്നീ പ്രധാന വിഭാഗങ്ങളുടെയും മറ്റ് വിഭാഗങ്ങളുടേയും മേൽനോട്ടവും ഏകോപനപ്രവർത്തനവും ആവശ്യാനുസരണമുള്ള നിർദ്ദേശവും നല്കുക.

3. സ്റ്റേറ്റ് പെർസ്പെക്ടീവ് ഡെവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിൽ ഒരു ക്രീയാത്മക അംഗമായും തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള അനുബന്ധ വകുപ്പുകളുടേയും മിഷനുകളുടേയും മേധാവികളുമായി ചേർന്നുള്ളസമഗ്രമായ പ്രവർത്തനത്തിൽ ഒരു കോർഡിനേറ്ററായും പ്രവർത്തിക്കുക.

4. സംസ്ഥാന വികസന കൗൺസിൽ യോഗത്തിൽ പങ്കെടുക്കുകയും കൗൺസിലിന്റെ സമഗ്രപ്രവർത്തനത്തിന് സർക്കാരിനെ സഹായിക്കുകയും ചെയ്യുക.

5. സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുകയും യോഗത്തിൽ ഉന്നയിക്കപ്പെടുന്ന വിവിധ വിഷയങ്ങൾക്ക് പരിഹാരം നിർണ്ണയിക്കുന്നതിന് സർക്കാരിനെ ക്രീയാത്മകമായിസഹായിക്കുക.

6. സംസ്ഥാന ആസൂത്രണ ബോർഡിന്റെ വർക്കിംഗ് കമ്മിറ്റികളിൽ പങ്കെടുക്കുകയോ വകുപ്പിലെ ബന്ധപ്പെട്ട വിഭാഗത്തിന്റെ മേധാവികളെ പങ്കെടുക്കാൻ ചുമതലപ്പെടുത്തുകയോ ചെയ്യുക.

7. വിവിധ വകുപ്പുകളിൽനിന്ന് കൈമാറിക്കിട്ടിയ അധികാരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് കാലാകാലങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുക

4.2.2. വകുപ്പിനകത്തെഭരണ നേതൃത്വം

1. വകുപ്പിന്റെ ദീർഘവീക്ഷണത്തോടെയുള്ള സമഗ്രവികസന പരിപ്രേക്ഷ്യം വിവിധ വിഭാഗങ്ങളുടെ ഏകോപനപ്രവർത്തനം വഴി തയ്യാറാക്കുകയും അതിൽ അടിയന്തിരപ്രാധാന്യമുള്ളവയെ മുൻഗണനയോടെ തിരഞ്ഞെടുത്ത് പഞ്ചവത്സരവും വാർഷികവുമായ കർമ്മ പദ്ധതികൾ തയ്യാറാക്കുക.

2 കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും നയവും നിബന്ധനകളും നിർദ്ദേശങ്ങളും അനുസരിച്ച് വകുപ്പിന്റെ പ്ലാൻ സ്കീമിന്റേയും നോൺപ്ലാൻ സ്കീമിന്റേയും ഏകോപിതമായ വാർഷിക ബഡ്ജറ്റിന്റെ കരട് വിവിധ വിഭാഗങ്ങളുടെ കൂട്ടായപ്രവർത്തനത്തോടെ തയ്യാറാക്കുന്നതിന് നേതൃത്വം കൊടുക്കുകയും അത് സർക്കാരിൽ അംഗീകാരത്തിനു സമർപ്പിക്കുന്നതിനും തുടർ നടപടിയെടുക്കുന്നതിനും വേണ്ട പ്രവർത്തനത്തിന് ഭരണ വിഭാഗത്തേയും ഫിനാൻസ് വിഭാഗത്തിലെ ഫിനാൻസ് ഓഫീസറേയും ചുമതലപ്പെടുത്തുകയും ചെയ്യുക.

3. വകുപ്പിലെ ജീവനക്കാരുടെ ശമ്പളവും അതു സംബന്ധമായ കാര്യങ്ങളും എസ്റ്റാബ്ളിഷ്മെന്റ് കാര്യങ്ങളും സർവ്വീസ് സംബന്ധമായ ഭരണ കാര്യങ്ങളും അതുസംബന്ധമായ എല്ലാകണക്കുകളും കൈകാര്യം ചെയ്യുന്നതിനും വിവിധ പദ്ധതികളുടെ ഫണ്ട് യഥാസമയം വിതരണം ചെയ്യുന്നതിനും സംസ്ഥാന ട്രഷറി വകുപ്പ് വഴി വിവിധ ചിലവു

കളുടെ നിജസ്ഥിതി വിലയിരുത്തുന്നതിനും ഭരണ വിഭാഗത്തേയും അ്മിനിസ്ട്രേറ്റീവ് ഓഫീസറേയും ഫിനാൻസ് ഓഫീസറേയും ചുമതലപ്പെടുത്തുന്നതിനും ഈ ഭരണ കാര്യങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം നല്കുന്നതിന് മറ്റു വിഭാഗങ്ങളുടെ മേധാവികളെ ചുമതല പ്പെടുത്തുന്നതിനും വകുപ്പിന്റെ പൊതുവിലുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനു മുള്ള നടപടി എടുക്കുക.

4. വകുപ്പിന്റെ ഏകോപിത സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള ജീവനക്കാരുടെ നിയമന നടപടികൾക്കും ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മറ്റി കൂടുന്നതിനും പബ്ളിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ടകാര്യങ്ങൾക്കും സർക്കാരിൽ അറിയിക്കേണ്ട നിയമനകാര്യങ്ങളിലും എടുക്കേണ്ട നടപടികളും പ്രമോഷൻ സംബന്ധിച്ച നടപടികളും മറ്റു സ്ഥലം മാറ്റ നടപടികളും നിയമാനുസൃതം എടുക്കുന്നതിന് നേതൃത്വം വഹിക്കുകയും തുടർനടപടിയെടുക്കുന്നതിന് ഭരണ വിഭാഗത്തെ അഡീഷണൽ ഡയറക്ടറേയും വകുപ്പിന്റെ ജില്ലാ മേധാവികളേയും ചുമതലപ്പെടുത്തുകയും മറ്റു വിഭാഗങ്ങളിൽ നിന്നും ജീവനക്കാരുടെ നിയമനവും പ്രമോഷനും അവധിയേയും സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം അറിയിക്കുന്നതിനു നിർദ്ദേശവും നല്കുകയും ചെയ്യുക.

4.2.1. ജോലിസംബന്ധമായ പഠനവും പുന:സംഘടനയും ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കലും

1. ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വിഭാഗങ്ങളിലേയും വിവിധ ജില്ലാ ആഫീസുകളിലേയും നഗരസഭകളിലേയും ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലേയും ജീവനക്കാരുടെ ഔദ്യോഗിക ജോലിഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിനും ജീവനക്കാരുടെ പുതിയ രീതിയിലുള്ള പ്രവർത്തന ഘടനയും ചുമതലകളുടെ ആധികാരികമായ വിവരവും രൂപീകരിക്കുന്നതിനുവേണ്ടി വകുപ്പിലെ വിവിധവിഭാഗം മേധാവികളുടെ സഹായത്തോടുകൂടി നടപടിയെടുക്കു കയും സർക്കാരിൽ നിന്നും അംഗീകാരം നേടി നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കുകയും തുടർനടപടികൾ എടുക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ഭരണ വിഭാഗത്തിനെ ഉത്തരവാദിത്വം ഏല്പിക്കുകയും ചെയ്യുക.

2. ഏകീകൃത വകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന് നേതൃത്വം കൊടുക്കുക.

4.2.2. പരിശീലനം, സെമിനാർ, ശില്പശാലകൾ

1. തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ തലത്തിലുള്ള കാര്യാലയങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും ഉത്തരവാദിത്വവും പ്രവർത്തനമികവും സമഗ്രമായി വിലയിരുത്തി പുതിയ ഭരണ സംവിധാനത്തിന്റെ വിവിധ വിഭാഗങ്ങളുടെ ഏകോപനത്തോടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി പരിശീലനം ഉൾപ്പെടെയുള്ള കർമ്മ പദ്ധതി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) വകുപ്പിലെ വിവിധ വിഭാഗങ്ങളും ചേർന്ന് വിവിധ തലത്തിൽ ആസൂത്രണം ചെയ്യുന്നതിന് മുൻകൈയെടുക്കുകയും കൃത്യമായി നടപ്പിലാക്കുന്നതിനും വേണ്ടിഭരണ വിഭാഗത്തിന്റെ ചുമതലയിൽ പരിശീലനത്തിന്റെ തുടർ പ്രവർത്തനത്തിനായി ഭരണ വിഭാഗത്തിനു കീഴിലുള്ള പരിശീലന വിഭാഗം സെന്ററിനു നിർദ്ദേശം നല്കുകയും ചെയ്യുക.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കുംജീവനക്കാർക്കും ജനങ്ങൾക്കും പുതിയ കാലഘട്ടത്തിന് അനുസരിച്ചുള്ള ആവശ്യങ്ങൾക്ക് വിവിധ വിഷയങ്ങളിൽ സെമിനാറുകളും ശില്പശാലകളും വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ ഉത്തരവാദിത്വത്തോടെ ആസൂത്രണം ചെയ്യുന്നതിന് നേതൃത്വം കൊടുക്കുന്നതിനും അത് സംഘടിപ്പിക്കുന്നതിന് ഭരണവിഭാഗത്തെ ചുമതല പ്പെടുത്തുന്നതിനും നടപടികൾ എടുക്കുക.

3. സാങ്കേതിക വിഷയങ്ങളിൽ ലോകത്ത് ഉണ്ടാകുന്ന മാറ്റങ്ങൾ അനുസരിച്ച് ജീവനക്കാരുടെ പ്രവർത്തന പരിചയത്തിൽ വേണ്ട സാങ്കേതിക അറിവ് പുതുക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയറിംഗ്, ആസൂത്രണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം,എന്നീവിഭാഗങ്ങളുടെ സഹായത്തോടെയും കിലയുടെയും നേതൃത്വത്തിൽ ആവശ്യമായ പരിശീലനം സംഘടിപ്പിക്കുക.

4.2.2.3. പരാതിപരിഹാരം

1. ജീവനക്കാർക്ക് എതിരെ പൊതുജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും വരുന്ന പരാതികളും ജീവനക്കാരുടെ വിവിധ പ്രശ്നങ്ങളും പ്രയാസങ്ങളും പരാതികളും വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളും പരിശോധിക്കു ന്നതിനും തുടർനടപടികളെടുക്കുന്നതിനുമുള്ള സംവിധാനം രൂപപ്പെടുത്തുകയും കൃത്യമായി നടപടികളെടുക്കുന്നതിനു ചുമതലപ്പെടുത്തുകയും ആവശ്യമെങ്കിൽ സർക്കാരിൽ അറിയിച്ച് നടപടിയെടുക്കുന്നതിനുമുള്ള പ്രവർത്തനവും നടപ്പിലാക്കുക.

2. ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പരാതികൾ പരിശോധിക്കുന്നതിനും തുടർ നടപടിയെടുക്കുന്നതിനും ഒരു സെൽ രൂപീകരിക്കുകയും കൃത്യമായി അവലോകനം ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറേയുംഭരണ വിഭാഗത്തേയുംചുമതലപ്പെടുത്തുകയും ചെയ്യുക.

4.2.2.4. കോടതി വ്യവഹാര നടപടികളും വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായുള്ള ഉത്തരവാദിത്വങ്ങൾ

1. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾക്ക് യഥാസമയം നടപടിയെടുക്കുകയോ പ്രസ്തുത വ്യവഹാരവുമായി ബന്ധപ്പെട്ട വിഭാഗത്തിന്റെ മേധാവികളെയും ലാഓഫീസറേയും ചുമതലപ്പെടുത്തി തുടർ നടപടിയെടുക്കുകയോ ചെയ്യുകയും കൃത്യമായി അവലോകനം ചെയ്യുന്നതിന് ഭരണവിഭാഗത്തേയും നിയമ വിഭാഗത്തേയും ചുമതലപ്പെടുത്തുകയും ചെയ്യുക.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓംബുഡ്സ്മാനും ട്രൈബ്യൂണലിനും സംസ്ഥാനത്തിന്റെ വിജിലൻസ് ആന്റികറപ്ഷൻ ബ്യൂറോയ്ക്കും ഇലക്ഷൻ കമ്മീഷനും ലോക്കൽ ഗവൺമെന്റ് കമ്മീഷനും ആവശ്യമായ സഹായം നല്കുന്നതിന് വകുപ്പിലെ വിഭാഗങ്ങളുടെ മേധാവികളെ ചുമതലപ്പെടുത്തുകയും ഭരണപരമായ തുടർനടപടി യെടുക്കുന്നതിന് ഭരണവിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്യുക.

3. കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ പ്ലാനിംഗ് ബോർഡിന്റെയോ മറ്റ് ഇതര വകുപ്പുകളുടേയോ ബന്ധപ്പെട്ട കമ്മീഷനുകളുടേയോ ഏജൻസികളുടെയോ മിഷനുകളുടെയോ മീറ്റിംഗുകളിലും സെമിനാറുകളിലും പങ്കെടുക്കുകയോ ബന്ധപ്പെട്ട വിഭാഗങ്ങളിലെ മേധാവികളെ പങ്കെടുക്കാൻ ചുമതല പ്പെടുത്തി തുടർ നടപടിയെടുക്കുകയോ ചെയ്യുക.

4.2.3. ജില്ലാ വികസനരൂപരേഖ

1. 1994-ലെ മുനിസിപ്പാലിറ്റി ആക്റ്റിലേയും 2016-ലെ നഗര-ഗ്രാമാസൂത്രണ ആക്റ്റിലേയുംമറ്റ് ആക്റ്റുകളിലേയും വിവിധ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന ആസൂത്രണ ബോർഡും(?) വകുപ്പും കൂടി ജില്ലാ ആസൂത്രണ സമിതിയ്ക്കു വേണ്ടി തയ്യാറാക്കുന്ന ജില്ലാ വികസന രൂപരേഖ രൂപീകരണ പ്രവർത്തനത്തിന് വിവിധ വിഭാഗങ്ങളേയും വകുപ്പുമായിബന്ധമുള്ള വിവിധതലത്തിലുള്ള ആഫീസുകളിലെ ജീവനക്കാരെയും സുസജ്ജരാക്കുകയും സംസ്ഥാനപ്ലാനിംഗ് ബോർഡിന്റെ സഹാ

യത്തോടെയും വകുപ്പിലെ നഗര/ഗ്രാമ വിഭാഗങ്ങളുടേയും ആസൂത്രണ വിഭാഗത്തിന്റെയും ചുമതലയിൽ ആവശ്യമുള്ള മാർഗ്ഗരേഖകളും കൈപ്പുസ്തകങ്ങളും യഥാസമയം തയ്യാറാക്കുകയും ചെയ്യുന്നതിന് നേതൃത്വം നല്കുകയും വികസന രൂപരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ വകുപ്പിന്റെ ജില്ലാ മേധാവികളുടെ നേതൃത്വത്തിൽ ജില്ലാ കാര്യാലയങ്ങൾ വഴി ചെയ്യുന്നതിന് വിവിധവിഭാഗങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്യുക.

4.2.4. നഗര-ഗ്രാമാസൂത്രണം

1. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി മാസ്റ്റർ പ്ലാനും വിശദവികസന രൂപരേഖകളും കൂടാതെ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശമനുസരിച്ച് അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾക്ക് മേഖലാ/പ്രാദേശിക വികസന രൂപരേഖകളും, പ്രകൃതിക്ഷോഭം, തീരദേശ പരിപാലനം തുടങ്ങിയവ ഉൾപ്പടെയുള്ള വിവിധ കാര്യങ്ങൾക്ക് വിശേഷാൽ വികസന രൂപരേഖകളും ആസൂത്രണ വിഭാഗത്തിന്റെ മേധാവിയായ ചീഫ് ടൗൺപ്ലാനർ (പ്ലാനിംഗ്)ന്റെ ചുമതലയിൽ തയ്യാറാക്കുന്നതിനും അതിനുവേണ്ട മാർഗ്ഗരേഖകളും കൈപ്പുസ്തകങ്ങളും യഥാസമയം രൂപപ്പെടുത്തുന്നതിനും നേതൃത്വം വഹിക്കുക.

2. പരിസ്ഥിതി, നഗരവൽക്കരണം, ആവാസവ്യവസ്ഥ, ഭൂവിനിയോഗരീതി, തുടങ്ങിയ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആസൂത്രണ വിഭാഗത്തിലെ ചീഫ് ടൗൺപ്ലാനർ (ജനറൽ)ന്റെ ചുമതലയിൽ ഗവേഷണം നടത്തി ആവശ്യമായ കരട്നയങ്ങൾ രൂപീകരിക്കുന്നതിനായി റിപ്പോർട്ടുതയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനും ആസൂത്രണത്തിനു ആവശ്യമായ വിവരശേഖരണ സംവിധാനം വിവിധ വിഭാഗങ്ങൾ വഴിശക്തിപ്പെടുത്തുന്നതിനുംനേതൃത്വംകൊടുക്കുക.

3. നഗര-ഗ്രാമാസൂത്രണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തലത്തിലുള്ള വികസന രൂപരേഖകൾ പ്രാവർത്തികമാക്കുന്നതിൽ ആസൂത്രണ വിഭാഗത്തിലെ ചീഫ് ടൗൺപ്ലാനർ (പ്ലാനിംഗ്)ന്റെ ചുമതലയിൽ വിലയിരുത്തുകയും കൃത്യമായി അവലോകനം ചെയ്ത് വിവിധ പ്രവർത്തനങ്ങൾ സർക്കാരിൽ റിപ്പോർട്ടുചെയ്യുന്നതിനും, ജില്ലാആസൂത്രണ സമിതിയ്ക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, സർക്കാരിനും പ്രസ്തുത വികസന രൂപരേഖകളുമായി ബന്ധപ്പെട്ട സാങ്കേതികവും നിയമപരവുമായ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതനു വേണ്ടിവരുന്ന സഹായങ്ങൾ ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുക.

4. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അതത് സമയം ആവശ്യമായി വരുന്ന മാറ്റങ്ങൾ രൂപപ്പെടുത്തുന്നതിന് ആസൂത്രണ വിഭാഗത്തിലെ ചീഫ് ടൗൺ പ്ലാനർ (ജനറൽ)ന്റെ ചുമതലയിൽ സർക്കാരിനെ സഹായിക്കുന്നതിനും ഫലപ്രദമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ വിവിധ വിഭാഗങ്ങളുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങളും ബന്ധപ്പെട്ട പരാതികളുംപരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും സർക്കാരിൽ അറിയിച്ച് തുടർ നടപടിയെടുക്കുന്നതിനും നേതൃത്വം വഹിക്കുക.

5. സംസ്ഥാന ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ ചീഫ് ടൗൺ പ്ലാനർ (ജനറൽ)ന്റെ ചുമതലയിൽ പ്രവർത്തിക്കുന്നതിന് നേതൃത്വം കൊടുക്കുകയും പ്രസ്തുത പ്രവർത്തനത്തിന്മേൽ ഉള്ള പരാതികൾ പരിശോധിച്ച് സർക്കാരിൽ അറിയിച്ച് തുടർ നടപടിയെടുക്കുക.

6. സ്റ്റേറ്റ് പെർസ്പെക്റ്റീവ് വികസന പദ്ധതി തയ്യാറാക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുടെ നിർദ്ദേശം അനുസരിച്ചുള്ള പ്രത്യേക മേഖലാ/പ്രാദേശിക വികസന രൂ

പരേഖകൾ തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതിയ്ക്കുവേണ്ടി ജില്ലാ വികസന രൂപരേഖയുടെ സ്ഥലപരമായ പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമാസ്റ്റർപ്ലാനുകളുംവിശദവികസന രൂപരേഖകളും തയ്യാറാക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന്റേയും ആസൂത്രണ വിഭാഗത്തിന്റെയും കാര്യക്ഷമമായ സാങ്കേതിക പ്രവർത്തനവും വകുപ്പിലെ മറ്റു വിഭാഗങ്ങളുടെയും വകുപ്പുമായി ബന്ധപ്പെട്ട മറ്റുവകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ ഏജൻസികളുടേയും മിഷനുകളുടേയും സുശക്തവും ഏകോപിതവുമായ പ്രവർത്തനങ്ങളും യഥാസമയത്ത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ വിവിധ തലങ്ങളിൽ ഉറപ്പു വരുത്തുക.

4.2.5. എഞ്ചിനീയറിംഗും അടിസ്ഥാന സൗകര്യവികസനവും

1. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് വിവിധ തലത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള കരട് നയം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും മറ്റു ബന്ധപ്പെട്ട വിഭാഗങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിൽ രൂപീകരിക്കുന്നതിനും സർക്കാരിന്റെ അംഗീകാരം വാങ്ങി വിവിധ പദ്ധതികൾ വഴി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധപദ്ധതികൾ ആസൂത്രണം ചെയ്യുന്നതി നും വിശദമായ പദ്ധതി റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമുള്ള സാങ്കേതികപ്രവർത്തനം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവിയായ ചീഫ് എഞ്ചിനയറുടെ ചുമതലയിൽ സുശക്തവും കാര്യക്ഷമവുമാക്കുന്നതിനും അവശ്യമുള്ളപദ്ധതികളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധനകൾ നടത്തുന്നതിനും ആവശ്യമായ പ്രവർത്തന മാർഗ്ഗരേഖകളും കൈപ്പുസ്തകങ്ങളും തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുക.

3. തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട പൊതുമരാമത്ത് പണികളുടെ പ്രവർത്തന മാനുവൽ, ജോലികളുടെ വിശദമായ ഇനം തിരിച്ചുള്ള വിവരണങ്ങൾ കാലാകാലങ്ങളിലുണ്ടാകുന്ന മാറ്റം അനുസരിച്ചുള്ള ജോലിയുടേയും ആവശ്യമുള്ള വസ്തുക്കളുടേയും നിരക്കിന്റെ പട്ടിക തിരിച്ച വിവിരം (ഷെഡ്യൂൾ ഓഫ് റേറ്റ്) ചുമട്ടു കൂലിയുടെ നിരക്ക് തുടങ്ങിയ വിവരങ്ങൾ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് തയ്യാറാക്കുകയും യഥാസമയം പുതുക്കുകയും ചെയ്ത് സർക്കാരിൽ സമർപ്പിച്ച്കൊണ്ട് അംഗീകരിപ്പിക്കുന്നതിനുള്ള നടപടിയെടുക്കുക.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തിയുടെ കണക്കെടുക്കുന്നതിനും സുശക്തവും ആധുനികവുമായ വിവരശേഖരണം വഴി രജിസ്റ്റർ തയ്യാറാക്കുന്നതിനും പാർലമെന്റ് അംഗങ്ങളുടെയും സംസ്ഥാന നിയമസഭാ അംഗങ്ങളുടേയും ആസ്തി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും മറ്റ്ബന്ധപ്പെട്ട ഗ്രാമ/നഗരഭരണ വിഭാഗങ്ങളുടേയും ആസൂത്രണ വിഭാഗത്തിന്റേയും സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിന്റേയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടിയെടുക്കുക.

5. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ പദ്ധതികൾക്കും, ഭവനം, ശ്മശാനം, സ്ലാട്ടർ ഹൗസ്, സാനിട്ടേഷൻ പദ്ധതി, ബസ് സ്റ്റാൻഡ്, ഓഫീസ്, ആശുപത്രി, വിദ്യാഭ്യാസസ്ഥാപനങ്ങൾ, അനുബന്ധ വകുപ്പുകളുടെ വിവിധ പദ്ധതികൾക്കായി ആസൂത്രണം ചെയ്യുന്ന കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണങ്ങൾക്കും സാങ്കേതിക രൂപകല്പന ചെയ്യുന്നതിന് ആവശ്യമായ മാർഗ്ഗരേഖകളുംകൈപ്പുസ്തകങ്ങളുംഎഞ്ചിനീയറിംഗ്വിഭാഗത്തിന്റെയും ആസൂത്രണ വിഭാഗത്തിന്റേയും നേതൃത്വത്തിൽ തയ്യാറാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും നടപടിയെടുക്കുക.

4.2.6. പൊതുജനാരോഗ്യം, പരിസ്ഥിതി, മാലിന്യ നിർമ്മാർജ്ജനം

1. മുനിസിപ്പാലിറ്റി ആക്റ്റ്, പഞ്ചായത്ത് രാജ് ആക്റ്റ്, പൊതുജനാരോഗ്യ ആക്റ്റുകൾ തുടങ്ങിയ നിയമങ്ങളിലെ വ്യവസ്ഥകളും രാജ്യത്തു കാലാകാലങ്ങളിലുള്ള മാറ്റങ്ങളും പൊതുജനാരോഗ്യവും പരിസ്ഥിതി മാലിന്യ നിർമ്മാർജ്ജനം, എന്നിവ സംബന്ധമായ വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിർവഹിക്കേണ്ട അനിവാര്യ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് ജീവനക്കാരെ സുശക്തരാക്കുന്നതിനും അത് വിവിധ തലത്തിൽ അവലോകനം ചെയ്തു റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനും ശക്തമായ പ്രവർത്തനത്തിന് ആവശ്യമായമാർഗ്ഗരേഖകളുംകൈപ്പുസ്തകങ്ങളും അർബൻ ഗവേണൻസ് വിഭാഗത്തിന്റെ മേധാവിയുടെ നേതൃത്വത്തിലും പബ്ളിക് ഹെൽത്ത് ആന്റ് എൺവിയോൺമെന്റ് വിഭാഗത്തിന്റെ ചുമതലയിലുംവിവിധ വിഭാഗങ്ങളുടെ സഹായത്തോടെയും തയ്യാറാക്കുന്നതിനും അത് അനുസരിച്ച് വിവിധതലത്തിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നുണ്ട് എന്നു ഉറപ്പ് വരുത്തുന്നതിനുവേണ്ടി മൂന്നുമാസത്തിൽ ഒരിക്കൽ വകുപ്പിലെ ജില്ലാ മേധാവികളുടേയും ബന്ധപ്പെട്ട വിഭാഗങ്ങളുടെ മേധാവിമാരുടേയും അവലോകനയോഗംകൂടുന്നതിനും തുടർനടപടി യെടുക്കുന്നതിനും നേതൃത്വം കൊടുക്കുക.

4.2.7. അധികാരവികേന്ദ്രീകരണ നടപടികൾ

1. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളിലെ വ്യവസ്ഥകളും മുനിസിപ്പാലിറ്റി ആക്റ്റിലേയും പഞ്ചായത്ത് രാജ് ആക്റ്റിലേയും നിബന്ധനകളും അനുസരിച്ച് ഗ്രാമ-നഗരപ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപപ്പെട്ടിട്ടുള്ള അധികാരവികേന്ദ്രീകരണ നടപടികൾ സുസ്ഥാപിതമാക്കുന്നതിന് വിവിധ വിഷയങ്ങളിൽ നിലവിലുള്ള സംവിധാനത്തെ സമഗ്രമായി വിശകലനം ചെയ്തു റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനും തുടർന്ന് സ്വീകരിക്കേണ്ട നയങ്ങൾ രൂപപ്പെടുത്തുന്നതിന് സർക്കാരിനെ സഹായിക്കുന്നതിനും വേണ്ടി റൂറൽ ഗവേണൻസ് വിഭാഗത്തിന്റേയും അർബൻ ഗവേണൻസ് വിഭാഗത്തിന്റേയും ആസൂത്രണ വിഭാഗത്തിന്റേയും മേധാവികളെ ചുമതലപ്പെടുത്തുന്നതിനും ആവശ്യമായ തുടർനടപടികൾ വിവിധ വിഭാഗങ്ങൾ വഴി എടുക്കുന്നതിനും നേതൃത്വം നൽകുക.

4.2.8. പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും

1. സംസ്ഥാന സർക്കാരിന്റെ അംഗീകൃത നയങ്ങൾക്കും വിവിധതലത്തിലുള്ള അംഗീകൃത വികസന രൂപരേഖകളിലെ നിർദ്ദേശങ്ങൾക്കും പൊതുജനങ്ങളുടെ ആധികാരികമായആവശ്യങ്ങൾക്കും അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖകളും കൈപ്പുസ്തകങ്ങളും സംസ്ഥാന ആസൂത്രണ ബോർഡിന്റേയും പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടേയും എഞ്ചിനീയറിംഗ്/ആസൂത്രണ വിഭാഗങ്ങളുടേയും സഹായത്തോടെ വിവിധതലത്തിലുള്ള പഞ്ചായത്തുകളിൽ ഗ്രാമഭരണ വിഭാഗം മേധാവിയുടെ ചുമതലയിലും നഗരസഭാ തലത്തിൽ നഗരഭരണ വിഭാഗം മേധാവിയുടെ ചുമതലയിലും തയ്യാറാക്കി പദ്ധതിനിർവഹണ വർഷത്തിന് മുമ്പ് തന്നെ സർക്കാരിൽ നിന്നും അംഗീകാരം നേടുന്നതിനുള്ള നടപടിയെടുക്കുക.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്തു കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ തലത്തിലുള്ള ആഫീസുകളിലെ ജീവനക്കാരെ സുശക്തരാക്കുന്നതിനും വകുപ്പിലെ വിവിധ വിഭാഗങ്ങൾ വഴി സംസ്ഥാന തലത്തിലും ജില്ലാ കാര്യാലയം മേധാവിയുടെ നേതൃത്വം വഴി ജില്ലാ തലത്തിലും ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമുള്ള പദ്ധതികളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനായി ഗ്രാമഭരണ വിഭാഗത്തിന്റേയും നഗര ഭരണവിഭാഗത്തിന്റേ

യുംമേധാവികളെ ചുമതലപ്പെടുത്തുന്നതിനും, പദ്ധതികൾക്ക് അംഗീകാരം നല്കുന്ന നടപടികൾക്ക് (Planning Board)ജില്ലാ ആസൂത്രണ സമിതിയ്ക്കു ആവശ്യമായസഹായം നല്കുന്നതിനും ആസൂത്രണ വിഭാഗത്തിന്റേയും മറ്റുവിവിധ വിഭാഗങ്ങളുടെ സഹായത്തോടെയും യഥാസമയം വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കുക.

4.2.9. വികേന്ദ്രീകരണ ആസൂത്രണവും ജനകീയ ആസൂത്രണവും

1. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളുടേയും പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങളുടേയും അന്തസത്തയ്ക്ക് അനുസരിച്ച് വികേന്ദ്രീകരണ ആസൂത്രണത്തിന്പ്രാമുഖ്യം നല്കികൊണ്ടും പ്രാദേശികതലത്തിൽ ജനകീയ ആസൂത്രണത്തിന് ഊന്നൽ നല്കികൊണ്ടും വാർഡു തലത്തിൽ വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ ശാസ്ത്രീയ അടിത്തറ യോടെയും ദീർഘ വീക്ഷണത്തോടെയും ആസൂത്രണം ചെയ്യുന്നതിനുള്ള രീതിശാസ്ത്രം രൂപപ്പെടുത്തുന്നതിനും കാലാകാലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും അത് നടപ്പിലാക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായവും ഏകോപനവും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാകാര്യാലയം വഴി ഉറപ്പു വരുത്തുന്നതിന് ഗ്രാമഭരണ, നഗരഭരണ വിഭാഗങ്ങൾക്ക് ചുമതലനല്കുകയും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വേണ്ടി രൂപപ്പെടുത്തിയ കൈപ്പുസ്തകങ്ങളിലും മാർഗ്ഗരേഖകളിലും എഞ്ചിനീയറിംഗ്/നഗര-ഗ്രാമാസൂത്രണ വിഭാഗങ്ങളുടെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും സഹായത്തോടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ട നടപടിയെടുക്കുകയും ചെയ്യുക.

4.2.10. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ പ്ലാൻ/നോൺ പ്ലാൻ പദ്ധതികൾ

1. കേന്ദ്ര സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതി ഉൾപ്പെടെ വിവിധ പ്ലാൻ/നോൺ പ്ലാൻ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ വിവിധ പ്ലാൻ/നോൺ പ്ലാൻ സ്കീമുകളും സമഗ്രമായി ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ജില്ലാ കാര്യാലയതലത്തിൽ ഏകോപി പ്പിക്കുന്നതിനും ഗ്രാമപ്രദേശത്തെ പദ്ധതികൾ ഗ്രാമഭരണ വിഭാഗം മേധാവിയുടെയും നഗര പ്രദേശപദ്ധതികൾ നഗരഭരണ വിഭാഗം മേധാവിയുടേയും ചുമതലയിലും ആസൂത്രണ സംബന്ധമായ പദ്ധതികൾ ചീഫ് ടൗൺ പ്ലാനറുടെ ചുമതലയിലും വകുപ്പിലെ മറ്റു വിഭാഗങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നതിനും നേതൃത്വം വഹിക്കുക.

2. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പ്ലാൻ/നോൺ പ്ലാൻ സ്കീമുകളുടെ ഗ്രാമപ്രദേശത്തെ പദ്ധതികളുടെ ഭരണാനുമതി നല്കുന്നതിന് ഗ്രാമഭരണ വിഭാഗം മേധാവിയുടേയും നഗര പ്രദേശത്തെ പദ്ധതികളുടെ ഭരണാനുമതി നല്കുന്നതിന് നഗരഭരണ വിഭാഗംമേധാവിയുടേയും എഞ്ചിനീയറിംഗ് സംബന്ധമായ പദ്ധതികളുടെ സാങ്കേതിക അനുമതി ചീഫ് എഞ്ചിനീയറുടേയും ആസൂത്രണ സംബന്ധമായ പദ്ധതികളുടെ സാങ്കേതിക അനുമതി ചീഫ് ടൗൺപ്ലാനറുടേയും നേതൃത്വത്തിൽ വിവിധ തലത്തിൽ നല്കുന്നതിന് ചുമതലപ്പെടുത്തുകയും സംസ്ഥാനതലത്തിൽ അനുമതി വേണ്ട പദ്ധതികൾക്ക് സർക്കാരിൽ നിന്നും അനുമതി വാങ്ങുന്നതിനുള്ള നടപടിയെടുക്കുകയും അതാത് വിഭാഗങ്ങൾ വഴി പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള ഫണ്ട് യഥാസമയം വിതരണംചെയ്യുന്നതിനും കാര്യക്ഷമമായ തുടർ പ്രവർത്തനവും ഏകോപനവും നടക്കുന്നതിന് വേണ്ട നടപടി എടുക്കുന്നതിനും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുക.

4.2.11. പ്രവർത്തന അവലോകനവും മോണിറ്ററിംഗും

1. കേന്ദ്രസർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയകളുടേയും കേന്ദ്ര/സംസ്ഥാന സർക്കാർ പ്ലാൻ/ നോൺപ്ലാൻ സ്കീമുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെയും പ്രവർത്തന പുരോഗതിയും ഭൗതികനേട്ടവും സാമ്പത്തിക ചെലവുകളും എല്ലാമാസവും ആദ്യ ആഴ്ചയിൽ സമഗ്രമായി വിശകലനം ചെയ്യുന്നതിന് ജില്ലാതലത്തിൽ വകുപ്പിന്റെ ജില്ലാ മേധാവികളേയും സംസ്ഥാന തലത്തിൽ ഗ്രാമ പ്രദേശത്തിന്റെ പദ്ധതികൾ ഗ്രാമഭരണ വിഭാഗം തലവനേയും നഗര പ്രദേശത്തിന്റെ പദ്ധതികൾ നഗരഭരണവിഭാഗം തലവനേയും എഞ്ചിനീയറിംഗ് സംബന്ധമായ പദ്ധതികൾ ചീഫ് എഞ്ചിനീയറേയും നഗര-ആസൂത്രണ സംബന്ധമായ പദ്ധതികൾ ചീഫ് ടൗൺപ്ലാനറെയും ചുമതലപ്പെടുത്തുന്നതിനും വകുപ്പിന്റെ മൊത്തത്തിലുള്ള പുരോഗതിയുടെ സംയുക്ത റിപ്പോർട്ട് സർക്കാരിലേക്കും സംസ്ഥാന ആസൂത്രണ ബോർഡിലേക്കും പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റിലേക്കും അയ്ക്കുന്നതിന് ഭരണ വിഭാഗത്തേയും ചുമതല പ്പെടുത്തുന്നതിനും പദ്ധതികളുമായി ബന്ധപ്പെട്ട വിവരശേഖരണത്തിന് സ്റ്റാറ്റിസ്റ്റിക്ക് വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടി എല്ലാവിഭാഗങ്ങളുടെ മേധാവികളും ജില്ലാ കാര്യാലയ മേധാവികളുമായി കൂടിചേർന്നുള്ള അവലോകന യോഗം എല്ലാ മാസവും ആദ്യ ആഴ്ചയിൽ നടത്തുന്നതിനുമുള്ള നടപടിയെടുക്കുക.

4.2.12. അക്കൗണ്ടിംഗും ആഡിറ്റിംഗും കറക്ഷനും

1. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടേയും വിവിധ തലത്തിലുള്ള ആഫീസുകളിലേയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളി ലേയും വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ ഏറ്റവും ആധുനിക ഇലക്ട്രോണിക്ക് സംവിധാനം വഴി നടപ്പിലാക്കുന്നതിന് ജീവനക്കാരെ സജ്ജരാക്കുന്നതിനും യഥാസമയം അവലോകനം ചെയ്യുന്നതിനും ഭരണവിഭാഗത്തേയും ഫിനാൻസ് ഓഫിസറേയും ചുമതലപ്പെടുത്തുന്നതിനും മറ്റു വിഭാഗങ്ങളുടെ സഹായത്തോടെ കൃത്യമായി പരിശോധിച്ച് വകുപ്പിനുള്ളിലെ ആഡിറ്റിംഗ് വിഭാഗം വഴി ആഡിറ്റ് നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും നിലവിലുള്ള പ്രവർത്തനത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുമുള്ള നടപടിയെടുക്കുക.

4.2.13. സാമ്പത്തിക സ്രോതസ്സ് കണ്ടെത്തൽ

1. കേന്ദ്ര ധനകാര്യ കമ്മീഷനും സംസ്ഥാന ധനകാര്യ കമ്മീഷനും സർക്കാരിന്റെ അനുവാദത്തോടെ ആവശ്യമായ സഹായം ചെയ്യുകയും തുടർന്ന് കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിന് സർക്കാരിനേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളേയും സഹായിക്കുക.

2. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സാമ്പത്തിക സ്രോതസ്സ് ഉയർത്തുന്ന തിനുള്ള ആവശ്യമായവഴികൾ രൂപപ്പെടുത്തുന്നതിന് വേണ്ടി ദേശീയ/ അന്തർദേശീയ ഫണ്ടിംഗ് ഏജൻസികളുമായി സർക്കാരിന്റെ അനുവാദത്തോടെ നിയമപരമായ ചർച്ചകൾ നടത്തുകയും വിവിധ ധനകാര്യ ദേശീയ/അന്തർദേശീയ സെമിനാറുകളിലും ശില്പശാലകളിലും പങ്കെടുക്കുകയും വിശദവിവരങ്ങൾ സർക്കാരിൽ റിപ്പോർട്ടു ചെയ്യുകയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപദേശം നല്കുകയും ചെയ്യുക.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തനത് സാമ്പത്തിക സ്രോതസിൽ നിന്നും പിരിച്ചെടുക്കുന്നതിന്റെ കാര്യക്ഷമതയെ സംബന്ധിച്ച് സമഗ്രമായി പഠിക്കുന്നതിനും ശക്തവും കാര്യക്ഷമവുമായ ആധുനികസംവിധാനം രൂപപ്പെടുത്തി നടപ്പിലാക്കുന്ന

തിനും പുതിയ സാമ്പത്തിക സ്രോതസ്സുകളെ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച്, തുടർ നടപടിയെടുക്കുന്നതിനും ഗ്രാമ/നഗര ഭരണ വിഭാഗം മേധാവികളേയും ഫിനാൻസ് ഓഫീസറേയും ചുമതലപ്പെടുത്തുകയും പ്രവർത്തന പുരോഗതി മാസംതോറുംഅവലോകനം ചെയ്തു സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് ഭരണ വിഭാഗത്തെ ചുമതലപ്പെടുത്തുകയും സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നു ഉറപ്പുവരുത്തുന്നതിനായി മൂന്നുമാസത്തിൽ ഒരിക്കൽ ബന്ധപ്പെട്ട എല്ലാവരും കൂടി ചേർന്നുള്ള യോഗം ചേർന്ന് വിശദമായി പ്രവർത്തനം അവലോകനം ചെയ്തു വിലയിരുത്തുകയും ചെയ്യുക.

4.2.14. സേവനം, സേവനാവകാശം, വിവരാവകാശം

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവിധ സേവനങ്ങളും മറ്റ് അനിവാര്യ ചുമതലകളും പൊതുജനങ്ങൾക്ക് കൃത്യമായും കാര്യക്ഷമതയോടും ലഭിക്കുന്നതിനായി സുശക്തവും സ്ഥായിയായതുമായ സംവിധാനം രൂപപ്പെടുത്തുന്നതിനും അതിനു വേണ്ട സേവന സന്നദ്ധരായ ജീവനക്കാരെ സജ്ജരാക്കുന്നതിനും ആധുനിക രീതിയിലുള്ള പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഗ്രാമ/നഗര ഭരണ വിഭാഗങ്ങളുടെ മേധാവികളുടെ നേതൃത്വത്തിൽ പ്രസ്തുതസ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള നടപടികൾ എടുക്കുക.
2. സേവന അവകാശനിയമവും വിവരാവകാശ നിയമവും അനുസരിച്ച് ജനങ്ങൾക്ക് കൃത്യതയോടെ സേവനങ്ങളും വിവരങ്ങളും, വിവിധ ആഫീസുകളിൽ നിന്നും വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും അഡ്മിനിസ്ട്രേറ്റിവ് ഓഫീസറും വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ മേധാവികളുമായി ചേർന്ന് മൂന്നു മാസത്തിൽ ഒരിക്കൽ അവലോകനയോഗം കൂടുകയും വിശകലനം ചെയ്തു തുടർനടപടിയെടുക്കുകയും ചെയ്യുക.

4.2.15. ആക്റ്റുകളും റൂളുകളും

1. സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ആക്റ്റുകളിലും റൂളുകളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന്റേയും പുതുക്കുന്നതിന്റേയും നടപടികളും കൂടാതെ പുതിയ ബില്ലുകളുടേയും റൂളുകളുടേയും കരട് വകുപ്പിലെ വിവിധവിഭാഗങ്ങളുടെയും വകുപ്പിലെ നിയമവിഭാഗത്തിലെ ലാഓഫീസറുടേയും ചുമതലയിൽ തയ്യാറാക്കി സർക്കാരിൽസമർപ്പിക്കുന്നതിന് ആവശ്യമായ ഭരണ നേതൃത്വം വഹിക്കുക.

4.2.16. പ്രവർത്തന ഉത്തരവാദിത്വവും സുതാര്യതയും

1. തദ്ദേശസ്വയംഭരണ വകുപ്പിലും വിവിധ പഞ്ചായത്ത്/നഗരസഭാ കാര്യാലയങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിഷയങ്ങളിൽ കൂടുതൽ ഉത്തരവാദിത്വവും കടപ്പാടും ഉണ്ടാക്കുന്നതിനും ഇ-ഗവേണൻസ് വഴി ആധുനികവൽക്കരിക്കുന്നതിന് നഗര/ഗ്രാമഭരണ വിഭാഗങ്ങളു ടേയും എഞ്ചിനീയറിംഗ്/നഗര-ഗ്രാമാസൂത്രണ വിഭാഗങ്ങളുടേയും ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിന്റേയും കൂട്ടായചുമതലയിൽ ആവശ്യമായ നടപടികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായത്തിനും നേതൃത്വം നൽകുക.

4.2.17. നിയമസഭാ/ലോകസഭാ ചോദ്യോത്തരങ്ങളും ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളും

1. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട നിയമസഭാ/ലോകസഭാ/ രാജ്യസഭാ ചോദ്യങ്ങൾക്കും വിവിധ നിയമസഭാ കമ്മറ്റികളുടെ പ്രവർത്തനങ്ങൾക്കും മറുപടികളും റിപ്പോർട്ടുകളും വിശദീകരണ കുറിപ്പുകളും യഥാസമയം വിവിധ വിഭാഗങ്ങളുടെ സഹായത്തോടെ തയ്യാറാക്കി സർക്കാരിന് നൽകുകയും സർക്കാരിനെ സഹായിക്കുന്നതിനായി നിയമസഭയിലും നിയമസഭാ വിഷയകമ്മറ്റികളിലും ഔദ്യോഗികമായി പങ്കെടുക്കുകയും ചെയ്യുക.

4.2.18. വാർഷിക ഭരണ റിപ്പോർട്ടും മറ്റു റിപ്പോർട്ടുകളും

1. വകുപ്പിന്റെ വാർഷിക ഭരണ റിപ്പോർട്ട്, സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന സാമ്പത്തിക റിവ്യൂ റിപ്പോർട്ടിനു ആവശ്യമായ വിവരങ്ങൾ, ഗവർണറുടെ നയപ്രഖ്യാപനത്തിന് ആവശ്യമായ റിപ്പോർട്ടുകളുടെ കരട് രൂപം എന്നിവ വിവിധ വിഭാഗങ്ങളുടെ സഹായത്തോടെ തയ്യാറാക്കി സർക്കാരിനും ആസൂത്രണ ബോർഡിനും നല്കുകയും തുടർ നടപടികളെടുക്കുകയും ചെയ്യുക.

4.2.19. ആഡിറ്റ് റിപ്പോർട്ട്/വിശദീകരണ റിപ്പോർട്ട്

1. വകുപ്പിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റേയും സംസ്ഥാന ആഡിറ്റ് വകുപ്പിന്റേയും ഫൈനാൻസ് വകുപ്പിന്റേയും റിപ്പോർട്ടുകൾക്കും സംശയങ്ങൾക്കും മറുപടിയും വിശദീകരണങ്ങളും ബന്ധപ്പെട്ട വിഭാഗങ്ങളുടേയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടേയും ഫിനാൻസ് ഓഫീസറുടേയും ചുമതലയോടെ നൽകുകയും തുടർ നടപടിയെടുക്കുകയും ആവശ്യമായ വിഷയങ്ങൾ സർക്കാരിൽ റിപ്പോർട്ട് ചെയ്തു തുടർ നടപടിയെടുക്കുകയും ചെയ്യുക.

4.2.20. ചീഫ് വിജിലൻസ് ആഫീസേർസ്

1. വകുപ്പിലെ വിവിധ പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ നടക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തുന്നതിനായി വകുപ്പിലെ ഭരണപരമായ കാര്യങ്ങൾ പരിശോധിക്കുന്നതിന് ഭരണ വിഭാഗം അഡിഷണൽ ഡയറക്ടറേയും ഗ്രാമപ്രദേശത്തെ വികസന വിഷയങ്ങളിൽ ഗ്രാമ ഭരണ വിഭാഗം ഡയറക്ടറേയും നഗരപ്രദേശത്തെ വികസന വിഷയങ്ങളിൽ നഗര ഭരണ വിഭാഗം ഡയറക്ടറേയും ആസൂത്രണപരമായ വിഷയങ്ങളിൽ ചീഫ് ടൗൺപ്ലാനറേയും എഞ്ചിനീയറിംഗ് സംബന്ധമായ വിഷയങ്ങളിൽ ചീഫ് എഞ്ചിനിയറേയും വകുപ്പിന്റെ ചീഫ് വിജിലൻസ് ആഫീസർമാരായി ചുമതലപ്പെടുത്തുന്നതിനും മൂന്ന് മാസത്തിൽ ഒരിക്കൽ അവരുമായി അവലോകനയോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും ആവശ്യമായവിവരങ്ങൾ സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് നേതൃത്വം കൊടുക്കുകയും ചെയ്യുക.

4.2.21.സമഗ്ര വിവരശേഖരണം

1. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ തലത്തിലുള്ള ആസൂത്രണ നിർവഹണ, അവലോകന പ്രവർത്തനത്തിനായി സമഗ്രമായ വിവരശേഖരണ സംവിധാനം ആധുനിക രീതിയിൽ രൂപപ്പെടുത്തുന്നതിനുവേണ്ടി ഗ്രാമപ്രദേശത്തേക്ക് ഗ്രാമഭരണ വിഭാഗം മേധാവിയേയും നഗരപ്രദേശത്തേക്ക് നഗരഭരണ വിഭാഗം മേധാവിയേയും ആസൂത്രണ സംബന്ധമായ വിവരങ്ങൾക്ക് ചീഫ് ടൗൺ പ്ലാനർ (ജനറൽ)നേയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുള്ള ആസ്തി സംബന്ധമായ വിവരങ്ങൾക്ക് ചീഫ്

എഞ്ചിനീയറേയും വിവിധ പദ്ധതി വരവ് ചെലവ് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഭരണവിഭാഗത്തേയും ചുമതലപ്പെടുത്തുന്നതിനും വിവിധ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള സ്റ്റാറ്റിസ്റ്റിക് വിഭാഗത്തെ ചുമതലപ്പെടുത്തുന്നതിനും മൂന്നു മാസത്തിൽ ഒരിക്കൽ അത് അവലോകനം ചെയ്യുന്നതിനും നേതൃത്വം കൊടുക്കുക.

4.2.22. ഡോക്യുമെന്റേഷൻ

1. വകുപ്പിലെ പ്രധാനപ്പെട്ട എല്ലാ വിവരങ്ങളും റിപ്പോർട്ടുകളും വികസന രൂപരേഖകളും ഗവേഷണറിപ്പോർട്ടുകളും ആക്ടുകളും മാപ്പുകളും കൃത്യമായി സംരക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനം രൂപപ്പെടുത്തുന്നതിന് ഡോക്കുമെന്റേഷൻ വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും ആവശ്യമുള്ളകാര്യങ്ങൾ ജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്നതിന് പബ്ലിസിറ്റി വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും വേണ്ട നടപടികൾ വിവിധ തലത്തിൽ എടുക്കുകയും അത് ശരിയായ രൂപത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് സംസ്ഥാന തലത്തിൽ ആറ്മാസത്തിൽ ഒരിക്കൽ വിവിധ വിഭാഗം മേധാവികളുടെ അവലോകനയോഗം കൂടി പരിശോധിക്കുന്നതിന് നേതൃത്വം കൊടുക്കുകയും ചെയ്യുക.

4.2.23. ലൈബ്രറി, സാംസ്കാരികനിലയങ്ങൾ

1. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളും സാംസ്കാരിക നിലയങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ പഠനങ്ങൾ നടത്തുന്നതിനും സുശക്തവും ആധുനികവുമായ സംവിധാനം രൂപപ്പെടുത്തുന്നതിനും വേണ്ടി ഭരണ വിഭാഗത്തെ ചുമതലപ്പെടുത്തുന്നതിനും ആറ് മാസത്തിലൊരിക്കൽ വിശകലനം നടത്തുന്നതിനും ആവശ്യമായ നടപടിയെടുക്കുക.

4.2.24. ഇൻഫർമേഷനും പബ്ളിസിറ്റിയും

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങളെയും ജീവനക്കാരെയും കൃത്യമായും യഥാസമയവും അറിയിക്കുന്ന തിന് സുശക്തവും ആധുനികവുമായ വകുപ്പിന്റെ ഏകീകൃത ഇൻഫർമേഷൻ ആന്റ് പബ്ളിസിറ്റി വിഭാഗവും വെബ് സൈറ്റും രൂപപ്പെടുത്തുന്നതിനും അതിന്റെ പ്രവർത്തനം കൃത്യമായിട്ട് വിലയിരുത്തുന്നതിനുമുള്ള നടപടിയെടുക്കുക.

4.2.25. വകുപ്പിന്റെ പ്രവർത്തന സംവിധാനവും ആധുനികവൽക്കരണവും.

1. വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തന സംവിധാനത്തിലും ജില്ലാ കാര്യാലയങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഈ-ഗവേണൻസ് സംവിധാനവും ജനങ്ങൾക്ക് കാര്യക്ഷമവും ശക്തവുമായ സേവന സൗകര്യങ്ങൾ ലഭിക്കുന്നതിന് ഈ-സർവ്വീസ് സംവിധാനവും രൂപപ്പെടുത്തുന്നതിന് ഭരണ വിഭാഗത്തിന്റെ ചുമതലയിലും മറ്റു വിഭാഗങ്ങളുടെ ഏകോപനത്തോടെയും സംഘടിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കുകയും വകുപ്പിലെ ആസൂത്രണം/എഞ്ചിനിയറിംഗ് എന്നീ സാങ്കേതികവിഭാഗങ്ങളുടെ പ്രവർത്തനത്തിന് ആധുനികരീതിയിലുള്ള സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്നതിന് നേതൃത്വം കൊടുക്കുകയും പ്രവർത്തനങ്ങൾ എല്ലാം കാര്യക്ഷമമായിട്ടു നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ആറ് മാസത്തിൽ ഒരിക്കൽ വിവിധ വിഭാഗം മേധാവികളുടേയും ജില്ലാ കാര്യാലയ മേധാവികളുടേയും അവലോകനയോഗം കൂടി തുടർനടപടിയെടുക്കുകയും ചെയ്യുക.

4.2.26. പ്രവർത്തന മികവിനുള്ള അവാർഡുകൾ

1. സ്വരാജ്ട്രോഫി തുടങ്ങിയ അവാർഡുകൾ നിശ്ചയിക്കുന്നതിനും, ഓരോ വർഷവും സംസ്ഥാനത്തെ വിവിധ തലത്തിലുള്ള ഏറ്റവും മികവാർന്ന തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും ഉള്ള മാനദണ്ഡവും സൂചികകളും സർക്കാരിനുവേണ്ടി തയ്യാറാക്കുന്നതിനും, ആഘോഷദിനങ്ങൾ സംഘടിപ്പിക്കുന്നതിനും സർക്കാരിനെ സഹായിക്കുന്നതിന് ഗ്രാമ/നഗരവിഭാഗം ഡയറക്ടറേറ്റുകളെ ചുമതലപ്പെടുത്തുന്ന തിനും ആവശ്യമായ സഹായങ്ങൾ മറ്റു വിഭാഗങ്ങൾ വഴി നൽകുന്നതിനും നേതൃത്വം കൊടുക്കുക.

4.2.27. മേളകളും ട്രേഡ് ഫെയറുകളും

1. ഓണം/ക്രിസ്തുമസ്/ബക്രീദ് തുടങ്ങിയ വിശേഷാൽ ദിനങ്ങളോടനുബന്ധിച്ചുള്ള ട്രേഡ് ഫെയറുകൾ, മേളകൾ, തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സർക്കാരിനെ സഹായിക്കുക.

4.2.28. ഹൗസ് കീപ്പിംഗ്, മറ്റു ഭരണ ചുമതലകൾ

1. ആസ്ഥാന കെട്ടിടത്തിന്റെ ഹൗസ് കീപ്പിംഗിനും, പ്രവർത്തന കാലാവധി കഴിഞ്ഞതും ഔദ്യോഗികമായി പ്രവർത്തന തുടർച്ചയില്ലാത്തവയുമായ മുൻകേന്ദ്ര/ സംസ്ഥാന ആവിഷ്കൃതപദ്ധതികളുടെ അവശേഷിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലും ബന്ധപ്പെട്ട സ്ഥലങ്ങളിലും സമർപ്പിക്കുന്നതിനും മറ്റു ഭരണപരമായതും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ലാത്തതുമായ കാര്യങ്ങൾക്ക് നടപടിയെടുക്കുന്നതിനും ഭരണ വിഭാഗത്തേയും അഡിമിനിസ്ട്രേറ്റിവ് ഓഫീസറേയും ചുമതലപ്പെടുത്തുന്നതിനും നടപടിയെടുക്കുക.
2. സർക്കാർ ആവശ്യപ്പെടുന്ന മറ്റു വിഷയങ്ങളിൽ സർക്കാരിനെ യഥാസമയം സഹായിക്കുക.

അദ്ധ്യായം-V

5.0. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസും ചുമതലകളും

5.1.0. തദ്ദേശസ്വയംഭരണവകുപ്പിന്റെ ഏകീകൃത ജില്ലാതല ഓഫീസിന്റെ ഉദ്ദേശം.

ഭരണഘടനാ ഭേദഗതികൾ വഴി അധികാരവികേന്ദ്രീകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ കാലഘട്ടം മുതൽ ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിലെ ഏകോപനമില്ലായ്മ പ്രകടമായിരുന്നു. ഈ വിഷയം മനസ്സിലാക്കികഴിഞ്ഞ ഇരുപത്തഞ്ച് വർഷങ്ങൾക്കിടയിൽ പലപ്പോഴും ഏകീകരണം വഴി തദ്ദേശസ്വയംഭരണവകുപ്പിനുള്ളിൽ ഒരു പൊതു സർവീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ആലോചിച്ചിരുന്നു. 1994-ലെ പഞ്ചായത്തീരാജ് ആക്ടിലെ 179,180 എന്നീ വകുപ്പുകളിൽ പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി മാറ്റുകയും,1968-ലെ കേരള പബ്ലിക് സർവീസസ് ആക്ട് (1968-ലെ 19) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിൽ; പഞ്ചായത്ത് സെക്രട്ടറിമാരുടെയും ഉദ്യോഗസ്ഥ രുടെയും ജീവനക്കാരുടെയും തരംതിരിവ്, റിക്രൂട്മെന്റിന്റെ സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ തുടങ്ങിയവ നിയന്ത്രിക്കാനും ആ ചട്ടങ്ങൾ മൂലം സെക്രട്ടറിമാരെയോ സർക്കാരിന് ആവശ്യമെന്നു തോന്നുന്ന മറ്റുസർക്കാർ ജീവനക്കാരെയോ പഞ്ചായത്ത് ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ,ഒരു ജില്ലക്ക് മാത്രമായോ,ഒരു പ്രത്യേക സർവീസായോ കേഡറായോ സംഘടിപ്പിക്കു ന്നതിനും കൂടി വ്യവസ്ഥ ചെയ്യാൻ സർക്കാരിന് അധികാരം നൽകുന്നു.സമാനമായ വ്യവസ്ഥ 1994-ലെ കേരള മുനിസിപ്പൽ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.വകുപ്പുകളുടെ ഏകീകരണപ്രവർത്തനത്തിന്റെ മുന്നോടിയായി പ്രസ്തുത ആക്ടിലെ 48, 222, 224-എന്നീ വ്യവസ്ഥകളിലെ ഭാഗങ്ങളിൽ 2019 ഡിസംബർ രണ്ടാം തീയതി നിയമസഭാ പാസ്സാക്കിയ ഭേദഗതികൾ അനുസരിച്ച് മുനിസിപ്പൽ പൊതു സർവീസിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരാകുന്നതിനും മുനിസിപ്പൽ പൊതുസർവീസ് എന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് എന്ന് മാറ്റുന്നതിനും വ്യവസ്ഥചെയ്തിരുന്നു.

1994-ലെ കേരള പഞ്ചായത്തീരാജ്,മുനിസിപ്പൽ ആക്ടിലെ മുകളിൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകൾ നിലവിലുണ്ടായിരുന്നെങ്കിലും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഗ്രാമപ്രദേശത്തെ ജനങ്ങളുടെ സേവന പ്രവർത്തനങ്ങൾക്കും പദ്ധതികളുടെ ആസൂത്രണത്തിനും, നടത്തിപ്പിനും, അവലോകനത്തിനും, ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരെ പഞ്ചായത്ത് വകുപ്പും; ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരെ ഗ്രാമവികസന വകുപ്പും ജില്ലാ പഞ്ചായത്തിലെ ജീവനക്കാരെ മറ്റു വിവിധ സംവിധാനത്തിലും ആണ് ഭരണപരമായ കാര്യങ്ങൾ നടത്തിയിരുന്നത്. ഇത് ഗുരുതരമായ ഏകോപനമില്ലായ്മയ്ക്ക് വഴിയുണ്ടാക്കിയിരുന്നു.മുനിസിപ്പൽ പൊതു സർവീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയെങ്കിലും മുനിസിപ്പൽ പൊതുസർവീസും നഗരകാര്യവകുപ്പിലെ സർവീസും ഇതുവരെ ഏകോപിപ്പിച്ചിട്ടില്ല. മുനിസിപ്പൽ പൊതു സർവ്വീസിലും പഞ്ചായത്ത് വകുപ്പിലും, കേരള റൂറൽ ഡെവലപ്മെന്റ് ഏജൻസിയിലും, പൊതുമരാമത്തുവകുപ്പിലും, വാട്ടർ റിസോഴ്സ് വകുപ്പിലും നിന്നും വന്ന എൻജിനീയറിംഗ് ജീവനക്കാരെ ഒരുമിച്ച്; 2007-ൽ തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം രൂപീകരിച്ചി

രുന്നെങ്കിലും ജില്ലാ തലത്തിൽ നിർവഹണ പ്രവർത്തന ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളുമായി ഏകോപനപ്രവർത്തനമില്ലായിരുന്നു. നഗരഗ്രാമാ സൂത്രണവകുപ്പിന് ജില്ലാ തലത്തിൽ മറ്റു വകുപ്പുകളുമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ, പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും അവലോകനത്തിലും കാര്യമായ പ്രവർത്തനം ഇല്ലായിരുന്നു. ഈ വിഷയങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് ജില്ലാതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ചു വകുപ്പുകളുടെ വ്യക്തമായ ഏകോപനം വേണമെന്നുള്ളതാണ്.

നിലവിൽ ജില്ലാ ആസൂത്രണ സമിതിക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വ്യത്യസ്തങ്ങളായ പ്രവർത്തന രീതിയിലുള്ള അഞ്ചു വകുപ്പുകളാണ് ആവശ്യമായ പിന്തുണ നൽകുന്നത്.ഈ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം ഭരണഘടനയുടെ അനുച്ഛേദം 243 G പ്രകാരമുള്ള ശക്തവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് തടസ്സങ്ങളേറെയാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും ജില്ലാ തലത്തിൽ ആസൂത്രണം ചെയ്യുന്നതിനും പദ്ധതി നടത്തിപ്പിനുംകൃത്യമായി അവലോകനം ചെയ്യുന്നതിനും അഞ്ചു വ്യത്യസ്ത സർവീസ് പ്രവർത്തന രൂപത്തിലായതിനാൽ സർക്കാരിന് പ്രയാസങ്ങൾനിരന്തരംഅനുഭവപ്പെടാറുണ്ട്.

വകുപ്പിന്റെ, മുകളിൽ വിവരിച്ചിട്ടുള്ള,വിവിധ പോരായ്മകളും പ്രയാസങ്ങളും ഒഴിവാക്കുന്നതിനും സംസ്ഥാന സർക്കാരിനും ജില്ലാ ആസൂത്രണ സമിതിക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുമൊരുപോലെ ശക്തവും കാര്യക്ഷമവുമായ പിന്തുണ നൽകുന്ന സേവനം ജില്ലാതലത്തിൽ ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ജില്ലാതലത്തിൽ ഒരു ഏകീകൃത ഓഫീസ് പ്രധാനമായും രൂപീകരിക്കുന്നതിന്റെ ഉദ്ദേശം.

5.2.0. ഏകീകൃതജില്ലാഓഫീസിന്റെ ഘടനയുടെ ആശയരൂപം.

വകുപ്പിന്റെ ഏകീകൃത ജില്ലാ ഓഫീസിന്റെ മേധാവി ജോയിന്റ് ഡയറക്ടർ കേഡറിലുള്ളഒരുഉദ്യോഗസ്ഥനായിരിക്കേണ്ടതാണ്.ജില്ലാസംവിധാനത്തിന്റെകാര്യക്ഷമവും ശക്തവുമായ പ്രവർത്തനത്തിന് നിർവഹണ ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങൾ രൂപീകരിക്കേണ്ടതാണ്. ഭരണം,വികസനകാര്യം ക്ഷേമകാര്യം, ഫിനാൻസ്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആൻറ് എഞ്ചിനിയറിങ്, ആസൂത്രണം എന്നീ പ്രധാന വിംഗുകളും പബ്ലിക് ഹെൽത്ത് ആൻറ് എൻവിയോണ്മെന്റ് മാനേജ്മന്റ്, കമ്മ്യൂണിക്കേഷൻ/ഇൻഫർമേഷൻ/പബ്ലിസിറ്റി,കേന്ദ്ര/സംസ്ഥാനആവിഷ്കൃതപദ്ധതികൾ, റിവ്യൂ/മോണിറ്ററിംഗ്, മനുഷ്യവിഭവവികസനം/പരിശീലനം, ശാക്തീകരണം, അക്കൗണ്ടിംഗ് ഓഡിറ്റിംഗ്, നിയമകാര്യം, വിവരാവകാശം, സേവനാവകാശം, വിജിലൻസ്, നിയമസഭാ/ലോകസഭാചോദ്യോത്തരം, വിവരശേഖരണം, ഡോക്യുമെന്റേഷൻ, സെമിനാർ/ ശില്പശാലകൾ, മേളകൾ, വകുപ്പിന്റെ ആധുനികവത്ക്കരണം, ലൈബ്രറി/സാംസ്കാരിക നിലയങ്ങൾ, ജനകീയാസൂത്രണം, അധികാരവികേന്ദ്രീകരണ നടപടികൾ, പരാതി പരിഹാരം, ഹഡസ് കീപ്പിങ് തുടങ്ങിയ വിഭാഗങ്ങൾ രൂപീകരിക്കേണ്ടതാണ്. കൂടാതെ പ്രധാന വിംഗുകളിൽ റൂറൽ അർബൻ എന്നീ ഉപവിഭാഗങ്ങൾ രൂപീകരിക്കാവുന്നതാണ്.

ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി "ജോയിന്റ് ഡയറക്ടർ,എൽ എസ് ജി ഡി " എന്ന തസ്തിക രൂപീകരിക്കുന്നതിന് 17/07/2020-ലെ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. തുടർ പ്രവർത്തനങ്ങൾക്കായി, നിലവിലുള്ള വിവിധ വകുപ്പുകളിലെ വിഭാഗങ്ങളെ പുന:സംഘടിപ്പിച്ചുകൊണ്ട് പുതിയ ഏകീകൃത ജില്ലാ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്. പുനഃസംഘടിപ്പിക്കുമ്പോൾ പ്രവർത്തന ആവർത്തനം ഒഴിവാക്കേണ്ടതാണ്. അതുപോലെ പുതിയ ഏകീകൃത ജില്ലാ സംവിധാനം വകുപ്പിന്റെ സംസ്ഥാന തല സംവിധാനത്തിനും ജില്ലാ ആസൂത്രണ സമിതിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കാര്യക്ഷമ മായ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്ന രീതിയിലായിരിക്കണം പുനഃസംഘടിപ്പിക്കേണ്ടത്.പുതിയ മാറ്റങ്ങൾ വരുമ്പോൾ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പ്രവർത്തന ഏകോപനങ്ങൾക്ക് വ്യക്തമായ ധാരണയും നിർവ്വചനങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ മേധാവിയുടെയും മറ്റു വിഭാഗങ്ങളുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് പുതിയ

സംവിധാനം രൂപീകരിക്കുന്നതോടൊപ്പം തന്നെ സർക്കാർ തീരുമാനം എടുക്കേണ്ടതാണ്.

ജില്ലാ മേധാവിയുടെ പൊതുചുമതലകളുടെ ഒരു കരട് രൂപം അടുത്ത ഖണ്ഡികയിൽ കൊടുത്തിട്ടുണ്ട്.ഈ വിവരങ്ങൾ പുതിയ വകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുമ്പോൾ വകുപ്പിനുള്ളിലും ബന്ധപ്പെട്ടവരുമായുള്ള വിശദമായ ചർച്ചകൾക്ക് സഹായകരമായിരിക്കും.

5.3.0. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാജോയിന്റ് ഡയറക്ടറുടെ പൊതുചുമതലകൾ.

5.3.1. ജില്ലാതല നേതൃത്വം

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണ, ഫിനാൻസ്,ആസൂത്രണ, എഞ്ചിനിയറിംഗ്, വികസന കാര്യം, ക്ഷേമകാര്യങ്ങളുടെ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനേയും തദ്ദേശസ്യംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേയും യഥാസമയം സഹായിക്കുകയും വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ അടുത്ത് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
2. ഏകോപിത വകുപ്പിന്റെ ജില്ലാ കാര്യാലയത്തിന്റെ വിവിധ വിഭാഗങ്ങളുടെ മേൽനോട്ടവും ഏകോപന പ്രവർത്തനവും ആവശ്യാനുസരണമുള്ള നിർദ്ദേശവും നല്കുക.
3. ജില്ലയിലെ ഭരണ, ആസൂത്രണ,എഞ്ചിനിയറിംഗ്, ക്ഷേമവും, വികസനപരവുമായ എല്ലാ കാര്യങ്ങൾക്കും നയരൂപീകരണത്തിനും ജില്ലാ ആസൂത്രണ സമിതിയെ സമഗ്രമായി സഹായിക്കുകയും ബന്ധപ്പെട്ട എല്ലാവരുമായി ചേർന്നുള്ള പ്രവർത്തനത്തിൽ കോർഡിനേറ്ററായും പ്രവർത്തിക്കുക.
4. വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിന്റെയും സർക്കാരിന്റെയും നിർദ്ദേശം അനുസരിച്ചുള്ള യോഗങ്ങളും കമ്മറ്റികളിലും ചർച്ചകളിലും യഥാസമയം പങ്കെടുക്കുകയോ ആധികാരികമായി ബന്ധപ്പെട്ട വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുക്കുന്നതിന്ചുമതലപ്പെടുത്തുകയോ ചെയ്യുന്നതിനും ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായും നല്കുന്നതിനുമുള്ള നടപടികൾ എടുക്കുക.
5. ജില്ലാതലത്തിലുള്ള വിവിധകാര്യങ്ങളുടെ യോഗങ്ങളിലും കമ്മറ്റികളിലും ചർച്ചകളിലും ക്രിയാത്മകമായി പങ്കെടുക്കുകയും തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള അനുബന്ധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയുംമിഷനുകളുടേയും സമഗ്രമായ പ്രവർത്തനത്തിൽ ഒരു കോർഡിനേറ്ററായും പ്രവർത്തിക്കുക.
6. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലേക്ക് കൈമാറിയ അധികാരങ്ങൾ ജില്ലാതലത്തിൽ മോണിറ്ററിങ് നടത്താൻ നടപടി സ്വീകരിക്കുക.
7. പ്രകൃതി ദുരന്തങ്ങളും മറ്റും ഉണ്ടാകുന്ന സാഹചര്യത്തിൽ ജില്ലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.

5.3.2. ജില്ലാ കാര്യാലയത്തിന്റെ ഭരണ നേതൃത്വം.

1. വകുപ്പിന്റെ ജില്ലയിലെ വിവിധതലത്തിലുള്ള പഞ്ചായത്തുകളിലേയും നഗരസഭകളി ലേയും ജില്ലാകാര്യാലയത്തിലേയും ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളും സർവ്വീസ് സംബന്ധമായ ഭരണ കാര്യങ്ങളും ബന്ധപ്പെട്ട ചുമതലകൾക്കും ജില്ലാ കാര്യാലയത്തിലെ ഭരണ വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും ഈ ഭരണ കാര്യങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം നല്കുന്നതിന് മറ്റു വിഭാഗങ്ങളെ ചുമതലപ്പെടുത്തുന്നതിനും വകുപ്പിന്റെ പൊതുവിലുള്ള ഏകോപനം ഉറപ്പു വരുത്തുന്നതിനുമുള്ള നടപടിയെടുക്കുക.

2. വകുപ്പിന്റെ ഏകോപിത സ്പെഷ്യൽ റൂൾ അനുസരിച്ച് ജില്ലാതലത്തിൽ നിയമിക്കുവാൻ കഴിയുന്ന ജീവനക്കാരുടെ നിയമന നടപടികൾക്കും പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലും സർക്കാരിലും അറിയിക്കേണ്ട നിയമന കാര്യങ്ങളിലും എടുക്കേണ്ട നടപടികളും ജീവനക്കാരുടെ പ്രമോഷൻ സംബന്ധിച്ച നടപടികളും മറ്റു സ്ഥലമാറ്റ നടപടികളും വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിന്റേയും സർക്കാരിന്റെയും നിർദ്ദേശം അനുസരിച്ച് നിയമാനുസൃതം എടുക്കുന്നതിന് നേതൃത്വം വഹിക്കുകയും തുടർനടപടികൾ എടുക്കുന്നതിന് ജില്ലാ കാര്യാലയത്തിലെ ഭരണ വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും മറ്റു വിഭാഗങ്ങളിൽ നിന്നും ജീവനക്കാരുടെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ, പ്രമോഷൻ, അവധി എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ഭരണ വിഭാഗത്തിനെ അറിയിക്കുന്നതിനു നിർദ്ദേശം നല്കുന്നതിനും ഈ വിവരങ്ങൾ യഥാസമയം വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തെ അറിയിക്കുകയും ചെയ്യുന്നതിനുള്ള നടപടികളും എടുക്കുക.

3. ജില്ലാതല കാര്യാലയത്തിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യാലയങ്ങളിലും ജോലിചെയ്യുന്ന ജീവനക്കാരുടെ സർവ്വീസ് സംബന്ധ മായ വിവരങ്ങൾ സൂക്ഷിക്കുന്നതിനും ആവശ്യമുള്ള തുടർ നടപടികൾ എടുക്കുന്നതിനും സർവ്വീസിൽ നിന്നും പെൻഷൻ ആകുന്നവരുടെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ,പെൻഷൻ ആകുന്നതിന് ആറുമാസം മുമ്പേ തന്നെ ശേഖരിച്ച് സംസ്ഥാന നേതൃകാര്യാലയത്തിൽ അയ്ക്കുന്നതിനും തുടർ നടപടികൾ എടുക്കുന്നതിനും കൃത്യമായും ജീവനക്കാരന് പെൻഷൻ ആകുമ്പോൾ തന്നെ എല്ലാ നിയമാനുസൃതമുള്ള ആനുകൂല്യങ്ങളും കിട്ടുമെന്ന് ഉറപ്പുവരുത്തുന്നതിനു മുള്ള നടപടികൾ എടുക്കുന്നതിനും ഭരണ വിഭാഗത്തെ ചുമതലപ്പെടുത്തുന്നതിനും ഈ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് മൂന്നു മാസത്തിൽ ഒരിക്കൽ അവലോകനവും പരിശോധനയും നടത്തുകയും ചെയ്യുക.

4. ജില്ലാ കാര്യാലയത്തിൽ വരുന്ന തപാലുകൾ കൃത്യമായി സ്വീകരിക്കുന്നതിനും തപാലുകൾ നമ്പരും ഓഫീസ് സീലും പതിപ്പിച്ച്, സ്കാനിംഗും ചെയ്ത് ജില്ലാ ഓഫീസർക്കോ, ബന്ധപ്പെട്ട വിഭാഗത്തിലേക്കോ അപ്ലോഡ് ചെയ്ത വിതരണം ചെയ്യുന്നതിനും, തപാലുകൾ അയ്ക്കുന്നതിനും, ഡിസ്പോസലുകളും ക്ലോസ്ഡ് ഫയലുകളും ബൈൻഡു ചെയ്ത റിക്കോർഡ്സ് സെക്ഷനിലേക്ക് അയ്ക്കുന്നതിനും, ഇലക്ട്രോണിക്ക് റിക്കോർഡ് ഹാർഡ് ഡിസ്കിൽ സംരക്ഷിക്കു ന്നതിനും സ്റ്റേഷണറി വിതരണത്തിനും വേണ്ടി ഒരു വിശദമായ നടപടി ക്രമം രൂപപ്പെടുത്തി ഒരു ആഫീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പൊതു ആഫീസ് സെക്ഷനെ ചുമതലപ്പെടുത്തുന്നതിനും രണ്ടാഴ്ചയിൽ ഒരിക്കൽ പ്രവർത്തനം വിലയിരുത്തുന്നതിന് ഭരണ വിഭാഗം നേതൃത്വത്തിനെ ചുമതല പ്പെടുത്തുന്നതിനും എല്ലാ മൂന്നു മാസം കൂടുമ്പോഴും കാര്യാലയത്തിലെ എല്ലാ വിഭാഗം നേതൃത്വത്തിന്റെയും കൂട്ടായ ഒരു യോഗം വിളിച്ചുചേർത്തു പ്രവർത്തനം സമഗ്രമായി അവലോകനം ചെയ്യുന്നതിനും ആവശ്യമെങ്കിൽ നടപടി ക്രമത്തിൽ വേണ്ട മാറ്റം വരുത്തുന്നതിനും കാര്യക്ഷമവും സുതാര്യവും സംശുദ്ധവുമായ ഒരു സംവിധാനത്തി നായുള്ള നടപടികൾ എടുക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ചെയ്യുക.

5.3.2.1. പരാതി പരിഹാര നടപടികൾ

1. സർക്കാരിൽ നിന്നും പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ജീവനക്കാർക്ക് എതിരെ വരുന്ന പരാതികളും അനധികൃത നിർമ്മാണങ്ങൾക്കെതിരേയും പൊതു സ്വത്തുക്കളുടെ കൈയേറ്റങ്ങൾക്കെതിരേയും പരിസ്ഥിതി മലിനീകരണങ്ങൾ ക്കെതിരേയും വരുന്ന പരാതികൾ അടിയന്തിരമായി ജില്ലാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളുടെ സഹായത്തോടെ

അന്വേഷിച്ച് റിപ്പോർട്ട് തുടർ നടപടികൾക്കായി വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിലേക്കും, സർക്കാരിൽ നിന്നും ലഭിക്കുന്ന പരാതികൾക്ക് സർക്കാരിലേക്കും യഥാസമയം അയ്ക്കുന്നതിനും നടപടികളുടെ രഹസ്യ സ്വഭാവം സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ എടുക്കുക.

2. ജീവനക്കാരുടെ വിവിധ പ്രശ്നങ്ങളും പ്രയാസങ്ങളും പരാതികളും അനുസരിച്ച്, ജില്ലയിലെ വിവിധ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും തുടർ നടപടികൾ വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിന്റെ അംഗീകാരത്തോടെ എടുക്കുന്നതി നുള്ള സംവിധാനം രൂപപ്പെടുത്തുകയും അതനുസരിച്ച് കൃത്യമായി നടപടികളെടുക്കുന്നതിനു ചുമതലപ്പെടുത്തുകയും ചെയ്യുക.

2. ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ലഭിക്കുന്നപരാതികൾ പരിശോധിക്കുന്നതിനും തുടർന ടപടികൾ എടുക്കുന്നതിനുമായി പ്രിൻസിപ്പൽ ഡയറക്ടറുടെ ആഫീസിലെ പ്രത്യേക പരാതിപരിഹാര സെല്ലിലേക്ക് അയ്ക്കുന്നതിന് ഭരണ വിഭാഗത്തെ ചുമതലപ്പെടുത്തു കയും ചെയ്യുക.

5.3.2.2. കോടതി വ്യവഹാര നടപടികളും തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായുള്ള ഉത്തരവാദിത്വങ്ങളും

1. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ജില്ലയിൽ ഉണ്ടാകുന്ന കോടതി വ്യവഹാരങ്ങൾക്ക് ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുടെ ചുമതലയോടെ വസ്തുതകൾ വ്യക്തമായി പരിശോധിച്ച് മനസ്സിലാക്കി റിപ്പോർട്ടും മറ്റു വിവരങ്ങളും പ്രിൻസിപ്പൽ ഡയറക്ടർക്കും നിയമവിഭാഗത്തിനും സംസ്ഥാനനേതൃത്വത്തിനും എത്രയും പെട്ടെന്ന് അയ്ക്കുന്നതിനുള്ള നടപടി എടുക്കുകയും ചില അടിയന്തിര സാഹചര്യത്തിൽ വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിന്റെ അറിവോടെ നേരിട്ട് കോടതിയിലെ സർക്കാർ സംവിധാനത്തിൽ എത്തിച്ച് തുടർ നടപടികൾ എടുക്കുന്നതിനും കൃത്യമായി അവലോകനം ചെയ്യുന്നതിനും നിയമ വിഭാഗത്തേയും ഭരണ വിഭാഗത്തേയും ചുമതലപ്പെടുത്തുകയും ചെയ്യുക.

1. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഓംബുഡ്സ്മാനും ട്രൈബ്യൂണലിനും സംസ്ഥാനത്തിന്റെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും സംസ്ഥാന സർക്കാരിന്റെ സെക്രട്ടേറിയറ്റിലെ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ നേതൃത്വത്തിലെ സെല്ലിനും ആവശ്യമായ സഹായം നല്കുന്നതിനും സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായം നല്കുന്നതിനും ജില്ലാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളെ ചുമതലപ്പെടുത്തുകയും ഭരണപരമായ തുടർ നടപടിയെടുക്കുന്നതിന് ഭരണ വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്യുക.

5.3.2.3. പരിശീലനവും ബന്ധപ്പെട്ട വിഷയങ്ങളും.

1. വകുപ്പിന്റെ ജില്ലാതലത്തിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും കാര്യക്ഷമതയും ഉത്തരവാദിത്വവും പ്രവർത്തനമികവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിന്റെ വിവിധ വിഭാഗങ്ങളും ചേർന്ന്, ട്രയിനിംഗ് മാന്വലിൽ വിശദികരിച്ചിട്ടുള്ള പരിശീലനം ഉൾപ്പെടെയുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനും തുടർ നടപടികൾ എടുക്കുന്നതിനും വേണ്ടി, ജില്ലാ കാര്യാലയത്തിലെ ബന്ധപ്പെട്ട പരിശീലന വിഭാഗത്തിന്റെ ഉത്തരവാദിത്വത്തോടെ സംഘടിപ്പിക്കുന്നതിനും അതു നടപ്പിലാക്കുന്ന തിന് ഭരണ വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്യുക.

2. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും ജീവനക്കാർക്കും ജനങ്ങൾക്കും ഭരണപരവും ആസൂത്രണപരവുമായ വിഷയങ്ങൾക്കും വികസന വിഷയങ്ങൾക്കും പുതിയ ആവശ്യങ്ങൾ അനുസരിച്ച് 'കില'യുമായും മറ്റുസർക്കാർ പരിശീലനസ്ഥാപനങ്ങളുമായും കൂടിചേർന്ന് വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിന്റെ പരിപാടികളും പദ്ധതികളും അനുസരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് കോർഡിനേറ്ററായി പ്രവർത്തിക്കുക.

5.3.3. ഫിനാൻസ്, അക്കൗണ്ടിംഗ്, ആഡിറ്റിംഗ്, കറക്ഷൻ

1. വകുപ്പിന്റെ ജില്ലയിലെ ജീവനക്കാരുടെ ശമ്പളവും അതുസംബന്ധമായ കാര്യങ്ങളും ബന്ധപ്പെട്ട എല്ലാ കണക്കുകളും കൈകാര്യം ചെയ്യുന്നതിനും ഫണ്ട് വിതരണം ചെയ്യുന്നതിനും സംസ്ഥാന ട്രഷറി വഴി വകുപ്പിന്റെ വിവിധ ചിലവുകളുടെ നിജസ്ഥിതി വിലയിരുത്തുന്നതിനും ജില്ലാകാര്യാലയത്തിലെ ഫിനാൻസ് ആന്റ് അക്കൗണ്ട് വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും ഈ കാര്യങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം നല്കുന്നതിന് മറ്റു വിഭാഗങ്ങളെ ചുമതലപ്പെടുത്തുന്നതിനും നടപടിയെടുക്കുക.
2. ജില്ലാതലകാര്യാലയത്തിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യാലയങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ജനറൽ പ്രോവിഡന്റ് ഫണ്ട്, ലോൺ, മറ്റു ബാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനും ആവശ്യമുള്ള തുടർനടപടികൾ എടുക്കുന്നതിനും സർവ്വീസിൽ നിന്നും പെൻഷൻ ആകുന്നവരുടെ ജനറൽ പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ആനുകൂല്യങ്ങൾ, ലോൺ, മറ്റു ബാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ പെൻഷൻ ആകുന്നതിന് ആറുമാസം മുമ്പേ തന്നെ ശേഖരിച്ച് ഭരണവിഭാഗത്തിനും സംസ്ഥാന നേതൃകാര്യാലയത്തിൽ അയ്ക്കുന്നതിനും തുടർ നടപടിഎടുക്കുന്നതിനും ഫിനാൻസ് ആന്റ് അക്കൗണ്ടിംഗ് വിഭാഗത്തിനെചുമതലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.
3. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ തലത്തിലുള്ള സ്ഥാപനങ്ങളിലേയും ജില്ലാ കാര്യാലയങ്ങളിലേയും വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വരവ് ചിലവ് കണക്കുകൾ കൃത്യമായി അക്കൌണ്ട് ചെയ്യുന്നതിനും ആവശ്യമായ നടപടികൾ ഏറ്റവും ആധുനിക ഇലക്ട്രോണിക് സംവിധാനം വഴി നടപ്പിലാക്കുന്നതിന് ജീവനക്കാരെ സജ്ജരാക്കുന്നതിനും യഥാസമയം അവലോകനം ചെയ്യുന്നതിനും ഫിനാൻസ് ആന്റ് അക്കൗണ്ട് വിഭാഗത്തിനെ ചുമതല പ്പെടുത്തുന്നതിനും കൃത്യമായി പ്രവർത്തനം അവലോകനം ചെയ്യുന്നതിനുമുള്ള നടപടിയെടുക്കുക.
4. ജില്ലാ കാര്യാലയത്തിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും പദ്ധതി സംബന്ധിച്ച വിവരങ്ങളും വരവ് ചെലവ് കണക്കുകളും വിശദമായി ആഡിറ്റ് ചെയ്തു റിപ്പോർട്ട് ചെയ്യുന്നതിനും നിലവിലുള്ള പ്രവർത്തനത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾക്കും ആഡിറ്റ് വിഭാഗത്തിനെ ചുമതലപ്പെടുത്തു ന്നതിനും ആവശ്യമായ തുടർനടപടികളെടുക്കുന്നതിനുമുള്ള മേൽനോട്ടം വഹിക്കുക.

5.3.4. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനസഹായവും ജില്ലാവികസന രൂപരേഖ തയ്യാറാക്കലും

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലേയും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലേയും വിവിധ വ്യവസ്ഥകൾ അനുസരിച്ച് ജില്ലാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളുടെ ചുമതലയിൽ ജില്ലാ ആസൂത്രണ സമിതിയുടെ ശക്തമായ പ്രവർത്തനത്തിനും ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നതിനും മറ്റു വകുപ്പുകളോടൊപ്പം ശക്തമായ പ്രവർത്തനത്തിന് ജീവനക്കാരെ സജ്ജമാക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും നേതൃത്വം എടുക്കുക.

5.4.5. നഗര-ഗ്രാമാസൂത്രണം.

1. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി മാസ്റ്റർപ്ലാനും വിശദവികസന രൂപരേഖകളും ആസൂത്രണ വിഭാഗത്തിന്റെ ചുമതലയിൽ തയ്യാറാക്കുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിന് നേതൃത്വം വഹിക്കുക.

2. നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തലത്തിലുള്ള വികസന രൂപരേഖകൾ പ്രാവർത്തികമാക്കുന്നതിൽ ആസൂത്രണ വിഭാഗത്തിലെ സീനിയർ ടൗൺ പ്ലാനർ/ജില്ലാ ടൗൺപ്ലാനറുടെ ചുമതലയിൽ വിലയിരുത്തുകയും കൃത്യമായി അവലോകനം ചെയ്ത വിവിധ പ്രവർത്തനങ്ങൾ വകുപ്പിന്റെ സംസ്ഥാന കാര്യാലയത്തിൽ റിപ്പോർട്ടു ചെയ്യുന്നതിനും ജില്ലാ ആസൂത്രണ സമിതിയ്ക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, സർക്കാരിനും പ്രസ്തുത വികസന രൂപരേഖകളുമായി ബന്ധപ്പെട്ട സാങ്കേതികവും നിയമപരവുമായ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി വരുന്ന സഹായങ്ങൾ ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുക.

3. 2019-ലെ കെട്ടിടനിർമ്മാണം ചട്ടങ്ങളുമായി ബന്ധപ്പെട്ട നടപടികൾ എടുക്കുന്നതിന് ആസൂത്രണ വിഭാഗത്തെ ചുമതലപ്പെടുത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുക.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റേയും ആസൂത്ര വിഭാഗത്തിന്റേയും ചുമതലയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങളും ബന്ധപ്പെട്ട പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും ആസൂത്രണ വിഭാഗത്തെ ചുമതലപ്പെടുത്തുന്നതിനും ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിൽ അറിയിച്ച് തുടർനടപടിയെടുക്കുന്നതിനും നേതൃത്വം വഹിക്കുക.

5. സംസ്ഥാന ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന് ആവശ്യമായ സഹായങ്ങൾ ആസൂത്രണവിഭാഗത്തിന്റെ നേതൃത്വത്തിൽ ചെയ്യുന്നതിന് ചുമതലപ്പെടുത്തുക.

6. നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016)-ലെ നിബന്ധനകൾ അനുസരിച്ച്, സ്റ്റേറ്റ് പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതിയ്ക്ക് വേണ്ടി ജില്ലാ വികസന രൂപരേഖയുടെ സ്ഥലപരമായ പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനും ആസൂത്രണ വിഭാഗത്തിന് ആവശ്യമായ സഹായം ജില്ലയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വികസന, ക്ഷേമകാര്യ വിഭാഗങ്ങളിൽ നിന്നും അതുപോലെ മറ്റു വിഭാഗങ്ങളിൽ നിന്നും സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിൽ നിന്നും സ്വരൂപിക്കുന്നതിനും പ്രവർത്തനത്തെ ഏകോപിക്കുന്നതിനും ആവശ്യമായ നേതൃത്വം കൊടുക്കുക.

7. ജില്ലയിലെ ആസൂത്രണ സംബന്ധമായ വിഷയത്തിലും മാസ്റ്റർ പ്ലാനുകളും കെട്ടിടനിർമ്മാണ ചട്ടവുമായി ബന്ധപ്പെട്ട വിഷയത്തിലും സർക്കാരിൽ നിന്നും ചീഫ് ടൗൺ പ്ലാനറിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ സമയ ബന്ധിതമായി റിപ്പോർട്ട് തയ്യാറാക്കി കൊടുക്കുവാൻ ആസൂത്രണവിഭാഗത്തിനെ ചുമതലപ്പെടുത്തുക.

5.3.6. അടിസ്ഥാന സ്ഥകര്യവികസനവും എഞ്ചിനീയറിംഗും.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വിശദമായ പദ്ധതി റിപ്പോർട്ട് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമുള്ള സാങ്കേതിക പ്രവർത്തനം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽ സുശക്തവും കാര്യക്ഷമവുമാകുന്നതിനും ആവശ്യമുള്ള പദ്ധതികളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധന നടത്തുന്നതിനും ആവശ്യമായ അനുവാദം നല്കുന്നതിനുമുള്ള മേൽനോട്ടം വഹിക്കുക.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തിയുടെ കണക്കെടുക്കുന്നതിനും സുശക്തവും ആധുനികവുമായ വിവരശേഖരണം പാർലമെന്റ് അംഗങ്ങളുടേയും സംസ്ഥാന നിയമസഭാ അംഗങ്ങളുടേയും ആസ്തി വികസന പദ്ധതികൾ നടപ്പാക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും ജില്ലയിലെ ആസൂത്രണ വിഭാഗത്തിന്റേയും സാറ്റിറ്റിക്സ് വിഭാഗത്തിന്റേയും വികസന, ക്ഷേമകാര്യവിഭാഗങ്ങളുടേയും സേവനവും സഹായവും ലഭ്യമാക്കുന്നതിനുമുള്ള നടപടിയെടുക്കുക.

3. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അടിസ്ഥാന സ്ഥകാര്യങ്ങളുടെ പദ്ധതികൾക്കും, ഭവനം, സ്മശാനം, സ്ലാട്ടർ ഹൗസ്, സാനിട്ടേഷൻ പദ്ധതി, ബസ്സ്റ്റാൻഡ്, ഓഫീസ്, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അനുബന്ധ വകുപ്പുകളുടെ വിവിധ പദ്ധതികൾക്കായി ആസൂത്രണം ചെയ്യുന്ന കെട്ടിടങ്ങൾ, തുടങ്ങിയവയുടെ നിർമ്മാണങ്ങൾക്കും പുനരുദ്ധാരണത്തിനും ആസൂത്രണ വിഭാഗത്തിന്റേയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റേയും കൂട്ടായ പ്രവർത്തനം ഉറപ്പുവരുത്തുക.

5.3.7. പൊതുജനാരോഗ്യം, പരിസ്ഥിതി, മാലിന്യനിർമ്മാർജ്ജനം.

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ്, പൊതുജനാരോഗ്യ ആക്റ്റ് എന്നിവകളിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകളനുസരിച്ച് പൊതുജനാരോഗ്യം, പരിസ്ഥിതി, മാലിന്യ നിർമ്മാർജ്ജനം, എന്നിവ സംബന്ധമായ നിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിർവ്വഹിക്കേണ്ട അനിവാര്യചുമതലകളും പൊതുചുമതലകളും നിർവഹിക്കുന്നതിന് ജില്ലയിലെ ജീവനക്കാരെ സുശക്തരാക്കുന്നതിനും പ്രവർത്തനം വിവിധ തലത്തിൽ അവലോകനം ചെയ്തു റിപ്പോർട്ട് ചെയ്യുന്നതിനും പബ്ലിക് ഹെൽത്ത് ആന്റ് എൻവിയോൺമെന്റ് വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും മൂന്നു മാസത്തിൽ ഒരിക്കൽ അവലോകനം ചെയ്യുകയും ചെയ്യുക.

5.3.8. പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും.

1. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും ആസൂത്രണം ചെയ്തു കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി വിവിധ തലത്തിലുള്ള ആഫീസുകളിലെ ജീവനക്കാരെ സുശക്തരാക്കു ന്നതിനും ജില്ലാ, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലും നഗരസഭ കളിലുമുള്ള പദ്ധതികളുടെ ഏകോപനംഉറപ്പുവരുത്തുവന്നതിനായി ജില്ലാ കാര്യാലയങ്ങളിലെ വികസന, ക്ഷേമകാര്യവിഭാഗങ്ങളെ ചുമതലപ്പെടുത്തുന്നതിനും പദ്ധതികൾക്ക് അംഗീകാരം നല്കുന്ന നടപടികൾക്ക് ജില്ലാ ആസൂത്രണ സമിതിയ്ക്ക് ആവശ്യമായ സഹായം നല്കുന്നതിനും ആസൂത്രണ വിഭാഗത്തിന്റേയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റേയും സഹായത്തോടെയും യഥാസമയം വാർഷികപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുക്കുകയും മാസംതോറുമുള്ള പുരോഗതി സംസ്ഥാന നേതൃത്വത്തെ അറിയിക്കുകയും ചെയ്യുക.

5.3.9. കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന സർക്കാരിന്റെ പ്ലാൻ/നോൺ പ്ലാൻ സ്കീമുകൾ.

1. വിവിധ ജില്ലകളിലെ കേന്ദ്രസർക്കാരിന്റെ പ്ലാഗ്ഷിപ്പ് പദ്ധതി ഉൾപ്പെടെ വിവിധ പ്ലാൻ/നോൺ പ്ലാൻ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ പ്ലാൻ/നോൺ പ്ലാൻ സ്കീമുകളും സമഗ്രമായി ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ജില്ലാ കാര്യാലയത്തിലെ വികസന കാര്യ വിഭാഗത്തിനേയും ആസൂത്രണ സംബന്ധമായ പദ്ധതികൾ ആസൂത്രണ വിഭാഗത്തിനേയും ക്ഷേമകാര്യങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ ക്ഷേമകാര്യ വിഭാഗത്തിനേയും ചുമതലപ്പെടുത്തുന്നതിനും കൃത്യമായി പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തു റിപ്പോർട്ടും വരവ് ചിലവ്

കണക്കുകളും തയ്യാറാക്കുകയും ചെയ്ത് സംസ്ഥാന കാര്യാലയത്തിന് മാസംതോറും അയ്ക്കുന്നതിന് ചുമതല പ്പെടുത്തുകയും ചെയ്യുക.

2. കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ജില്ലയിലെ ഗ്രാമപ്രദേശത്തെ പദ്ധതികളിൽ സംസ്ഥാന തലത്തിൽ അനുമതി വേണ്ട കാര്യങ്ങൾക്ക് ഗ്രാമഭരണ വിഭാഗം ഡയറക്ടറിൽ നിന്നും നഗരപ്രദേശത്തെ പദ്ധതികളാൽ നഗരഭരണ വിഭാഗ ഡയറക്ടറിൽ നിന്നും ആസൂത്രണ സംബന്ധമായ പദ്ധതികൾക്ക് ചീഫ് ടൗൺ പ്ലാനറിൽ നിന്നും സാങ്കേതിക വിഭാഗം അനുമതി വേണ്ട പദ്ധതികൾക്ക് ചീഫ് എഞ്ചിനീയറിൽ നിന്നും അനുമതി വാങ്ങുന്നതിനുള്ള നടപടിയെടുക്കുകയും ജില്ലാതലത്തിൽ അനുമതിവേണ്ട പദ്ധതികൾ ഭരണാനുമതി നല്കുന്നതിനുള്ള നടപടിയെടുക്കുകയും അതാത് വിഭാഗങ്ങൾ വഴി പദ്ധതികൾക്ക് വകയിരുത്തി യിട്ടുള്ള ഫണ്ട് യഥാസമയം വിതരണം ചെയ്യുന്നതിനും തുടർ പ്രവർത്തനവും ഏകോപനവും നടക്കുന്നതിന് വേണ്ട നടപടി എടുക്കുന്നതിനും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുക.

5.3.10. പ്രവർത്തന അവലോകനവും മോണിറ്ററിംഗും.

ജില്ലായിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ/നോൺ പ്ലാൻ സ്കീമുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതികളുടേയും പ്രവർത്തന പുരോഗതിയും ഭൗതികനേട്ടവും സാമ്പത്തിക ചിലവുകളും മറ്റു കണക്കുകളും എല്ലാ മാസത്തിലെ ആദ്യ ആഴ്ചയിൽ സമഗ്രമായി വിശകലനം ചെയ്യുന്നതിന് എല്ലാ വിഭാഗങ്ങളുടേയും ഒരു കൂട്ടായ യോഗം നടത്തുന്നതിനും വിശദമായ വിവരത്തിന്റെ റിപ്പോർട്ട് എല്ലാ വസ്തുതാ വിവരങ്ങൾ ഉൾപ്പെടെ തയ്യാറാക്കി സംസ്ഥാന തല കാര്യാലയത്തിലേക്ക് അയ്ക്കുന്നതിന് മറ്റ് വിഭാഗങ്ങളുടെ സഹായത്തിൽ സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിനെ ചുമതലപ്പെടുത്തുന്നതിനും നടപടിയെടുക്കുക.

5.3.11. പ്രവർത്തന ഉത്തരവാദിത്വവും സുതാര്യതയും.

ജില്ലയിലെ വിവിധ പഞ്ചായത്ത്, നഗരസഭാ കാര്യാലയങ്ങളിലും വകുപ്പിന്റെ ജില്ലാകാര്യാലയത്തിലുമുള്ള പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ സേവന വിഷയങ്ങളിൽ കൂടുതൽ ഉത്തരവാദിത്വവും കടപ്പാടും ഉണ്ടാക്കുന്നതിനും ഇ-ഗവേണൻസ് വഴി ആധുനികവൽക്കരിക്കുന്നതിന് ജില്ലാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളുടെയും ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിന്റേയും കൂട്ടായ ചുമതലയിൽ ആവശ്യമായ നടപടികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായത്തിനും നേതൃത്വം നല്കുക.

5.3.12. ഇൻഫർമേഷനും പബ്ലിസിറ്റിയും.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലയിലെ വിവിധ തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങളേയും ജീവനക്കാരേയും യഥാസമയം അറിയിക്കുന്നതിന് സുശക്തവും ആധുനികവുമായ വകുപ്പിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിസിറ്റി വിഭാഗത്തിന്റെ ഒരു ജില്ലാതല സെൽരൂപീകരിക്കുന്നതിനും വെബ് സൈറ്റിൽ കൃത്യമായി പ്രസിദ്ധീകരിക്കുന്നതിനുള്ള വിവരങ്ങൾ അയച്ചുകൊടുക്കുന്നതിനും അതിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുമുള്ള നടപടിയെടുക്കുക.

5.3.13. വിവിധ പരിശോധനകളും റിപ്പോർട്ട് തയ്യാറാക്കലും.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്സ ർക്കാരിന്റേയും പ്രിൻസിപ്പൽ ഡയറക്ടറുടേയും സംസ്ഥാനതല കാര്യാലയത്തിലെ വിവിധ വിഭാഗം മേധാവികളുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് ഭരണപരവും വികസനം,പരിസ്ഥിതി, കെട്ടിട നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, നിയമം, സാങ്കേതികം, ആസൂത്രണം

എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ലാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങൾ വഴി പരിശേധന നടത്തി റിപ്പോർട്ട് തയ്യാറാക്കി നല്കുന്നതിനുള്ള നടപടിയെടുക്കുക.

5.3.14. സമഗ്രവിവരശേഖരണം

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ജില്ലയിലെ വിവിധതലത്തിലുള്ള ആസൂത്രണ പ്രവർത്തനത്തിനും പദ്ധതികളുടെ നിർവ്വഹണ, അവലോകന പ്രവർത്തനത്തിനും സമഗ്രമായ വിവരശേഖരണ സംവിധാനം രൂപപ്പെടുത്തുന്ന തിനും വിവിധ രീതിയിലുള്ള സർവ്വെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ജില്ലാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിനു നേതൃത്വം കൊടുക്കുകയും വിവിധ വിവരശേഖരണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്യുക.

5.3.15. സേവനം, സേവനാവകാശം, വിവരാവകാശം.

1. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവധസേവനങ്ങളും മറ്റ് അനിവാര്യ ചുമതലകളും പൊതുജനങ്ങൾക്ക് കൃത്യമായും കാര്യക്ഷമതയോടും ലഭിക്കുന്നതിനായി സുശക്തവും സ്ഥായിയായതുമായ സംവിധാനം രൂപപ്പെടുക്കുന്ന തിനും അതിനുവേണ്ട സേവന സന്നദ്ധരായ ജീവനക്കാരെ സജ്ജരാക്കുന്നതിനും ആധുനിക രീതിയിലുള്ള പ്രവർത്തനം ഉറപ്പുവരിത്തുന്നതിനും വേണ്ടി ജില്ലാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള നടപടികൾ എടുക്കുക.
2. സേവന അവകാശനിയമവും വിവരാവകാശ നിയമവും അനുസരിച്ച് ജനങ്ങൾക്ക് കൃത്യതയോടെ സേവനങ്ങളും വിവരങ്ങളും, വിവിധ ആഫീസുകളിൽ നിന്നും ജില്ലാ കാര്യാലയത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്ന തിനും ജില്ലയിലെ വിവിധ വിഭാഗം മേധാവികളുമായി മൂന്നുമാസത്തിൽ ഒരിക്കൽ അവലോകനയോഗം കൂടുകയും വിശകലനം ചെയ്തു തുടർനടപടിയെടുക്കുകയും ചെയ്യുക.

5.3.16. നിയമസഭാ ചോദ്യഉത്തരവുകളും ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളും.

1. ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങൾക്കും വിവിധ നിയമസഭാ കമ്മറ്റികളുടെ പ്രവർത്തനങ്ങൾക്കും മറുപടിയും റിപ്പോർട്ടും വിശദീകരണ കുറിപ്പും, യഥാസമയം വിവിധ വിഭാഗങ്ങളുടെ സഹായത്തോടുകൂടി തയ്യാറാക്കി സംസ്ഥാനതല കാര്യാലയത്തിൽ നല്കുകയും പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിന് ആവശ്യമെങ്കിൽ നിയമസഭയിൽ ഔദ്യോഗികമായി പങ്കെടുക്കുകയും ചെയ്യുക.

5.3.17. വാഷിക ഭരണ റിപ്പോർട്ടും മറ്റു റിപ്പോർട്ടുകളും.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണ റിപ്പോർട്ടിന്റെ ജില്ലയുമായി ബന്ധപ്പെട്ട ഭാഗങ്ങളും സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന സാമ്പത്തിക റിവ്യു റിപ്പോർട്ടിന്റെ ജില്ലയുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങളും ജില്ലാകാര്യാലയ ത്തിലെ വിവിധ വിഭാഗങ്ങളുടെ ചുമതലയോടെ തയ്യാറാക്കി സംസ്ഥാന കാര്യാലയത്തിൽ നല്കുന്നതിനും തുടർ നടപടികൾ എടുക്കുകയും ചെയ്യുക.

5.3.18.ആഡിറ്റ് റിപ്പോർട്ടും വിശദീകരണ റിപ്പോർട്ടും

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെം ജില്ലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ

സംസ്ഥാന ലോക്കൽ ഫണ്ട് ആഡിറ്റിന്റേയും ഫൈനാൻസ് വകുപ്പിന്റെയും റിപ്പോർട്ടുകൾക്കും സംശയങ്ങൾക്കും മറുപടിയും വിശദീകരണങ്ങളും ജില്ലയിലെ ബന്ധപ്പെട്ട വിഭാഗങ്ങളുടെ ചുമതലയോടെ നൽകുകയും തുടർ നടപടിയെടുക്കുകയും ആവശ്യമായ വിഷയങ്ങൾ സംസ്ഥാന നേതൃത്വത്തിന് റിപ്പോർട്ടു ചെയ്യുകയും ചെയ്യുക.

5.3.19. ലൈബ്രറി, സാംസ്കാരിക നിലയങ്ങൾ

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴീൽ പ്രവർത്തിക്കുന്ന ലൈബ്രറികളും സാംസ്കകാരിക നിലയങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതി നാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും സുശക്തവും ആധുനികവുമായ സംവിധാനം രൂപപ്പെടുത്തുന്നതിനുവേണ്ടി ഭരണ വിഭാഗത്തെ ചുമതലപ്പെടുത്തുന്ന തിനുള്ള നടപടിയെടുക്കുക.

5.3.20. മറ്റു ഭരണ ചുമതലകൾ

സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന വിഷയങ്ങളിലും തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെടുന്ന വിഷയങ്ങളിലും വകുപ്പിന്റെ സംസ്ഥാന കാര്യാലയത്തിലെ പ്രധാന വിഭാഗങ്ങളിലെ മേധാവികൾ ആവശ്യപ്പെടുന്ന വിഷയങ്ങളിലും യഥാസമയം കാര്യക്ഷമമായി പ്രവർത്തിച്ച് നടപടികൾ എടുക്കുക.

അദ്ധ്യായം VI

6.0. സമഗ്ര പരിശീലന പരിപാടികൾ

6.1.0. ഏകീകൃത പൊതു സർവീസിലെ പരിശീലന പരിപാടികളുടെ ആവശ്യം.

വിവിധ വകുപ്പുകളിലെ സർവീസുകളെ ഏകോപിപ്പിച്ച് ഒരു പൊതു സർവീസ് ആയി രൂപീകരിക്കുന്ന അവസരത്തിൽ ജീവനക്കാർക്ക് വിവിധ വിഷയങ്ങളിൽ പൊതു ധാരണയുണ്ടാക്കുന്നതിന് പരിശീലനപരിപാടികൾ ഒരു പ്രധാന ആവശ്യമാണ്. ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വകുപ്പിന്റെ ഏകോപന പ്രവർത്തങ്ങൾക്ക് ശക്തമായ പിന്തുണയുണ്ടാകുന്നതിനും പുതിയ സംവിധാനത്തിന് ക്രിയാത്മകതയുണ്ടാകുന്നതിനും പരിശീലനപരിപാടികൾ അനിവാര്യമാണ്.

അഞ്ചു വ്യത്യസ്തവകുപ്പുകളായ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, എൻജിനീയറിങ് സർവീസ്, നഗര-ഗ്രാമാസൂത്രണം എന്നിവയിലെ ജീവനക്കാർ നിലവിൽ വ്യത്യസ്തങ്ങളായ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. കുറെയേറെ വിഷയങ്ങളിൽ സമാനതകൾ ഉണ്ടെങ്കിലും മറ്റു ധാരാളം കാര്യങ്ങളിൽ വ്യത്യസ്ത രീതിയിലുള്ള പ്രവർത്തനമാണ് നിലവിലുള്ളത്. സർവീസുകൾ സംയോജിപ്പിക്കു മ്പോഴും സമാനമായ തസ്തികകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമ്പോഴും ജീവനക്കാർക്ക് പരസ്പരം പ്രവർത്തന വിവരങ്ങൾ മനസ്സിലാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ഏകോപന പ്രവർത്തനങ്ങളുടെ ആരംഭത്തിൽ ത്തന്നെ ആവശ്യമാണ്. ഈ പരിശീലന പരിപാടികൾ ഘട്ടംഘട്ടമായി എല്ലാതലത്തിലുമുള്ള ജീവനക്കാർക്ക്ന നൽകാവുന്ന താണ്.

പുതിയ ഏകീകൃതവകുപ്പിൽ പ്രവേശിക്കുന്ന സ്റ്റേറ്റ് സർവീസിലും സബോർഡിനേറ്റ് സർവീസിലുമുള്ള ജീവനക്കാർക്ക് തുടക്കത്തിലുള്ള പരിശീലനം പ്രവർത്തനത്തിൽ കാര്യശേഷി വർദ്ധിപ്പിക്കുന്നതാണ്. ഓരോ പ്രമോഷൻ കിട്ടുന്നതിന് മുന്നോടിയായിട്ടുള്ള പരിശീലനവും വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതാണ്. അതുപോലെ വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സാങ്കേതിക വിഭാഗങ്ങൾക്കും ശരിയായ പരിശീലനം നൽകുന്നത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു ആവശ്യമാണ്. പുതിയ കാലഘട്ടത്തിന്റെ ആശയങ്ങൾക്കനുസരിച്ച് വകുപ്പ് ചലനാത്മകമാക്കുന്നതിന് സെമിനാറുകൾക്കും ശില്പശാലകൾക്കും കാര്യമായ പങ്കുണ്ട്. വകുപ്പിലെ വിവിധ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും അത് കൃത്യമായി നടപ്പിലാകുന്നതിനും മനുഷ്യ വിഭവ മാനേജ്മന്റ് വിഭാഗത്തിനൊപ്പം പരിശീലന വിഭാഗവും രൂപീകരിക്കേണ്ടതാണ്.

6.2.0. ഏകീകൃതതദ്ദേശസ്വയംഭരണവകുപ്പിന്റെപരിശീലനനയവുംകാഴ്ചപ്പാടും.

കാര്യക്ഷമവും ശക്തവും ക്രീയാത്മകവുമായ ഒരു പുതിയ ഏകീകൃത തദ്ദേശസ്വയം ഭരണവകുപ്പ്, സംസ്ഥാനത്തു പ്രവർത്തനക്ഷമമാകുന്നതിനുവേണ്ടി സർവ്വീസിലുള്ള എല്ലാ തലത്തിലുള്ളവരും ഇനി സർവ്വീസിൽ പ്രവേശിക്കുന്നവരുമായ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നിലവിലുള്ള സർക്കാർ പരി

മിതിയ്ക്കുള്ളിൽ നിന്നു കൊണ്ട് യഥാർത്ഥ ആവശ്യം അനുസരിച്ചുള്ള സമഗ്രപരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു സമയബന്ധിതമായി നടപ്പിലാക്കുകയെന്നതാണ് വകുപ്പിന്റെ പരിശീലനനയം.

ഈ പരിശീലന പരിപാടികൾ സർവ്വീസ് ഏകീകരണപ്രക്രിയയ്ക്ക് ഉത്തേജനം പകരുന്നതും സംയോജിപ്പിക്കുന്ന നിലവിലുള്ള വകുപ്പുകളിലെ പ്രവർത്തന പോരായ്മകളെ മറികടക്കുന്നതും സർവ്വീസിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ജില്ലാആസൂത്രണ സമിതികളുടേയും സർക്കാരിന്റേയും കാര്യക്ഷമമായ പ്രവർത്തനത്തിന്ശക്തമായ പിന്തുണനല്കുന്നതിന് ഉപകരിക്കുന്നതും, പുതിയ സംയോജിത പൊതുസർവ്വീസിന്റെ ക്രീയാത്മക പ്രവർത്തന ആശയങ്ങൾക്കനുസൃതവുമായിരിക്കണം എന്നതാണ് വകുപ്പിന്റെകാഴ്ചപ്പാട്.

6.3.0. പരിശീലന പരിപാടികളുടെ ആസൂത്രണവും നിർവ്വഹണ പ്രവർത്തനങ്ങളും

6.3.1. പരിശീലന ആവശ്യങ്ങളുടെ കണ്ടെത്തൽ

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശീലന പരിപാടികളുടെ ആസൂത്രണ ത്തിന്റേയും നിർവ്വഹണ പ്രവർത്തനത്തിന്റേയും ആദ്യപടിയായിട്ടുള്ളത് പരിശീലന ആവശ്യങ്ങളുടെ കണ്ടെത്തലാണ്. സംയോജിത സർവ്വീസ് രൂപം കൊള്ളുന്ന അവസരത്തിൽ അന്യോന്യം വിഭാഗങ്ങളിലെ ജീവനക്കാർ തമ്മിൽ സ്ഥലം മാറ്റം വരുമ്പോൾ പ്രവർത്തനങ്ങളിൽ വ്യക്തമായ ധാരണ വരുത്തുന്നതിനും ആശയ കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനും വിവിധതലത്തിൽ വേണ്ടി വരുന്ന പരിശീലന ആവശ്യങ്ങളാണ് ആദ്യമായിട്ട് കണക്കെടുക്കേണ്ടത്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശക്തവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള സർവ്വീസുകളുടെ പോരായ്മ മനസ്സിലാക്കി പരിശീലന ആവശ്യങ്ങൾ കണ്ടെത്തി ആവശ്യമായ നടപടിയെടുക്കേണ്ടതാണ്. ഏകീകൃത വകുപ്പിന്റെ സംസ്ഥാന ജില്ലാ സംവിധാനത്തിന്റെ പുതിയ രീതിയിലുള്ള പ്രവർത്തന ആശയങ്ങൾക്ക് അനുസൃതമായി കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വേണ്ട പരിശീലന ആവശ്യങ്ങൾ കണ്ടെത്തുകയാണ് തുടർന്ന് വേണ്ടത്. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പരിശീലന പരിപാടികളുടെ നയങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുടേയും പരിശീലനസംബന്ധമായ ആവശ്യങ്ങളും പരിശീലന ആവശ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

6.3.2. പരിശീലന പരിപാടികളുടെ ആസൂത്രണവും പ്രവർത്തനസംവിധാനവും.

പരിശീലന പരിപാടികൾ ആസൂത്രണവും ചെയ്യുന്നതിന്റെ തുടക്കം കഴിഞ്ഞ ഖണ്ഡികൽ സൂചിപ്പിച്ചതുപോലെ പരിശീലന ആവശ്യങ്ങൾ കണ്ടെത്തുകയാണ്. അതിന് ശക്തമായ വിവരശേഖരണവും, സംവിധാനത്തിന്റേയും സർവ്വീസിന്റേയും വിവിധ തലത്തിലുള്ള പോരായ്മകളുടേയും കാര്യശേഷി കുറവിന്റേയും പുതിയ സാദ്ധ്യതകളുടേയും അന്വേഷണവും കണ്ടെത്തലുകളും യഥാത്ഥആവശ്യങ്ങളുടെ തിരിച്ചറിയലുകളുമാണ്. നിലവിലുള്ള സർക്കാരിന്റെ സാമ്പത്തിക, ഭൗതിക പരിമിതികളിൽ നിന്നുകൊണ്ട് ഈ പോരായ്മകളെ മറികടക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഏറ്റവും നല്ലരീതിയിൽ സൗകര്യപ്രദമായ പരിശീലനപരിപാടികൾ സമയ പരിധിയ്ക്കുള്ളിൽ ആവിഷ്കരിക്കുകയാണ് തുടർന്നുള്ളത്. പരിപാടികൾ ഏകീകൃത വകുപ്പിന്റെ മഹനീയമായ രീതിയിലുള്ള ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ശക്തമായി നടപ്പിലാക്കുന്നതിനും ശരിയായ കാഴ്ചപ്പാടോടുകൂടി പ്രവർത്തനസംവിധാനം ചെയ്യുകയാണ് അടുത്തതായി വേണ്ടത്. ഓരോപരിശീലന പരിപാടികളും ഏതുരീതിയിലുള്ളതാണെന്നും, ഉള്ളടക്കം, പ്രവർത്തനദൈർഘ്യം, പരിശീലന പാഠ്യപദ്ധതി, സ്ഥാപനം, പരിശീലന സാധനങ്ങൾ, പരിശീലനരീതി, പരിശീലകർ, എന്നീ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെയുള്ള പരിശീലന പദ്ധതികൾ പ്രവർത്തന സംവിധാനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

6.3.3. പരിശീലന പാഠ്യപദ്ധതി തയ്യാറാൽ

വ്യത്യസ്തങ്ങളായ ഓരോ പരിശീലന പരിപാടികളുടേയും ഉദ്ദേശവും ലക്ഷ്യവും ആശയവും ഉൾക്കൊണ്ടുകൊണ്ട്പരിശീലന ആവശ്യമനുസരിച്ചുള്ള വിഷയത്തിന്റെ വിശദമായ പാഠ്യഭാഗം പരിശീലന രീതിയ്ക്കനുസരിച്ച്തയ്യാറാക്കേണ്ടതാണ്. ഓരോ പരിശീലന പരിപാടികൾക്കും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന വിഷയത്തെ സംബന്ധിച്ച് വിദഗ്ദരുമായി കൂടിചേർന്നു ചർച്ചചെയ്തു തീരുമാനമെടുക്കേണ്ടതും ഏതു രീതിയിലുള്ള പരിശീലനമാണ് വേണ്ടതെന്ന നിശ്ചയിക്കേണ്ടതുമാണ്. അത് നൂതന സാങ്കേതിക സംവിധാനങ്ങളെ ഉപയോഗിച്ച് പരിശീലനം കിട്ടുന്നവർക്ക് കൂടുതൽ പ്രയോജനം കിട്ടുന്നരീതിയിൽ പാഠ്യവിഷയങ്ങൾ തയ്യാറാക്കേണ്ടതാണ്.

6.3.4 ഫംഗ്ഷണൽ മാന്വലിനെ അടിസ്ഥാനമാക്കിയുള്ള പരിശീലന കൈപ്പുസ്തകങ്ങളും/ ലഘു ലേഖകളും/പരിശീലന ഗൈഡുകളും തയ്യാറാക്കൽ

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൊതുസർവ്വീസിൽ ജീവനക്കാരുടെ കാര്യശേഷി വദ്ധിപ്പിക്കുന്നതിനും സംവിധാനത്തിന്റെ കാര്യക്ഷമതയിൽ ക്രിയാത്മകത യുണ്ടാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന സംവിധാനം സ്ഥിരമായ രൂപത്തിലാക്കുന്നതിനും ഫംഗ്ഷണൽ മാന്വലിനെ അടിസ്ഥാനമാക്കിയുള്ള കൈപ്പുസ്തകങ്ങളും ലഘുലേഖകളും പരിശീലന ഗൈഡുകളും തയ്യാറാക്കേണ്ടതാണ്. ഓരോരീതിയിലുള്ള പരിശീലനത്തിലും വ്യത്യസ്തങ്ങളായ പരിശീലനസാധനങ്ങൾ അനുയോജ്യമായ പാഠ്യ പദ്ധതിയനുസരിച്ച് പപ്പെടുത്തേണ്ടതാണ്. പരിശീലന വിഷയത്തിൽ ഏറ്റവും വൈദഗ്ധ്യം ഉള്ളവരെ കണ്ടെത്തി അവരെകൊണ്ടു പാഠ്യവിഷയം തയ്യാറാക്കേണ്ടതും പുതിയമാറ്റങ്ങൾ അനുസരിച്ച്പുതുക്കേണ്ടതുമാണ്. പരിശീലനം കൂടുതൽ ആകർഷകമാക്കുന്നതിനും എളുപ്പം മനസ്സിലാക്കുന്നതിനും പുതിയ സാങ്കേതിക ഉപകരണങ്ങളും വിദ്യയും അനുസരിച്ച് പരിശീലനസാധനങ്ങളിൽ ആവശ്യമായ രൂപമാറ്റം വരുത്താവുന്നതാണ്. പരിശീലനം വിദൂര പഠനരീതിയിലാണെങ്കിൽ ഇലക്ട്രോണിക് രീതിയിലുള്ള പഠനസാധനങ്ങൾ രൂപപ്പെടുത്തേണ്ടതാണ്.

6.3.5. പരിശീലകരെ പരിശീലിപ്പിക്കുന്ന പരിശീലനപരിപാടി.

വിവിധ സർവ്വീസുകൾ സംയോജിപ്പിച്ചു ഒരു പൊതുസർവ്വീസായി മാറി ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം രൂപംകൊള്ളുമ്പോൾ സംസ്ഥാനത്തെ ഒരു പ്രമുഖ വകുപ്പാവുകയും ജീവനക്കാരുടെ എണ്ണത്തിലുൾപ്പെടെ മുൻപന്തിയിൽ എത്തുകയും ചെയ്യുന്നതാണ്. ഈ അവസരത്തിൽ പല പരിശീലന പരിപാടികളും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് കിലയുടേയും ഐ.എം.ജിയുടേയും സേവനം മാത്രം കഴിയാതെവരും. അതിനായി വകുപ്പിനകത്തു തന്നെ ചില പരിപാടികളിൽ പരിശീലനം നല്കേണ്ടതായിട്ടുവരുകയും പരിശീലനം നല്കുന്നതിനായി പരിശീലകരെ പരിശീലിപ്പി ച്ചെടുക്കേണ്ടതായിട്ടുമുണ്ട്. ഇതിനായി വകുപ്പിനകത്തെ കഴിവും കാര്യശേഷിയുമുള്ളവരെ കണ്ടെത്തി പ്രത്യകപരിശീലനം നല്കേണ്ടതാണ്. ഏകീകരണത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളിലെ പ്രവർത്തന ധർമ്മങ്ങളും നിലവിലുള്ള സംവിധാനങ്ങളെയും സംബന്ധിച്ച് അനോന്യം തുടക്കത്തിലേതന്നെ ധാരണയുണ്ടാക്കുന്നതിനായുള്ള ഹ്രസ്വകാല പരിശീലന പരിപാടികൾ വകുപ്പിനകത്തെ പരിശീലകരെകണ്ടെത്തി പരിശീലനം കൊടുത്തു സംഘടിപ്പിക്കാവുന്നതാണ്.

6.3.6. പരിശീലന നിർവ്വഹണം

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംയോജിത പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ മഹനീയലക്ഷ്യം കൈവരിക്കുന്നതിനും, വകുപ്പിന്റെ കാര്യക്ഷമവും ക്രിയാത്മകവുമായ പുതിയ ആശയങ്ങൾ പ്രാവർത്തികവുമാക്കുന്നതിനു സമഗ്രമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. അതിന് യഥാർത്ഥപരിശീലന ആവശ്യങ്ങൾ കണ്ടെത്തി അനുയോജ്യമായ പാഠ്യപദ്ധതികൾ രൂപീകരിച്ച്, ആവശ്യമായ പരിശീലനസാധന

ങ്ങൾ തയ്യാറാക്കി, പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് കൃത്യമായ പ്രവർത്തനകലണ്ടർ ഉണ്ടാക്കി, പരിശീലനസ്ഥാപനങ്ങൾ വഴിയോ, വകുപ്പിന്റെ സ്വന്തമായ സംവിധാനം വഴിയോ കൃത്യതയോടെ നടപ്പിലാക്കേണ്ടതാണ്. വകുപ്പിന്റെ സംസ്ഥാനതല കാര്യാലയത്തിൽ ഒരുപരിശീലന വിഭാഗവും പ്രത്യേക പ്രധാനവിഭാഗങ്ങളിൽ ഓരോ സെല്ലുകളും ജില്ലാ യൂണിറ്റുകളും ഇതിനായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഈ പരിശീലന വിഭാഗങ്ങൾ ആവശ്യമായ പരിശീലന ആവശ്യങ്ങളും പരിപാടികളും ആവിഷ്കരിക്കേണ്ടതും, പരിശീലനാർത്ഥികളെ കണ്ടെത്തുന്നതിനു സഹായിക്കേണ്ടതും പരിശീലന പരിപാടികളുടെ നടത്തിപ്പിന്റെ കൃത്യത ഉറപ്പാക്കി പ്രധാനവിഭാഗം മോധാവികളേയും പ്രിൻസിപ്പൽ ഡയറക്ടറേയും സർക്കാരിനേയും അറിയിക്കേണ്ടതാണ്. പരിശീലനവുമായി ബന്ധപ്പെട്ട എല്ലാകണക്കുകളും എല്ലാവിധ റിക്കാർഡുകളും അവലോകന റിപ്പോർട്ടുകളും കൃത്യമായി സംരക്ഷിക്കേണ്ടതും ആവശ്യമായ ആഡിറ്റിനും പരിശോധന കൾക്കും വിധേയമാക്കേണ്ടതുമാണ്. കൂടാതെ പരിശീലനവുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളുടേയും പരിശീലന സാധനങ്ങളുടേയും ഉത്തരവാദിത്വം ഈ വിഭാഗത്തിനായിരിക്കും. പരിശീലനങ്ങളുടെ കാര്യക്ഷമതയെ സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറും വിഭാഗം മോധാവികളും കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ട താണ്.

6.3.7. പരിശീലന പരിപാടികളുടെ വിലയിരുത്തൽ

പരിശീലന പരിപാടികളുടെ പ്രവർത്തനക്ഷമതയുടെ പോരായ്മയും ആവശ്യമായ മാറ്റങ്ങളും കണ്ടെത്തുന്നതിന് പരിപാടികളെ ശരിയായരീതിയിൽ വിലയിരുത്തേണ്ടത് ഒരു അനിവാര്യമായ ആവശ്യമാണ്. പരിശീലനം കിട്ടിയവരുടേയും പരിശീലനം നടത്തിയവരുടേയും സ്വതന്ത്രമായ അഭിപ്രായം സ്വരൂപീക്കുന്നതിന് വ്യക്തമായ പെർഫോമയും സംവിധാനവും തയ്യാറാക്കി പരിശീലനത്തിന്റെ അവസാനം രേഖപ്പെടുത്തി ശേഖരിക്കേണ്ടതാണ്. ഇത് കൃത്യമായി അവലോകനം ചെയ്തു, പരിശീലനത്തിന്റെ സമഗ്രതയെയും പോരായ്മകളെയും കുറിച്ചും മാറ്റങ്ങൾ എന്തെങ്കിലും വേണ്ടതായിട്ടുണ്ടോ എന്നും പഠിച്ച് റിപ്പോർട്ടു തയ്യാറാക്കേണ്ടതും, വീണ്ടും പരിപാടിയിൽ മാറ്റം വേണമെങ്കിൽ വരുത്തേണ്ടതുമാണ്. പരിശീലനം കിട്ടി സർവ്വീസിൽ തുടരുന്നവരുടെ, സർവ്വിസിലും സമൂഹത്തിലുമുള്ള, പരിശീലനം മൂലമുണ്ടായ മാറ്റങ്ങളെ കുറിച്ച് വിശദമായി വിശകലനം ചെയ്യേണ്ടതാണ്. ഓരോ പരിശീലന പരിപാടികളെ സംബന്ധിച്ചും തുടക്കം മുതൽ അവോലകനം വരെയുള്ള ഒരു സമഗ്രറിപ്പോട്ട് ബന്ധപ്പെട്ടവർ സമർപ്പിക്കേണ്ടതാണ്.

6.4.0. ഏകീകൃത തദ്ദേശ സ്വയംഭരണവകുപ്പിന് ആവശ്യമായ വിവിധ രീതിയിലുള്ള പരിശീലന പരിപാടികൾ

6.4.1 ഏകോപന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനപരിപാടികൾ.

പൊതു സർവീസായി രൂപപ്പെടുമ്പോൾ അന്യോന്യം മാറ്റപ്പെടാവുന്ന തസ്തികകളിൽ ജോലിചെയ്യുന്ന വിവിധ തലത്തിലുള്ള ജീവനക്കാർക്ക് വിഷയങ്ങളിൽ ഒരു പൊതു വിജ്ഞാനം ഉണ്ടാക്കുന്നതിനു വേണ്ടി 'ഓറിയന്റേഷൻ കോഴ്സ് പുതിയ ഏകീകൃത വകുപ്പിന്റെ പ്രവർത്തനത്തോട് അനുബന്ധമായിത്തന്നെ നടത്തേണ്ടതാണ്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യുമായി ചേർന്ന് ഘട്ടംഘട്ടമായി പരിശീലനപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ഈ പരിപാടികൾ ജീവനക്കാർക്ക് അറിവില്ലാത്ത മറ്റു വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സഹായകരമാവുന്നതാണ്. ഈ പരിശീലന പരിപാടി കുറെയേറെ അടിയന്തിര പ്രാധാന്യമുള്ളതാണ്.

6.4.2.പുതിയതായി സർവീസിൽ പ്രവേശിക്കുന്നവർക്കുള്ള പരിശീലന പരിപാടികൾ.

വകുപ്പിലെ വിവിധ പ്രവർത്തനത്തെ സംബന്ധിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് സർവീസിൽ പ്രവേശിക്കുന്നതി

നോടനുബന്ധിച്ചുള്ള പരിശീലനം വഴി ഉണ്ടാകുന്നത് പുതിയ ജോലിയിൽ പ്രവേശിക്കുന്നവരുടെ കാര്യശേഷി വർധിപ്പിക്കുന്നതാണ്. ഇതിനായി ഏകീകൃത പൊതു സ്റ്റേറ്റ് സർവീസിലെ പുതിയതായി PSC വഴി തെരഞ്ഞെടുക്കുന്ന LSGD സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് രണ്ടോ മൂന്നോ മാസം ദൈർഘ്യമുള്ള സർട്ടിഫിക്കേഷൻ പരിശീലന പരിപാടികൾ നൽകാവുന്ന താണ്. ഈ പരിപാടിയിൽ വിവിധ വകുപ്പുകളിലെയും വിവിധതലത്തിലുള്ള ഓഫീസുകളിലെയും പ്രവർത്തിപരിചയവും ഉൾപ്പെടുത്താവുന്നതാണ്. സെക്രട്ടറി തസ്തികയിൽ പ്രമോഷൻ മാറ്റം വഴിവരുന്ന ഉദ്യോഗസ്ഥർക്ക് ഒരു മാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതുപോലെ സ്റ്റേറ്റ് സർവീസിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്കും സർവീസിൽ പ്രവേശിക്കുന്നതിനനുബന്ധിച്ച് ഈ വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് ഉണ്ടാകുന്നതിന് രണ്ടുമാസത്തെ ഇൻസർവീസ് പരിശീലന പരിപാടി നടപ്പിലാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികസന സേവന പ്രവർത്തനങ്ങളുമായി ഏകീകൃത പൊതു സബോർഡിനേറ്റ് സർവീസിലെ ജീവനക്കാർക്ക് കാര്യമായ ഇടപെടലുള്ളതിനാൽ പുതിയതായി സർവീസിൽ പ്രവേശിക്കുന്ന എല്ലാവർക്കും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ഇപ്പോൾ നല്കി വരുന്ന പരിശീലന പരിപാടികൾ പോലെയുള്ള പരിശീലനം നൽകേണ്ടതാണ്. PSC മുഖേന തെരഞ്ഞെടുക്കുന്ന LD Clerk തസ്തികയിലെ ഉദ്യോഗസ്ഥർക്ക് കില വഴി മൂന്നു മാസത്തെ സർട്ടിഫിക്കേഷൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

6.4.3. നിലവിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ

നിലവിലെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജീവനക്കാരിൽ വലിയൊരു പങ്ക് കാര്യക്ഷമതയുടെ കാര്യത്തിൽ ശരിയായ പൂർണ്ണത കൈവരിച്ചിട്ടില്ലായെന്ന് അഭിപ്രായമുണ്ട്. പുതിയ കാഴ്ചപ്പാടോടുകൂടി രൂപീകൃതമാവുന്ന ഏകോപിത പൊതു സർവീസിൽ കാര്യശേഷിയുള്ള ഉദ്യോഗസ്ഥരും കാര്യക്ഷമതയുള്ള പ്രവർത്തന സംവിധാനവും ക്രിയാത്മകമായി രൂപം കൊള്ളുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തിന്റെ പോരായ്മകളെ വിലയിരുത്തി സ്ഥിരമായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ഇതിന് വ്യക്തമായ പ്രവർത്തന കലണ്ടറും ആവശ്യമായ ഫണ്ടും ആവശ്യമാണ്. കിലയിലെ നിലവിലുള്ള സംവിധാനം വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഇൻസ്റ്റിട്യൂഷൻ ഓഫ് മാനേജ്മന്റ് ഇൻ ഗവണ്മെന്റിന്റെ (IMG) സേവനം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താവുന്ന താണ്. ചില പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യവും ഉയർന്ന അറിവും ലഭിക്കുന്നതിനായി ഈ രണ്ടു പരിശീലന സ്ഥാപനങ്ങളും അല്ലാതെ ഇന്ത്യയിലെ മറ്റു പരിശീലനസ്ഥാപനങ്ങളിലും അയയ്ക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

6.4.4. സാങ്കേതിക വിഷയങ്ങളിലെ വൈദഗ്ധ്യങ്ങൾക്ക് കാര്യക്ഷമമായ പ്രവർത്തനത്തിനുള്ള പരിശീലനപരിപാടികൾ

സംസ്ഥാനസർക്കാരിനും ജില്ലാ ആസൂത്രണസമിതിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരുപോലെ ശക്തമായ പിന്തുണയും കാര്യക്ഷമമായ സേവനവും ശരിയായ രീതിയിൽ ഉണ്ടാവുന്നതിന് ചില സാങ്കേതിക വിഷയങ്ങളിൽ വ്യക്തമായ അറിവും വൈദഗ്ധ്യവും അനിവാര്യമാണ്. വിവിധ കാര്യങ്ങളുടെ സമഗ്രമായ ആസൂത്രണത്തിനും പദ്ധതികളുടെ ആവിഷ്കാരത്തിനും നടത്തിപ്പിനും അവലോകനത്തിനും വിഷയങ്ങളിൽ ശരിയായ അറിവ് തികച്ചും അനിവാര്യമാണ്. ഇതിന് നിലവിലുള്ള സാങ്കേതിക വിഭാഗങ്ങളിലെ പോരായ്മകൾ മാറ്റുന്നതിനായി ശരിയായ രീതിയിലുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. താഴെ വിവരിക്കുന്ന സാങ്കേതിക വിഷയങ്ങളിലെ പരിശീലങ്ങൾ ആദ്യപടിയിലെ പരിപാടികളായിഎടുക്കാവുന്നതാണ്.

6.4.4.1. മാനേജ്മന്റ്പരിശീലനം

വകുപ്പിന്റെ പൊതു സ്റ്റേറ്റ് സർവീസിലെ സാങ്കേതിക വിഭാഗം ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് കാര്യക്ഷമത ഉയർത്തുന്നതിന് നൂതന സാങ്കേതിക വിദ്യ വഴിയുള്ള മാനേജ്മന്റ് വിഷയത്തിലെ പരിശീലനത്തിന്റെ ഹ്രസ്വകാല പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ഇതിന് IMG പോലുള്ള സ്ഥാപനങ്ങളുടെ സൗകര്യം ഉപയോഗിക്കേണ്ടതാണ്.

6.4.4.2. ആധുനിക രീതിയിലുള്ള അക്കൗണ്ടിംഗ് സംവിധാനത്തിന്റെ പരിശീലനം

വകുപ്പിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സുതാര്യതയ്ക്കും കാര്യക്ഷമമായ പ്രവർത്തനത്തിനും അക്കൗണ്ടിംഗ് സംബന്ധമായ എല്ലാ പ്രവർത്തനത്തിനും ആ വിഷയങ്ങളിൽ ഇടപെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ആധുനിക രീതിയിലുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ചുകൊണ്ടുള്ള അക്കൗണ്ടിംഗ് ജോലികളിൽ വിദഗ്ധ പരിശീലനം നൽകേണ്ടതാണ്. കില, IMG, തുടങ്ങിയ സ്ഥാപനങ്ങൾ വഴി ഈ പരിശീലനം നടത്താവുന്നതാണ്.

6.4.4.3. പൊതുജനാരോഗ്യവും എൻവിയോണ്മെന്റ് മാനേജ്മന്റ് പരിശീലനവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പൊതുജനാരോഗ്യം എൻവിയോണ്മെന്റ് മാനേജ്മന്റ് എന്നീ വിഷയങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. പ്രത്യേകിച്ച് പ്രളയം, കൊടുങ്കാറ്റ്, മണ്ണിടിച്ചിൽ തുടങ്ങിയ ദുരന്തങ്ങളിലും നിപ്പ, കൊറോണ തുടങ്ങിയ മഹാമാരികളുടെ കഷ്ടപ്പാടുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വളരെ നല്ല പ്രവർത്തനമാണ് നടത്തിയിരുന്നത്. കൂടുതൽ കാര്യക്ഷമവും ശക്തവുമായ പ്രവർത്തങ്ങൾക്കായി പൊതുജനാരോഗ്യം കുടിവെള്ള സംരക്ഷണം, ഖര ദ്രവ മാലിന്യം കൈകാര്യം ചെയ്യൽ, അഴുക്കു വെള്ളം ഒഴിവാക്കലും ശുദ്ധീകരണവും, പരിസ്ഥിതി സംരക്ഷണം, കുടിവെള്ള പദ്ധതി ആസൂത്രണം തുടങ്ങിയ വിഷയങ്ങളിൽ ഹ്രസ്വകാല പരിശീലനം ബന്ധപ്പെട്ട വിവിധ വിഭാഗങ്ങൾക്ക് നൽകേണ്ടതാണ്. ഈ വിഷയങ്ങൾക്ക് കില IMG തുടങ്ങിയ സ്ഥാപനങ്ങളോ മറ്റു ബന്ധപ്പെട്ട സ്ഥാപനങ്ങളോ വഴി പരിശീനം കൊടുക്കാവുന്നതാണ്.

6.4.4.4.എഞ്ചിനീയറിങ് വിഭാഗത്തിന്റെ പരിശീലനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതിയുടെയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ശക്തമായ പ്രവർത്തനത്തിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും എഞ്ചിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനം അനിവാര്യ മാണ്. പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏറ്റവും മേന്മയുള്ളതിനും നല്ല ഉയർന്ന നിലവാരം നിലനിർത്തുന്നതിനും ഏറ്റവും ചിലവ് ചുരുക്കുന്നതിനും പ്രവർത്തന സമയം ലഘൂകരിക്കുന്നതിനും എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ഏറ്റവും നവീനമായ ഹ്രസ്വകാല സാങ്കേതിക പരിശീലങ്ങൾ ആവശ്യമാണ്.ആദ്യ നടപടിയായി താഴെ വിവരിക്കുന്ന വിഷയങ്ങളിൽ പരിശീലനം നൽകാവുന്നതാണ്.

* നവീന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം.
* പുതിയ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള structural design. (കെട്ടിടം, retaining wall, കലുങ്ക്, പാലങ്ങൾ തുടങ്ങിയവ)
* നവീന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കുടിവെള്ളം/ഡ്രൈനേജ്/സ്വിവറേജ് പദ്ധതികളുടെ ആസൂത്രണം,ആവിഷ്ക്കാരം,നടത്തിപ്പ്, അവലോകനം തുടങ്ങിയ കാര്യങ്ങൾ.
* പുതിയ സാങ്കേതിക വിദ്യ അനുസരിച്ചുള്ള വിവിധ തരം റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം.

* അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ പുതിയ സാങ്കേതിക വിദ്യ പഠനം
* നവീനരീതിയിലുള്ള നിർമ്മാണസാധനങ്ങളെക്കുറിച്ചുള്ള അറിവും നവീന നിർമ്മാണ ഉപകരണങ്ങളുടെപ്രവർത്തനപരിചയവും.
* GIS തുടങ്ങിയ പുതിയ സാങ്കേതിക സോഫ്റ്റ് വെയറുകളുടെ പരിശീലനം

6.4.4.5.ആസൂത്രണ വിഷയത്തിലെ പരിശീലനം

ആസൂത്രണ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ആസൂത്രണ വിഷയത്തിൽ വളരെ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരടങ്ങുന്ന നഗര ഗ്രാമാസൂത്രണ വകുപ്പ് നിലവിലുണ്ടെങ്കിലും തദ്ദേശ സ്വയം ഭരണസ്ഥാപന തലത്തിലും ജില്ലാ ആസൂത്രണസമിതികൾക്കും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവം മൂലം പഞ്ചവത്സര പദ്ധതികൾക്കും വാർഷിക പദ്ധതികൾക്കും സമഗ്രമായ ആസൂത്രണത്തിലും പദ്ധതികളുടെ ആവിഷ്കാരത്തിലും അവലോകനത്തിലും പിന്തുണ കിട്ടാറില്ല. ഏകോപിത പൊതു സർവീസ് ശരിയായ രീതിയിൽ പ്രവർത്തനക്ഷമമാകുന്ന അവസരത്തിൽ ഈപോരായ്മ ഒഴിവാക്കാനാകും. എങ്കിലും ആസൂത്രണ വിഭാഗത്തിലെ കുറെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ആസൂത്രണ വിഷയത്തിൽ മതിയായ യോഗ്യതക്കുറവുള്ളതായി അഭിപ്രായമുണ്ട്. ഇത് മറികടക്കുന്ന തിന് ആവശ്യമായ ഹ്രസ്വകാലവും ദീർഘ കാലവുമായി പരിശീലനം വേണ്ടതാണ്. നിലവിൽ വകുപ്പിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികതൊട്ട് മുകളിലുള്ള തസ്തികയിലുള്ള ഒന്നോ രണ്ടോ പേരെ എല്ലാ വർഷവും നഗര ഗ്രാമാസൂത്രണ വിഷയത്തിലുള്ള ബിരുദാനന്തര ബിരുദ പഠനത്തോടുകൂടിയ പരിശീലനപരിപാടിക്ക് സർക്കാർ അയക്കാറുണ്ട്. തദ്ദേശസ്വയംഭരണ തലത്തിൽ സമഗ്രമായ ആസൂത്രണപ്രവർത്തനം നടപ്പിലാവുന്നതിന് ആസൂത്രണ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ശരിയായ ഹ്രസ്വകാല പരിശീലന പരിപാടികൾ അനിവാര്യമാണ്. കൂടാതെ ആസൂത്രണവിഷയത്തിൽ ഉണ്ടാകുന്ന നൂതന കാഴ്ചപ്പാടും അറിവും പരിചയവും മനസ്സിലാക്കേണ്ടതാണ്. ഇതിനായി താഴെ വിവരിക്കുന്ന വിഷയങ്ങളിൽ ആരംഭ പ്രവർത്തനമെന്ന രീതിയിൽ പരിശീലന പരിപാടികൾക്കുള്ള നടപടികൾ എടുക്കാവുന്നതാണ്.

* സംയോജിത ജില്ലാ വികസനരൂപരേഖ തയ്യാറാക്കൽ
* ഒന്നിലധികം ജില്ലകളുടെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന മേഖലാ ആസൂത്രണപദ്ധതികയുടെ രൂപീകരണം
* വിഷയാധിഷ്ഠിതപ്രശ്നങ്ങളിൽ പഠനവും സമഗ്രമായ ആസൂത്രണ പരിപാടികളും
* സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥലപര ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം
* മെട്രോസിറ്റിയുടെ, മാസ്റ്റർപ്ലാൻ/സ്ട്രക്ചറൽ പ്ലാൻ തയ്യാറാക്കൽ
* ഇടത്തരം പട്ടണങ്ങളുടെയും ജോയിന്റ് പ്ലാനിങ് ഏരിയകളുടെയും സമഗ്രവികസനരൂപരേഖ തയ്യാറാക്കൽ.
* ഗ്രാമങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
* വിശദവികസന രൂപരേഖ തയ്യാറാക്കൽ
* ഏരിയ ഡവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കൽ.
* നഗരവൽകരണം,ജനസംഖ്യ അപഗ്രഥനം,അധിവാസകേന്ദ്രങ്ങളുടെ ക്രമനിഷ്ഠ തുടങ്ങിയവ സംബന്ധമായ സമഗ്രപഠനങ്ങൾ
* സർവേ സംബന്ധിച്ച നൂതന സാങ്കേതിക വിദ്യകൾ
* സമഗ്ര വിവരശേഖരണത്തിന്റെയും വിശകലനത്തിന്റെയും ആധുനിക സാങ്കേതികവി

ദ്യകൾ.

** വലിയ രീതിയിലുള്ള ഡേറ്റാ ബേസ് മാനേജ്മെന്റും GIS സംവിധാനത്തെ സംബന്ധിച്ച പഠനവും പരിശീലനവും.

* പൈതൃകസമ്പദ്പ്രദേശം (ഹെറിറ്റേജ് ഏരിയ) കണ്ടെത്തലും സംരക്ഷണവും

* പ്രകൃതിദുരന്ത സാധ്യതാ പ്രദേശങ്ങളുടെ പഠനവും കണ്ടെത്തലും

* പാരിസ്ഥിതികമായും ആവാസവ്യവസ്ഥാപരമായും ദുർബ്ബലമായ പ്രദേശങ്ങളുടെ സംരക്ഷണം.

* ഗതാഗത ശൃംഖലപഠനം

* അടിസ്ഥാനസൗകര്യവികസനപഠനം

* പ്രാദേശിക സാമ്പത്തികവികസനപഠനം

* ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങളുടെ ഉപയോഗസാദ്ധ്യതകളും അവയുടെ വിനിയോഗത്തിന്റെയും പഠനം.

6 .4 .4 .6 നിയമവും കോടതി വ്യവഹാര നടപടികളും

നിലവിലുള്ള വകുപ്പുകളിലെ വിവിധ വിഷയങ്ങളിലുള്ള കോടതി വ്യവഹാരങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സർക്കാരും പലപ്പോഴും പരാജയപ്പെടുന്ന അനുഭവം ഉണ്ടാവാറുണ്ട്. ബന്ധപ്പെട്ട നിയമത്തിലും വ്യവഹാര നടപടികളിലുമുള്ള അറിവില്ലായ്മയും പരിചയക്കുറവും നടപടിക്രമങ്ങളിലുമുള്ള കാര്യശേഷിക്കുറവും ഇതിന് കാരണമാകാറുണ്ട്. ശരിയായരീതിയിലുള്ള പരിശീലനവും ശക്തമായ അവലോകനവും വഴി ഈ പോരായ്മ പരിഹരിക്കാവുന്നതാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏകീകൃത വകുപ്പിൽ പ്രത്യേക യൂണിറ്റുകൾ രൂപീകരിച്ച് ആവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

6 .4 .4.7. ദുരന്ത നിവാരണ പരിപാടികൾ

പരിസ്ഥിതി സംരക്ഷണത്തിലും പ്രകൃതിയുടെ സുസ്ഥിരത കാത്തുസൂക്ഷിക്കുന്നതിലും ഭരണതലത്തിൽ ഏറ്റവും താഴേത്തട്ടിലെ ജനകീയ അടിത്തറയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ ചുമതലയുണ്ട്. ജനങ്ങളുമായി നേരിട്ട് ബന്ധമുള്ള ഈ സ്ഥാപനങ്ങൾക്ക് പ്രകൃതിദുരന്തമോ മറ്റു രീതിയിലുള്ള ദുരന്തമോ ഉണ്ടാകുമ്പോൾ ജനങ്ങളെ സംരക്ഷിക്കാനും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കാര്യമായ ഇടപെടൽ നടത്താനും ഉത്തരവാദിത്വവുമുണ്ട്. വനം പരിസ്ഥിതിലോല പ്രദേശങ്ങൾ എന്നിവയെ സംരക്ഷിക്കേണ്ടതും പ്രകൃതിദുരന്ത സാധ്യതയേറിയ പ്രദേശങ്ങളെ കണ്ടെത്തി വികസന പ്രവർത്തനങ്ങളെ നിയന്ത്രിക്കേണ്ടതും ഈ സ്ഥാപനങ്ങളുടെ ചുമതലകളിൽ ഉൾപ്പെട്ടതാണ്. കേരളത്തിലെ കഴിഞ്ഞകാല പ്രകൃതി ദുരന്തങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു വകുപ്പുകളോടൊപ്പം ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കാര്യമായ ചുമതല വഹിച്ചിരുന്നു.അഞ്ച് വകുപ്പുകളുടെ ഏകോപനക്കുറവും വിഷയത്തിലെ മുൻപരിചയ ക്കുറവും കാരണം ദുരന്തനിവാരണ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിൽ ക്രിയാത്മകവും കാര്യക്ഷമവുമായ പ്രവർത്തനം പൂർണ്ണമായി കൈവരിക്കുന്നതിന് പ്രയാസം അനുഭവപ്പെട്ടെന്ന് അഭിപ്രായമുണ്ട്. പുതിയ ഏകോപിത സർവീസ് പ്രാവർത്തിക മാകുന്നതോടുകൂടി പ്രകൃതിദുരന്തസാധ്യതയേറിയ പ്രദേശങ്ങൾ കണ്ടെത്തി വികസന നിയന്ത്രണനയങ്ങളും ഡിസാസ്റ്റർ മാനേജ്മന്റ് പ്ലാനും ഉൾപ്പെടെയുള്ള വിഷയങ്ങളിലും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോഴുള്ള മുന്നൊരുക്കങ്ങളെക്കുറിച്ചും ദുരന്തസമയത്തും ശേഷവുമുള്ള പ്രവർത്തനത്തെ സംബന്ധിച്ചും വ്യക്തമായ അറിവും പരിശീലനവും ബന്ധപ്പെട്ട എല്ലാവിഭാഗം ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കുംനൽകേണ്ടതാണ്.

6.4.4.8. ഇൻഫർമേഷൻ ടെക്നോളജിയുടേയും നൂതന രീതിയിലെ സോഫ്റ്റ് വെയറുകളുടേയും പരിശീലനം

നിലവിലുള്ള തദ്ദേശസ്വയംഭരണവകുപ്പിലെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് "കംപ്യൂട്ടറൈസേഷൻ ആൻറ് മോഡേണൈസേഷൻ" എന്ന പദ്ധതി വഴി ഇൻഫർമേഷൻ ടെക്നോളജിയിലും നൂതന രീതിയിലെ സോഫ്റ്റ് വെയറുകളിലും അറിവും പരിചയവും പരിശീലനവും നൽകുന്നുണ്ടെങ്കിലും വകുപ്പുകളിലെയും തദ്ദേശ സ്ഥാപനങ്ങളിലെയും പലഭാഗങ്ങളിലും പൂർണരീതിയിൽ കാര്യക്ഷമവും സുതാര്യവും ക്രിയാത്മകവുമായ പ്രവർത്തനസംവിധാനം രൂപപ്പെട്ടുകാണുന്നില്ല.പുതിയ ഏകീകൃത വകുപ്പിൽ ശരിയായ രീതിയിലുള്ള പരിശീലനം വഴി ഈ വിഷയത്തിലുള്ള പ്രവർത്തനം സംഘടിപ്പിക്കുമാവുന്നതാണ്.

6.4.5. കേന്ദ്രാവിഷ്കൃത ഫ്ലാഗ്ഷിപ് പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലനപരിപാടികൾ

പുതുതായി രൂപപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അവ ആസൂത്രണം ചെയ്യുമ്പോൾ തന്നെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പരിശീലനപരിപാടി പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താറുണ്ട്. കാര്യക്ഷമമായി പദ്ധതി നടത്തിപ്പിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ഈ പരിശീലനപരിപാടികൾ വളരെ പ്രയോജനപ്പെടാറുണ്ട്.ഏകീകൃത വകുപ്പിന്റെ പ്രവർത്തനങ്ങളിലും ഈ രീതിയിലുള്ള പരിശീലനം ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് അനിവാര്യമാണ്.

6.5.0. പരിശീലന വിഷയങ്ങൾ

ജനങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, ഭൗതിക, പരിസ്ഥിതി സംബന്ധമായ കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും ബന്ധപ്പെട്ട വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പരിശീലന വിഷയങ്ങളെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ വളരെ വിശാലമായ ഒരു നിര തന്നെയാണ് ഉള്ളത്.വളരെ പരിമിതമായ സൗകര്യങ്ങൾ നിലനിൽക്കുന്നതിനാൽ ഏകീകൃത വകുപ്പ് രൂപീകൃത മാകുന്നതിന്റെ ആദ്യഘട്ടത്തിൽ വളരെ പ്രധാനപ്പെട്ട കുറച്ച് വിഷയങ്ങൾ മാത്രമേ പൊതുവിലുള്ള പരിശീലനവിഷയങ്ങളായിട്ട് എടുക്കുന്നതിന് കഴിയുകയുള്ളൂ.സാങ്കേതികവും അനുബന്ധവുമായ കാര്യങ്ങളിലെ പ്രധാനപ്പെട്ട കുറെ പരിശീലന വിഷയങ്ങൾ മുന്നിലെ ഖണ്ഡിക (6 .4 .4)യിൽ വ്യക്തമാക്കിയതിനാൽ ആ വിഷയംവീണ്ടും ആവർത്തിക്കുന്നില്ല.

6.5.1. പൊതുവിലുള്ള പരിശീലനത്തിന് ഉദ്ദേശിക്കുന്ന വിഷയങ്ങൾ

* ഭരണഘടനയുടെ 73, 74 ഭേദഗതികളും 11, 12 ഷെഡ്യൂളുകളും അധികാര വികേന്ദ്രീകരണത്തിന്റെപ്രധാനഏടുകളും
* പഞ്ചത്തീരാജ്/മുനിസിപ്പൽ ആക്ട്, നഗര - ഗ്രാമാസൂത്രണ ആക്ട് എന്നിവയിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും തദ്ദേശഭരണവുമായി ബന്ധപ്പെട്ട പ്രധാനഭാഗങ്ങൾ.
* തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ/പൊതു ചുമതലകളും ഉത്തരവാദിത്വങ്ങളും സേവനങ്ങളും.
* കെട്ടിട നിർമ്മാണച്ചട്ടങ്ങൾ, തീരദേശ പരിപാലനനിയമം, തണ്ണീർത്തട സംരക്ഷണ/നെൽവയൽ സംരക്ഷണ നിയമം, ആർക്കിയോളജിക്കൽ/പൈതൃക സംരക്ഷണം, പൊതുജനാരോഗ്യനിയമങ്ങളും ചട്ടങ്ങളും ബൈലോകളും, എനർജി കൺസർവേഷൻ ആക്ട്,ചട്ടങ്ങൾഎന്നിവയിലെപ്രധാനഭാഗങ്ങൾ.
* തദ്ദേശ സ്ഥാപനഭരണം, സ്റ്റാന്റിംഗ് കമ്മറ്റികൾ, വാർഡ് സഭ/ഗ്രാമസഭ എന്നിവയുടെ പ്രവർത്തനങ്ങളുംചുമതലകളും.

* എൽ. എസ്. ജി. ഡി. ഫംഗ്ഷണൽ മാന്വൽ, തദ്ദേശഭരണസ്ഥാപനങ്ങളുടെ ഓഫീസ് മാനേജ്മെന്റ്മാന്വൽഎന്നിവയുടെപ്രധാനഭാഗങ്ങൾ.
* തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസ്രോതസ്സുകൾ, തനതുവരുമാനം കേന്ദ്രാ/സംസ്ഥാന ധനവിഹിതം, നികുതി പിരിവ്, മെയിന്റ്നസ് ഫണ്ടുകൾ, ധനവിനിയോഗനടപടികൾ എന്നിവയുടെ പ്രധാന ഭാഗങ്ങളിലെ വിവരങ്ങൾ.
* ജനകീയാസൂത്രണം, വാർഷിക പദ്ധതി രൂപീകരണം, വാർഷിക ബഡ്ജറ്റ് തയ്യാറാക്കൽ, ദുർബല ജനവിഭാഗങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിന്റെ പരിപാലനം.
* പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലും വാണിജ്യവും, ധനസ്രോതസ്സ് ഉയർത്തുന്നതിനുള്ള സ്രോതസ്സുകൾ, പ്രാദേശിക പൊതു സംരംഭക പരിപാടികളും പ്രാദേശിക സംരംഭങ്ങളും, സുഭിക്ഷകേരള പരിപാടികൾ.
* സാമൂഹിക സുരക്ഷാ പദ്ധതികളും ദുർബലജനവിഭാഗങ്ങളുടേയും വൃദ്ധജനങ്ങളുടേയും കുട്ടികളുടേയും സ്ത്രീകളുടേയും സുരക്ഷാപദ്ധതികളുടെ അറിവ്.
* ദുർബലജന വിഭാഗങ്ങളുടെ ഭവനപദ്ധതികൾ, തദ്ദേശഭരണ വകുപ്പുമായി ബന്ധപ്പെട്ട മിഷനുകൾ, പരിസ്ഥിതി സംരക്ഷണവും പ്രകൃതി വിഭവങ്ങളും, കുടിവെള്ളം, കുളങ്ങൾ, നദികൾ, കാവുകൾ എന്നിവയുടെ സംരക്ഷണം, പ്രകൃതി ദുരന്തങ്ങൾക്ക് സാദ്ധ്യതയേറിയ സ്ഥലങ്ങളുടെ സംരക്ഷണം എന്നിവയുടെ പൊതു അറിവുകൾ.
* സമഗ്ര വികസന രൂപരേഖ, വിശദവികസന രൂപരേഖ, വിവിധ തലത്തിലുള്ള പ്ലാനുകൾ, ദുരന്ത നിവാരണ മാനേജ്മെന്റ് പ്ലാനുകൾ തുടങ്ങിയവയുടെ പൊതു അറിവുകൾ,
* അടിസ്ഥാന സ്ഥകര്യങ്ങളുടെയും, സാമൂഹിക സ്ഥകര്യങ്ങളുടെ വികസനം, റോഡ്, കെട്ടിടം, പാലം, കലിംഗ്, ബസ് സ്റ്റാന്റ്, അഗതി മന്ദിരം, സ്വിവറേജ്, ഡ്രൈനേജ് എന്നിവകളുടെ ആസൂത്രണം, ആവിഷ്കാരം, നടത്തിപ്പ് എന്നീകാര്യങ്ങളുടെ പൊതുവിലുള്ള അറിവ്.
* മാർക്കറ്റുകൾ, എക്സിബിഷൻ/മേള ഗ്രൌണ്ടുകൾ, സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ, സാംസ്കാരിക നിലയങ്ങൾ, പാർക്കിംഗ് സ്ഥലങ്ങൾ, സ്മശാനം തുടങ്ങിയവയുടെ പ്രവർത്തനം, സംരക്ഷണം, ഭരണ നടപടികൾ എന്നിവയിലുള്ള പൊതു വിവരം.
* ഖരമാലിന്യം, ദ്രവമാലിന്യം എന്നിവ കൈകാര്യം ചെയ്യുന്നതിലും ഒഴിവാക്കുന്നതിലുമായി ബന്ധപ്പെട്ട നൂതനസംവിധാനങ്ങളെയും സംബന്ധിച്ച ഭരണ നടപടി ക്രമങ്ങളും പൊലൂഷൻ നിയന്ത്രണ പരിപാടികൾ, പൊതു ജനാരോഗ്യ പരിപാടികൾ എന്നിവ സംബന്ധിച്ച പൊതുവിവരങ്ങളും.
* ഡിസാസ്റ്റർ മാനേജ്മെന്റ് പരിപാടികളുടെ പൊതു വിവരങ്ങൾ.
* അധികാരവികേന്ദ്രീകരണം വഴി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചും, ആരോഗ്യം, പൊതു വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, ഡയറി, ചെറുകിട ജലസേചനം, തുടങ്ങിയ വിഷങ്ങളിലെ പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവർത്തന നടപടിക്രമങ്ങളെയും ചുമതലകളേയും സംബന്ധിച്ചുള്ള പൊതു വിവരങ്ങൾ.
* ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തന നിർവ്വഹണ ധർമ്മങ്ങളേയും, ജില്ലാ പദ്ധതിരൂപീകരണത്തേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവൽസര പദ്ധതികളുടെയും ബഹുവർഷ പദ്ധതികളുടേയും, വാർഷിക പദ്ധതികളുടേയും അഗീകാര നടപടികളേയും സംബന്ധിച്ച വിവരങ്ങൾ.
* തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാന തലത്തിന്റെയും ജില്ലയുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും.

* ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിനായി വകുപ്പിലെ വിവിധ വിഭാഗങ്ങളും അധികാരവികേന്ദ്രീകരണം വഴി വിട്ടുകിട്ടിയ സ്ഥാപനങ്ങളും വിവിധ മിഷനുകളും വികസന ഏജൻസികളും തമ്മിലുള്ള ഏകോപന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ.
* വകുപ്പിന്റെ ജില്ലാതല കാര്യാലയത്തിന്റെ ഭരണം, ആസൂത്രണ, വികസന പ്രവർത്തനങ്ങളുടെയും അവലോകനം, ആഡിറ്റിംഗ് തുടങ്ങിയ കാര്യങ്ങളുടേയും നടപടി ക്രമങ്ങളും വിവരങ്ങളും.
* വകുപ്പിന്റെ സംസ്ഥാന ജില്ലാ, കാര്യാലയങ്ങളും ജില്ലാ ആസൂത്രണ സമിതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപന പ്രവർത്തനങ്ങളുടെ വിവരങ്ങൾ.
* സമഗ്ര വിവരശേഖരണവും നൂതനരീതിയുള്ള വിവരവിശകനവും.
* ആഡിറ്റ് പ്രവർത്തനവും രീതിയും, ഇൻറ്റേണൽ ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൌണ്ടന്റ് ജനറൽ ആഡിറ്റ്, എന്നി സംവിധാനങ്ങളിലെ നടപടിക്രമങ്ങൾ, നിയമസഭ കമ്മിറ്റികളുടെ പ്രവർത്തനം, ആഡിറ്റുമായി ബന്ധപ്പെട്ട ഭരണ നടപടികൾ, സുതാര്യതയും സാമൂഹിക ആഡിറ്റിംഗും, സമൂഹധനവും പൊതു ഉത്തരവാദിത്വങ്ങളും എന്നി വിഷങ്ങളിലുള്ള അറിവ്.
* വിവരാവകാശം, സേവനാവകാശം, എന്നി നിയമങ്ങളും ഭരണ നടപടികളും.

അദ്ധ്യായം VII

7.0. പ്രധാന നിർദ്ദേശങ്ങളും ശുപാർശകളും

സംസ്ഥാനത്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പും കാര്യക്ഷമമായ ഏകീകൃത പൊതുസർവീസും രൂപീകരിക്കുന്നതിനുള്ള വിവിധ ഭരണപരമായ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.ഈ പ്രവർത്തനങ്ങൾ ക്രിയാത്മകമായി പൂർണ്ണതയിൽ എത്തിക്കുന്നതിന് കുറെയേറെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ അടിയന്തിരമായി കൈകാര്യം ചെയ്യേണ്ടതായി കാണുന്നു.അതിൽ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ ഈ സംരംഭത്തിന്റെ തുടർന്നുവേണ്ട നടപടികൾക്കായിശുപാർശചെയ്യുന്നു.

7.1. മുകളിൽ വിവരിച്ചിട്ടുള്ള രൂപരേഖയുടെ വിവിധ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾഅനുസരിച്ച് ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ അടിയന്തിരമായി തയ്യാറാകേണ്ടതാണ്.വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു കമ്മറ്റിക്ക് ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം നൽകേണ്ടതും വ്യക്തമായ പ്രവർത്തന കാലാവധിയും കലണ്ടറും നിർണ്ണയിക്കേണ്ടതുമാണ്.പ്രവർത്തനം കൃത്യമായി നിരീക്ഷിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായഒരുറിവ്യൂകമ്മിറ്റിയെനിയമിക്കേണ്ടതാണ്.

7.2. ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുമ്പോൾ രൂപപ്പെടുന്ന ഏകീകൃത വകുപ്പിന്റെ നവീനപ്രവർത്തന ആശയവും കാഴ്ച്ചപ്പാടും അനുസരിച്ച് പുതിയ വകുപ്പിന്റെ ഘടനയും ഓർഗനൈസേഷൻ ചാർട്ടും രൂപപ്പെടുത്തുകയും സംസ്ഥാന കാര്യാലയത്തിനെപുനഃസംഘടിപ്പിക്കുകയുംചെയ്യേണ്ടതാണ്.

7.3. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാ കാര്യാലയങ്ങളും പുതിയ ഘടനഅനുസരിച്ച് പുനസംഘടിപ്പിക്കേണ്ടതാണ്.

7.4. ഫംഗ്ഷണൽ മാന്വലിൽ നിർണ്ണയിച്ചിട്ടുള്ളതനുസരിച്ച് വകുപ്പിന്റെ വിവിധ തലത്തിലുള്ള പുനർക്രമീകരിച്ച ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിക്കേണ്ടതാണ്. വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറുടെയും വിവിധ വിഭാഗം മേധാവികളുടെയും ജില്ലാ കാര്യാലയത്തിന്റെയും അവിടത്തെ വിവിധ വിഭാഗങ്ങളുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമായും നിശ്ചയിക്കേണ്ടതും അതിൻപ്രകാരം സർക്കാർ ഉത്തരവ് ഇറക്കേണ്ടതുമാണ്.

7.5. രൂപരേഖയിൽ വിശദീകരിച്ചിട്ടുള്ള രീതിയിലുള്ള ഏകീകൃത വകുപ്പിന്റെ പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.അതിൽ അടിയന്തിരമായി വകുപ്പുകളുടെ ഏകോപനവുമായി ബന്ധപ്പെട്ട ഓറിയന്റേഷൻ ടെയിനിംഗ്? ആസൂത്രണംചെയ്തുനടപ്പിലാക്കേണ്ടതാണ്.

7.6. ഏകോപിത സർവീസിന്റെ സ്പെഷ്യൽ റൂളുകളിൽ നിർവചിച്ചിട്ടുള്ള പരാതി പരിഹാര സംവിധാനം നടപ്പിലാക്കേണ്ടതും,അതിന്റെ അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ച്പ്രാവർത്തികമാക്കേണ്ടതുമാണ്.

7.7. ഏകോപിത വകുപ്പിന്റെ പുതിയ സംവിധാനത്തെപറ്റിയും അതിന്റെ നേട്ടത്തെ സംബന്ധിച്ചും വിശദമായ പ്രചരണപരിപാടികൾ നടത്തേണ്ടതാണ്. ഈ പുതിയ സംവിധാനത്തെ സംബന്ധിച്ചുള്ള FAQ മാതൃകയിലുള്ള സംശയങ്ങളും വസ്തുതകളും പ്രസിദ്ധീകരിക്കേണ്ടതാണ്.

അദ്ധ്യായം VIII

8.0 സംഗ്രഹം

ഇന്ത്യൻ ഭരണഘടനയുടെ 73, 74- ഭേദഗതികളിലൂടെ ഉയർന്നുവന്ന അധികാരവികേന്ദ്രീകരണം എന്ന ആശയം ജനകീയ ഭരണസംവിധാനത്തിന്റെ അടിത്തറയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും സുസ്ഥാപിതമാക്കുന്നതിനും കേരളം എന്നും മുന്നിലായിരുന്നു.ഈ ജനകീയ സ്ഥാപനങ്ങളിൽ സേവന പ്രവർത്തനങ്ങൾക്കും ഭരണകാര്യങ്ങൾക്കും തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള വിവിധ വകുപ്പുകളിലെ സർവീസുകൾ വഴി ശക്തമായ പിന്തുണ നൽകിയിരുന്നു.കൂടുതൽ കാര്യക്ഷമവും ക്രിയാത്മകവുമായ പ്രവർത്തനങ്ങൾക്കും നിലവിലെ നിരവധിപോരായ്മകൾ മറികടക്കുന്നതിനും ഈ വിവിധ വകുപ്പുകൾ യോജിപ്പിച്ച് ഏകീകൃത വകുപ്പായും ഒരു പൊതു സർവീസായും രൂപപ്പെടുത്തുന്നതിന് വേണ്ടി കഴിഞ്ഞ കുറെയേറെ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. തദ്ദേശസ്വയംഭരണ വകുപ്പിലെ ഈ ഏകീകൃത പൊതു സർവീസിന്റെ രൂപീകരണം ജനകീയഭരണ സംവിധാനങ്ങളുടെ ചരിത്രത്തിലെ ഒരു സുപ്രധാന ഏടായിരിക്കും.

ഏകീകരണ പ്രവർത്തനത്തിന്റെ അവസാന ഘട്ടത്തിൽ പൂർണ്ണത കൈവരിക്കുന്നതിന് വകുപ്പിന്റെ നിർവഹണ പ്രവർത്തനധർമ്മങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും വിശദീകരിക്കുന്ന ഒരു ഫംഗ്ഷണൽ മാന്വലിന്റെ ആവശ്യം വളരെ വലുതാണ്.ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിന്റെ സമഗ്രമായ രൂപരേഖ ഈ റിപ്പോർട്ടിന്റെ കഴിഞ്ഞ ഏഴ് അദ്ധ്യായങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വിഷയത്തിന്റെ പശ്ചാത്തല ചരിത്രത്തെക്കുറിച്ചും, മാന്വൽ തയാറാക്കുന്നതിന്റെ ആവശ്യത്തെ സംബന്ധിച്ചും രീതിശാസ്ത്രത്തെയും പ്രവർത്തനകലണ്ടറിനെക്കുറിച്ചും വളരെ വ്യക്തമായി ഈ അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

ഫംഗ്ഷണൽ മാന്വലിന്റെ ഉള്ളടക്കത്തിന്റെയും, സംസ്ഥാന ജില്ലാതല മേധാവികളുടെ ചുമതലകളുടെയും ഉത്തരവാദിത്വങ്ങളുടെയും കരട് രൂപവും, വകുപ്പിന്റെ ഘടന രൂപീകരിയ്ക്കുന്നതിന്റെ ആശയരൂപവും ചർച്ചകൾക്കും തുടർ നടപടികൾക്കു മായിട്ടുള്ള ഒരു മാർഗ്ഗരേഖയായി ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.കൂടാതെ ഏകീകരണ പ്രവർത്തനത്തിന് അടിയന്തിരമായി തുടർന്ന് എടുക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച്നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. ഏകീകരണത്തിന് അനുബന്ധമായി വേണ്ടി വരുന്ന സമഗ്ര പരിശീലന പരിപാടികളുടെ മാന്വൽ തയ്യാറാക്കുന്ന തിന് വേണ്ട വിവരങ്ങളാണ് ആറാം അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുള്ളത്.

ഈ വിഷയങ്ങളിലെല്ലാം സർക്കാർ കാര്യക്ഷമമായി ഇടപെട്ട് വകുപ്പിന്റെ ഏകീകരണ പ്രവർത്തനം നടപ്പിലാക്കുന്നതിന് നിർദ്ദേശവും ആവശ്യമായ ഉത്തരവുകളും കൊടുത്ത് ശക്തമായ ഒരു വകുപ്പായി ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനെ രൂപപ്പെടുത്തേണ്ടതാണ്. തുടർ പ്രവർത്തനങ്ങൾക്ക് വകുപ്പിന്റെ മേധാവിയായ പ്രിൻസിപ്പൾ ഡയറക്ടർ ഇതിൽ വിശദീകരിച്ചിരിക്കുന്ന രീതിശാസ്ത്രം അനുസരിച്ച് അടിയന്തിരമായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് മാന്വൽ തയാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .